# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.

പുസ്തകം 1



ലക്കം 12

1946 DECEMBER.

As/8

# വിഷയവിവരം.


1 ശ്രീരാമന്റെ പ്രണയേർഷ്യ—
റി. കെ. ശങ്കരൻനായർ, ബി. എ. ബി. എൽ.

2 ആത്മൈക്യം—
മേരീജോൺ, കൂത്താട്ടുകുളം.

3 ഫെർമാൻ സൂഡർമാൻ—
എസ്. പരമേശ്വരൻ, ബി. എസ്. സി. (ഓണേഴ്സ്)

4 സയൻസിന്റെ പോക്കു്—
കീഴില്ലം, എം. കെ ശങ്കരപ്പിള്ള.

5 മിഥ്യ—
എസ്. കെ. പെരിനാട്ട്.

6 പ്രത്യക്ഷദൈവം (ചെറുകഥ)—
കരുകര, എൽ. ലീലാബായി.

7 ചൈത്രോത്സവം—
സി. പ്രഭാകരൻ ബി. എ.

8 ഉള്ളൂരിന്റെ ഉല്ലേഖനങ്ങൾ—
വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണപ്പിള്ളർ.

9 ലവണം കുശനം—
കെ. എം. ചിങ്ങംകരിയിൽ.

10 ഒരുജാതി—
കുടമാളൂർ, കെ. സി. കേശവൻനായർ ബി. എ.

11 നാട്യകല—
കളവങ്കോട്ടു്, ഡീ. കെ. ബാലകൃഷ്ണൻ.

12 സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ-
കവിയൂർ, എം. ജി.

13 റൊമയിൻ റോളണ്ടു്—
ഡി. ശ്രീമാൻ നമ്പൂതിരി.

14 വിധിചക്രം—
കെ. എൻ. കരുണാകരൻപിള്ള

15 മൗനസംഗീതം—
തൃക്കൊടിത്താനം, ഗോപിനാഥൻനായർ.

16 ഗ്രന്ഥാവലോകനം

17 വഞ്ചീശദീപം—
വയലാർ, ജീ. രാമവർമ്മ.

18 വിനോദവീഥി.

19 സൂക്തിമാല്യം.



## ഇന്ത്യാഗവർമ്മെൻറ് ശുപാർശചെയ്യുന്നു.

ഭക്ഷണക്ഷാമംകൊണ്ടുള്ള അനാരോഗ്യം ജനസാമാന്യത്തെ ബാധിക്കാതെ ഇരിക്കുവാൻ ആരോഗ്യസംവർദ്ധനത്തിനു് ഉതകുന്ന ചില ഔഷധങ്ങൾ ഉപയോഗിക്കുവാൻ ഇന്ത്യാഗവർമ്മെണ്ടിന്റെ ആരോഗ്യവകുപ്പ് ശുപാർശചെയ്യുന്നു:—

ആരോഗ്യസംവർദ്ധകൌഷധങ്ങളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന, "കരിംകുരങ്ങുലേഹം" ഉപയോഗിച്ചു് നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിച്ചു് യൗവ്വനം നിലനിർത്തുക. ക്ഷയം, ചുമ, ഏമ്പക്കൽ, വാതരോഗങ്ങൾ ഇവയെ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കു് അത്യുത്തമം.

റാത്തൽ 1-ക്കു് 5-ക. പാക്കിങ്ങു് തപാൽ ചിലവു് പുറമെ

ഭാരതവൈദ്യശാല, (Regd)

H. O. ചാലക്കുടി. ബ്രാഞ്ചു് തൃശ്ശിവപേരൂർ.

### ശ്രീ ഹാലാസ്യമാഹാത്മ്യം

കേരളഭാഷാഗദ്യം.

ഹാലാസ്യനാഥന്റെ ശ്രവണപഠനാർഹങ്ങളായ ന്നർ ലീലകളും വേദവാക്യസദൃശങ്ങളായ അനവധി മൂലസ്തോത്രങ്ങളും അടങ്ങിയതു്. വില രൂ. ൨൬

### അഗസ്ത്യരാമായണം ഗദ്യം.

അനവധി അത്ഭുതകഥകൾ അടങ്ങിയതും രാമാവതാരസംബന്ധമായ സകല സംശയങ്ങളും തീർക്കുന്നതും ശ്രീരാമാഷ്ടോത്തരശതനാമാദിസ്തോത്രങ്ങളോടുകൂടിയതുമായ പുസ്തകം ൧-ക്കു വില രൂ. ൨൬

മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

| പുസ്തകം ൧. | ൧൧൮൮ വൃശ്ചികം. | ലക്കം ൨൮. |
|---|---|---|


## ശ്രീരാമന്റെ പ്രണയേർഷ്യ.

(ററി. കെ. ശങ്കരൻനായർ, ബി. ഏ; ബി. എൽ )

"രാവണാങ്കേ വസിച്ചോൾ നീ
ദൃഷ്ടൻ കണ്ണാലെ കണ്ടവൻ"
(വാല്മീകിരാമായണം—യുദ്ധകാണ്ഡം
൧൧൯-ാംസർഗ്ഗം.)

രാവണവധത്തിനുശേഷം ഭർത്തൃസമീപമണഞ്ഞ സീതാദേവിക്കുണ്ടായ സ്വാഗതം ഇപ്രകാരമായിരുന്നു. ഇതിനെ സീതയുടെ മേലുള്ള ഒരപരാധാരോപണമായിട്ടല്ലാ, ആ ശരീരത്തിൽ സംഭവിച്ച രാവണസ്പർശമേററു ശ്രീരാമന്റെ ഹൃദയത്തിലുണ്ടായ അതിവേദന നിമിത്തമുള്ള ആക്രോശമായിട്ടുവേണം ഗണിക്കേണ്ടതു്. ഇതു മാതിരി ചെറിയ ഒരു ക്ഷതത്തിൽനിന്നുപോലും വലിയ വേദനയുളവാകത്തക്കവിധം ആ ഹൃദയത്തെ സീതാപ്രേമം അത്ര മൃദുലമാക്കിയിരുന്നു. രാവണന്റെ അവിനയം നിമിത്തം തന്റെ ഹൃദയത്തിലുണ്ടായമാതിരി ഒരുവേദനയ്ക്കു് പ്രിയതമ വിധേയയാകരുതെന്നുദ്ദേശിച്ചു് സ്വന്തം ചാരിത്ര്യശുദ്ധിയിൽ അതിനിഷ്കർഷവച്ചിരുന്ന സീതാവത്സലനായിരുന്നു ശ്രീരാമൻ. ഉത്തരരാമചരിതത്തിലെ,

"കരംപിടിച്ചനാൾ മുതൽ ഗൃഹത്തിലും
വനത്തിലും
വരാംഗി! ശൈശവത്തിലും തഥൈവ
യൗവനത്തിലും
പരംനിനക്കുറങ്ങുവാൻ മൃദൂപധാന-
മോർക്കമെ-
ററാരംബുജാക്ഷിയെത്തൊടാത്ത
രാമബാഹുവല്ലയോ."

എന്ന രാമന്റെ വാക്കുകൾ ഇതിനുതെളിവാണു്. പാവനമായ—പരതരുണീസ്പർശമേല്ക്കാത്ത രാമന്റെ ശരീരസമ്പർക്കംകൊണ്ടു പരിപാവനമായ—സീതാശരീരത്തിൽ രാവണന്റെ മലിനമായ അംഗുലീമുദ്ര പതിഞ്ഞതിലുള്ള പരമസങ്കടമാണു് ശ്രീരാമന്റെ മേലുദ്ധരിച്ച വാക്കുകളിൽ സ്ഫുരിക്കുന്നതു്. ശ്രീരാമന്റെ നിഷ്കർഷാപൂർവമായ ഏകപത്നീവ്രതവും ഭാര്യയിലുണ്ടായിരുന്ന അളവററ പ്രേമവുമാണു് അദ്ദേഹത്തിന്റെ ഈർഷ്യാബാധയെ ഇത്ര കഠിനമാക്കിയതു്. നിഴലിന്റെ കാളിമ പ്രകാശത്തിന്റെ തീക്ഷ്ണതയെ ആശ്രയിച്ചിരിക്കുമെന്നാണല്ലോ പ്രമാണം.

ഈ ഈർഷ്യാകലഹത്തിൽ സകലരുടേയും അനുകമ്പ സീതയോടായിരിക്കുമെന്നു് സംശയമില്ല. എന്നാൽ സത്യത്തിലും ധർമ്മത്തിലും പ്രതിഷ്ഠിതമായ ഈ സഹവാസം ശ്രീരാമന്റെ നേർക്കു് നീതിവിരുദ്ധമായ ഒരു മനോഭാവം ജനിപ്പിച്ചുകൂടാത്തതാകുന്നു. ശത്രു അപഹരിച്ചു് അവന്റെ ഭവനത്തിൽ ചിരകാലം പാർപ്പി

ച്ചിരുന്ന ഒരു സുന്ദരിയുടെ ചാരിത്ര്യശുദ്ധിയിൽ ഭർത്താവിനു സംശയം ജനിക്കുന്നതു് സ്വാഭാവികം മാത്രമാണു്. സത്യസ്ഥിതി അറിയുന്നതിനു് മററുഭത്താക്കന്മാക്കുണ്ടാകാവുന്ന സാധാരണ സൌകര്യങ്ങളൊന്നുംതന്നെ ശ്രീരാമനു ലഭ്യമല്ലായിരുന്നു എന്നും ഓക്കേണ്ടതാണു്. പ്രണയത്തെപ്പോലെ ജീവിതസാരഭൂതമായ ഒരു കാര്യത്തിൽ വ്യക്തികൾ തമ്മിലുണ്ടാകാവുന്ന വ്യത്യാസം തുലോം തുച്ഛമാണു്. അതുകൊണ്ടു ശ്രീരാമന്റെ സംശയം അദ്ദേഹത്തിന്റെ സ്ഥാനമഹിമയ്ക്കു് അനുയോജ്യമല്ലായിരുന്നു എന്നുണ്ടാകാവുന്ന ആക്ഷേപം ദുർബ്ബലമാണു്. വേറൊരു കാര്യം പറവാനുള്ളതു് ശ്രീരാമനു ബാല്യകാലത്തിലുണ്ടായ അനുഭവങ്ങളിൽ മിക്കതും സ്ത്രീകളിൽ അചഞ്ചലമായ വിശ്വാസം ജനിപ്പിക്കത്തക്കവ അല്ലായിരുന്നു എന്നുള്ളതാണു്. വിശ്വാമിത്രന്റെ യാഗരക്ഷയിൽ ആരംഭിച്ച ആ ബാല്യകാലസഞ്ചാരം സീതാപരിണയത്തിൽ അവസാനിക്കുന്നതിനു മുൻപുണ്ടായ അനുഭവമായിരുന്നു. ദൂഷിതചാരിത്ര്യയായ അഹല്യയുടെ ദർശനം, കുലം, വൃത്തി, പരിസരങ്ങൾ മുതലായവയുടെ പരമമായ പവിത്രതപോലും സ്ത്രീകളുടെ ജാരവശ്യതയെ നിയന്ത്രിക്കുകയില്ലെന്നു സൂചിപ്പിക്കുന്ന അവളുടെ ചാരിത്ര്യഭ്രംശചരിത്രം ദാമ്പത്യത്തിൽ പ്രവേശിക്കാൻ പോകുന്ന ഒരു ബാലനു് എങ്ങനെ ശ്രദ്ധേയമായിത്തീരും. അഹല്യാചരിതത്തിൽനിന്നും ശ്രീരാമനു സിദ്ധിച്ചിരിക്കാനിടയുള്ള സ്ത്രീഹൃദയജ്ഞാനത്തെ പരിപോഷിപ്പിക്കാൻ കൈകേയിയുടെ ഉപജാപങ്ങൾ ഉപകരിച്ചിരിക്കുകയും ചെയ്യും. സീതാപഹരണംതന്നെ അവയുടെ പരോക്ഷഫലമായിരുന്നല്ലോ.

ഇവയായിരുന്നു ശ്രീരാമന്റെ ഈർഷ്യാപ്രകടനത്തിനുണ്ടായിരുന്ന രംഗവിധാനങ്ങൾ. അദ്ദേഹത്തിന്റെ ഹൃദയഗർഭത്തിൽ നടന്നുകൊണ്ടിരുന്ന ഈർഷ്യാസംരംഭങ്ങൾ ബാഹ്യദൃഷ്ടിക്കു വിഷയമല്ലാതിരുന്നതിനാൽ സർവ്വജനങ്ങളും വിശ്വസിച്ചിരുന്നതു് യുദ്ധാനന്തരം ദമ്പതികൾ ആവേശത്തോടെ പരസ്പരം ആശ്ലേഷിക്കുകയും ആനന്ദാശ്രുക്കൾ പൊഴിക്കുകയും ചെയ്യുമെന്നായിരുന്നിരിക്കണം. ഈ വിശ്വാസത്തെയെല്ലാം തകർത്തുംകൊണ്ടു് നിർമ്മലമായ ആകാശത്തിൽനിന്നും നിപതിക്കുന്ന ഇടിവാളുപോലെ പ്രത്യക്ഷമായ ശ്രീരാമന്റെ ഈർഷ്യാവിജൃംഭണം ലക്ഷ്മണൻ, സുഗ്രീവൻ മുതലായ പ്രമാണികൾക്കും ഒരു നടുക്കമുളവാക്കിയിരിക്കാം. ആ പുറപ്പാടിന്റെ അപ്രതീക്ഷിതത്വം സൂചിപ്പിക്കുന്നതു് ക്ഷണികമായ ഒരു ഈർഷ്യാസ്ഫുരണത്തെയാണെങ്കിൽ, അതിന്റെ ഉഗ്രതയും ഫലങ്ങളുടെ ഗൌരവവും ആ സൂചനയെ നിഷേധിക്കുകയും ചെയ്യുന്നു.

സീതയുടെ തിരോധാനമൊഴിച്ചു് മററു കാര്യങ്ങൾ അവ്യക്തമായിരുന്ന ആദ്യദശയിൽ ശ്രീരാമനു് ഈർഷ്യാബാധാസംഭാവ്യമായിരുന്നില്ല. ദക്ഷിണദിക്കിലേക്കു പോയിരുന്ന വാനരസംഘം തിരിച്ചെത്തി സീതയെ രാവണൻ അപഹരിച്ചു ലങ്കയിൽ പാർപ്പിച്ചിരിക്കുകയാണെന്നു നിശ്ചിതമായി അറിയുന്നതിനു മുൻപു് ശ്രീരാമൻ ഈർഷ്യാബാധയ്ക്കു് അനർഹനായിരുന്നു. വിജയശ്രീലാളിതനായ ഹനുമാന്റെ പ്രത്യാഗമനമുഹൂർത്തം ആയിരുന്നിരിക്കണം ശ്രീരാമന്റെ ഈർഷ്യാവേശത്തിന്റെയും മുഹൂർത്തം. ഹനുമാൻ വന്നതറിഞ്ഞപ്പോൾ ഉണ്ടായ

"എങ്ങുവാഴ്‌വൂ ദേവിസീത-
യെങ്കലെമ്മട്ടിരിപ്പതും"
(സുന്ദരകാണ്ഡം ൩൭-ാം സർഗ്ഗം)

എന്ന ശ്രീരാമന്റെ ചോദ്യങ്ങളിൽ രണ്ടാമത്തേതു സൂചിപ്പിക്കുന്നതു് അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഈർഷ്യയ്ക്കു പ്രവേശിക്കാനുള്ള പഴുതു് അടഞ്ഞിരുന്നില്ലെന്നാണു്. ശക്തനും പ്രതാപശാലിയുമായിരുന്നു രാവണനെന്നും സീത പാർക്കുന്ന അവന്റെ അന്തഃപുരം സുഖസമൃദ്ധമായിരുന്നു എന്നും ഉള്ള അറിവു് ശ്രീരാമനു് സുലഭമായിരുന്നിരിക്കണം. രാവണൻ കാഴ്ചയിൽ—

"വില്ലെടുക്കാതെ കാമനായ
കന്ദർപ്പൻ പോലിരിപ്പവൻ"
(സുന്ദരകാണ്ഡം ൧൦-ാം സർഗ്ഗം.)

ഇതൊന്നുകൂടി ശ്രീരാമൻ അറിഞ്ഞിട്ടുണ്ടായിരുന്നു എങ്കിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഈർഷ്യയുടെ സുഖവാസത്തിനുള്ള സജ്ജീകരണങ്ങൾ സമ്പൂർണ്ണങ്ങളായിരുന്നു എന്നൂഹിക്കാം. ഈർഷ്യയുടെ ഗൃഹപ്രവേശത്തിനു്

അതിക്രൂരമായിരുന്ന ഈ മുഹൂർത്തത്തിലാണു് അതു് ശ്രീരാമന്റെ ഹൃദയത്തിൽ വാസമുറപ്പിച്ചതു് എന്നു വിചാരിക്കുന്നതു് അസംഗതമല്ല. അപ്രകാരം കടന്നുകൂടിയ ഈർഷ്യ അവിടെ കിടന്നു വളർന്നു് ഒരു ഘോരസർപ്പത്തിന്റെ ആകൃതി കൈക്കൊണ്ടു് എന്നു വിചാരിക്കാം. എന്നാൽ ആ ഇഴജന്തു കിടന്നിരുന്ന വിലത്തിന്റെ മുഖം രാവണവധപ്രയത്നരൂപമായ ഒരു പാറകൊണ്ടു അടച്ചിരുന്നതിനാൽ യുദ്ധാവസാനംവരെയും അതിനു പത്തിയുയർത്താൻ കഴിഞ്ഞില്ല. രാവണനിഗ്രഹത്തോടെ പാറ തനിയെ തകർന്നു വിലത്തിന്റെ മുഖം ശൂന്യമായപ്പോൾ ഈർഷ്യ ഫൂല്ക്കാരം തുടങ്ങുകയും സീതയെക്കണ്ടമാത്രയിൽ പുറത്തു ചാടി ദേവിയുടെ മർമ്മങ്ങൾതോറും കടിച്ചുതുടങ്ങുകയും ചെയ്തു.

"ഞാൻ മിത്രജനവീര്യത്താ-
ലിസ്സാധിച്ച രണശ്രമം
നിനക്കായ് ചെയ്തതല്ലെന്നും
ഭദ്രേ! ബോധിച്ചുകൊൾക നീ"
(യുദ്ധകാണ്ഡം—൧൧൮-ാംസർഗ്ഗം.)

എന്നായിരുന്നു ആദ്യത്തേക്കടി. എന്നാൽ വിഷം കൂടുതൽ കലർന്നിരുന്നതു്.

"ചാക്കാൻ യഥേഷ്ടം ഭരതൻ-
തങ്കലോ ലക്ഷ്മണങ്കലോ"
(സുന്ദരകാണ്ഡം—൧൧൮-ാംസർഗ്ഗം)

എന്നും മററും സീതയ്ക്കു ഭാവിഭർത്താക്കന്മാരെ നിർദ്ദേശിച്ചതിൽ ആയിരുന്നു. ജ്യേഷ്ഠപത്നിയെന്നും നായകപത്നിയെന്നുമുള്ള നിലകളിൽ ഭരതലക്ഷ്മണന്മാരുടെയും സുഗ്രീവവിഭീഷണന്മാരുടെയും ബഹുമാനത്തിനർഹയായി മാന്യസ്ഥാനത്തെ അലങ്കരിച്ച ദേവിയെ അവിടെനിന്നു പിടിച്ചിറക്കി അവരുടെ വെപ്പാട്ടികളുടെ പന്തിയിൽ ഇരുത്താൻ ഭാവിച്ചതു് അത്യന്തം അവമാനകരമായിരുന്നു. അതുകൂടാതെ ഭരതലക്ഷ്മണന്മാരുടെ നാമനിർദ്ദേശം പഴകിയ ഒരു വ്രണത്തിൽ ഏററ പുതിയ ഒരു ക്ഷതവുംകൂടിയായിരുന്നു. പണ്ടു് പഞ്ചവടിയിൽവച്ചു് മാരീചൻ പുറപ്പെടുവിച്ച രാമന്റെ ആർത്തനാദംകേട്ടു് ലക്ഷ്മണൻ, ജ്യേഷ്ഠന്റെ രക്ഷയ്ക്കു് ഓടിച്ചെല്ലാഞ്ഞതു് നിസ്സഹായനായ രാമൻ മൃതിയടയുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യയെ അപഹരിച്ചു ലക്ഷ്മണന്റെയോ ഭരതന്റെയോ ഭാര്യയാക്കാമെന്ന ദുഷ്ടവിചാരത്താലാണെന്നു സീത പറഞ്ഞുപോയിട്ടുണ്ടു്. തന്നെച്ചുററിപ്പടർന്നു പന്തലിച്ചിരിക്കുന്ന ആപത്തുകളുടെയെല്ലാം ബീജരൂപമായി സീത പലപ്പോഴുമോർത്തു് സങ്കടപ്പെട്ടിട്ടുള്ള ആ അപവാദവാക്കുകളെ ദേവി ഇപ്പോൾ സ്മരിക്കാതെയിരിക്കയില്ല. ക്രുദ്ധനായ ശ്രീരാമന്റെ മുഖത്തിൽ നിന്നു പുറപ്പെട്ടതു് ആ അപവാദത്തിന്റെ പ്രത്യാഘാതമല്ലെന്നു ആർക്കറിയാം.

അതെങ്ങിനെയായിരുന്നാലും പഞ്ചവടിയിൽ വച്ചു സീത,

"നിൻമുൻപിൽവച്ചു സൗമിത്രേ!
പോക്കുംഞാൻ ജീവനേദ്ധ്രുവം" എന്നും
"ചെന്തീയിൽ ചെന്നു ചാടുവൻ"
(ആരണ്യകാണ്ഡം 45-ാം സർഗ്ഗം)

എന്നും ലക്ഷ്മണനോടു പറഞ്ഞതു് അക്ഷരംപ്രതി ശരിയായി വരുന്ന ഒരാറംപോലെ സീതയ്ക്കു പററിയിരിക്കുന്നു. ഇന്നു ലങ്കയിൽവച്ചു,

"സൗമിത്രേ! തീർക്കു ചിതയൊ-
ന്നെനിക്കീ മാലിനൗഷധം
ജീവിച്ചിരിക്കവാ നാള-
ല്ലില്ലാപ്പൊല്ലാപ്പു പെട്ടഞാൻ"
(യുദ്ധകാണ്ഡം 119-ാം സർഗ്ഗം)

എന്നു സീത ലക്ഷ്മണനോടു പറഞ്ഞതു് പഞ്ചവടിയിലെ ആ സംഭാഷണത്തിന്റെ തുടർച്ചപോലിരിക്കുന്നു.

സ്ത്രീകൾക്കു ചാരിത്ര്യഹാനി സംഭവിക്കുന്നതു് സ്വമനസ്സാലെയോ പുരുഷന്റെ ബലപ്രയോഗംകൊണ്ടുമാത്രമോ ആയിരിക്കാം. സ്വമനസ്സാലെ സീതയ്ക്കു ചാരിത്ര്യദൂഷണം സംഭവിച്ചിരിക്കാനിടയില്ലെന്നു തെളിയിക്കാൻ ബലമായ ഒരു സാക്ഷിയായിരുന്നു ഹനൂമാൻ. രാവണന്റെ പ്രണയാഭ്യർത്ഥനയുടെയും സീതയുടെ

മറുപടിയുടേയും സമയത്തു് ശിംശപാവൃക്ഷത്തിൽ ഒളിച്ചിരുന്ന രാമദൂതനു് സീതയുടെ യഥാർത്ഥമനോഭാവം അറിയുന്നതിനു ലഭിച്ച സൗകര്യം നിസ്തുലമായിരുന്നു. സീതയുടെ മനോഭാവത്തെപ്പററി പരമബോദ്ധ്യം വരുന്നതിനു്,

"നീയിന്നെന്നോടു പറയു-
മോരോ പരുഷവാക്കിനും
കൊട്ടത്താംനിലയിൽ കൊൽക-
വേണം നിന്നെ വിദേഹജേ!"
(സുന്ദരകാണ്ഡം 22-ാംസർഗ്ഗം.)

എന്ന രാവണവാക്യം മാത്രം മതിയാകുമായിരുന്നു.

അതുപോലെതന്നെ രാവണന്റെ ബുദ്ധി, ബലപ്രയോഗത്തിലേക്കു് അപ്രവണമായിരുന്നു എന്നും ഹനുമാനു പറവാൻ കഴിയുമായിരുന്നു. രാവണന്റെ പ്രണയപ്രാർത്ഥനയുടെ പീഠികയിൽതന്നെ,

"ഉദ്ധം സ്വധർമ്മമേ ഭീരു!
രാക്ഷസന്മാർക്കു സർവ്വഥാ
പരസ്ത്രീയേപ്പുണരലും
ബലാലപഹരിക്കലും
എന്നാലും കാമമില്ലാത്ത
നിന്നെ മൈഥിലി! ഞാൻതൊടാ-
കാമർത്തിമത്തുകൊള്ളട്ടേ
കാമംപോലെന്റെ മേനിയിൽ"
(സുന്ദരകാണ്ഡം 20-ാം സർഗ്ഗം.)

എന്നു പ്രസ്താവനചെയ്തിട്ടുണ്ടു്. ഇതു സീതയെ സമാധാനപ്പെടുത്താൻമാത്രം പ്രയോഗിച്ച ഒരുപായമായിരുന്നു എന്നും രാവണന്റെ അകൈതവമായ മനോഭാവത്തിന്റെ പ്രകടനമായിരുന്നു എന്നും ഗ്രഹിക്കുന്നതിനു് സീതയോടു തോന്നിയിരുന്ന വികാരത്തിന്റെ സ്വഭാവമെന്തെന്നു മനസ്സിലാക്കേണ്ടതാവശ്യമാണു്. രാവണനു തോന്നിയതു യഥാർത്ഥപ്രേമമായിരുന്നു എന്നു്,

"മർത്ത്യകർമ്മമാം കാമ-
മേതാളിൽ പററിനില്പിതോ
അയാൾതൻ പേരിലുണ്ടാകു-
മല്ലോ സ്നേഹാനുകമ്പകൾ
ഇതിനാലാണു ഞാൻനിന്നെ
കൊല്ലാത്തതു വരാനനേ!"
(സുന്ദരകാണ്ഡം 22-ാം സർഗ്ഗം.)

എന്ന ഭാഗത്തിൽ നിന്നും വ്യക്തമാകേണ്ടതാണു്.

എന്നാൽ രാവണന്റെ പ്രേമത്തേയും ബലപ്രയോഗത്തിൽ നിന്നും അതിവിദൂരമായ അതിന്റെ സ്ഥിതിയേയുംപററി സൂക്ഷ്മമായ ജ്ഞാനമുണ്ടായിരുന്നതു് വിഭീഷണനായിരുന്നു. ഈ അറിവിന്റെ ഉൽപത്തി സീതയുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ചു രാവണൻ ചെയ്ത,

"സ്വർണ്ണവും മുത്തുമണിയും
വസനാഭരണങ്ങളും
വേണ്ടപോലിവർക്കേകി-
ടേണമെന്നിച്ഛപോലവേ,
അനിഷ്ടമായിട്ടൊരുവാ-
ക്കറിഞ്ഞോ അറിയാതെയോ
എവർ വൈദേഹിയോടോതു-
മവർക്കില്ലുയിരിൽകൊതി."
(ആരണ്യകാണ്ഡം 54-ാം സർഗ്ഗം.)

എന്നിപ്രകാരമുള്ള ഏർപ്പാടുകളിലും രാവണൻ സീതയോടു പറഞ്ഞ,

"പോരുമേ ധർമ്മലോപത്തെ-
പ്പററിയുള്ളിണ്ടൽ മൈഥിലി!
ആഷാതാൻ ദേവിയേപ്പററി-
യുണ്ടാമീ സ്നേഹബന്ധവും.
ഈമിന്നിടും കാലിണയിൽ
മുട്ടിച്ചേർത്തു ഞാൻ ശിരസ്സുകൾ
ഒക്കം കനിയുകെൻപേരിൽ
കീഴാൾദാസൻ നിനക്കു ഞാൻ.
ഇത്രയും താണമൊഴിക-
ളുൾച്ചുടാൽ ചൊന്നതാണു ഞാൻ
തലതാഴ്ത്തി വണങ്ങീട്ടി-
ല്ലൊരു പെണ്ണിനെ രാവണൻ"
(ആരണ്യകാണ്ഡം 55 ാം സർഗ്ഗം)

എന്നതുപോലെയുള്ള വാക്കുകളിലുംനിന്നാണെന്നു നിസ്സംശയമാണു്. മായാസീതാവധം കണ്ടുഭ്രമിച്ച ഹനുമാൻ പരിഭ്രമിപ്പിച്ച രാമലക്ഷ്മണന്മാരേയും സുഗ്രീവാദികളേയും ആശ്വസിപ്പിക്കാനായി,

"സീതയേപ്പററിയാ ദുഷ്ട-
രാവണനുള്ള ചിന്തിതം
അറിയാം മേ മഹാബാഹോ!
കൊല്ലുകെന്നതു ചെയ്തിടാം."
(യുദ്ധകാണ്ഡം 84-ാം സർഗ്ഗം.)

എന്നു സധൈര്യം പറയാൻ വിഭീഷണനു സാധിച്ചതു് രാവണന്റെ ഹൃദയസ്ഥിതിയെ സംബന്ധിച്ച സൂക്ഷ്മജ്ഞാനംകൊണ്ടായിരുന്നു. സന്ദർഭാനുസാരം രാവണന്റെ പ്രേമത്തെ സൂചിപ്പിച്ചു് ഇത്രയും പറഞ്ഞ വിഭീഷണനു്, അതേപ്പററി കൂടുതൽ പറയേണ്ട ആവശ്യമോ സന്ദർഭമോ ഉണ്ടായിരുന്നില്ല.

രാമദൂതനായ ഹനുമാനാകട്ടെ അദ്ദേഹത്തിന്റെ അറിവിൽപെട്ട സകല കാര്യങ്ങളും യാതൊരു മറവും കൂടാതെ ശ്രീരാമനെ ധരിപ്പിക്കുന്നതിനു സ്വാതന്ത്ര്യവും സന്ദർഭവുമുണ്ടായിരുന്നു. എന്നാൽ രാവണന്റെ അന്തഃപുരവാസം നിമിത്തം സീതയേപ്പററി ചില സംശയങ്ങൾ തോന്നാമെന്നും അവയുടെ നിവാരണത്തിനു് രാവണന്റെ പ്രണയാഭ്യർത്ഥനയുടേയും മററും പൂർണ്ണവിവരങ്ങൾ രാമനെ ധരിപ്പിക്കേണ്ടതു് ആവശ്യമാണെന്നും മനസ്സിലാക്കാനുള്ള വിലാസകലാവാസന നിത്യബ്രഹ്മചാരിയായ ഹനുമാനു് ഉണ്ടായിരുന്നില്ല. സീതയെ ചുമലിൽ വഹിച്ചുകൊണ്ടു പോന്നുകളയാമെന്നു വിചാരിക്കത്തക്ക ശുദ്ധഗതിയാണു് അദ്ദേഹത്തിനിക്കാര്യത്തിൽ ഉണ്ടായിരുന്നതു്. അതുകൊണ്ടു സീതയുടെ ഭർത്തൃഭക്തിയേയും രാവണവിദ്വേഷത്തേയും സംബന്ധിച്ച ചില സാമാന്യവിവരങ്ങൾ മാത്രമേ ഹനുമാൻ ശ്രീരാമനോടു ചെയ്ത നിവേദനത്തിൽ കാണപ്പെടുന്നുള്ളു.

തന്റെ സംശയങ്ങൾ ശ്രീരാമൻ അന്യരെ അറിയിച്ചിരുന്നില്ല. ഈ മാതിരി സംശയങ്ങളെ സാധാരണന്മാർപോലും ഗോപ്യമായി വയ്ക്കാറുള്ള സ്ഥിതിക്കു് ഗംഭീരാശയനായ ശ്രീരാമൻ ഹനുമാനോടോ വിഭീഷണനോടോ ഇതേപ്പററി ആലോചിക്കാതിരുന്നതു് ആക്ഷേപയോഗ്യമല്ല. ഇങ്ങനെ സീതയുടെ പരിശുദ്ധിയെ നിർവിവാദം സ്ഥാപിക്കാൻവേണ്ട തെളിവുകൾ ലഭ്യമാകാതെ ഈർഷ്യാപ്രേരിതനായ ശ്രീരാമൻ,

"ചാരിത്ര്യസംശയം പ്രാപി-
ച്ചെന്മുന്നിലമരുന്ന നീ
നേത്രരോഗിക്കു ദീപംപോ-
ലെനിക്കഹിതയററവും
അതിനാൽ വിടതന്നേൻ പൊയ്-
ക്കൊൾകിഷ്ടംപോലെ ജാനകി!"
(യുദ്ധകാണ്ഡം 115-ാം സർഗ്ഗം.)

എന്നിപ്രകാരം സീതയെ ഉപേക്ഷിച്ചു.

അസത്യങ്ങളായ ആരോപണങ്ങളും അന്യായമായ വിധിയും കേട്ടു് പ്രവൃദ്ധവീര്യയായ സീത സമുചിതമായ മറുപടിക്കുശേഷം അനീതിയോടുള്ള പ്രതിഷേധത്തിന്റെ അവതാരമെന്നോണം അഗ്നിയിൽചാടി തീക്ഷ്ണമായ ആ ധർമ്മവിദ്വേഷത്തിന്റെ ഊഷ്മാവേററ പാവകന്റെ ദാഹശക്തി നഷ്ടമായിത്തീർന്നു. സീതയുടെ ഈ ആത്മാഹവനം ബ്രഹ്മാദികളെ അവരുടെ ആസനങ്ങളിൽനിന്നും ഇളക്കി. പ്രത്യക്ഷരായ അവരുടെ ആജ്ഞപ്രകാരം ശ്രീരാമൻ സീതയെ തിരിയെ സ്വീകരിച്ചു. സീതയുടെ പ്രാണത്യാഗസംരംഭം ശ്രീരാമന്റെ ഹൃദയത്തിൽ ഉളവാക്കിയ ക്ഷോഭം ബ്രഹ്മാദികളുടെ സാന്നിധ്യംനിമിത്തം ശാന്തമാവുകയും അദ്ദേഹത്തിന്റെ ആത്മാവുണരുകയും ചെയ്തു. അപ്രകാരമാണു് താൻ ഈശ്വരാവതാരമാണെന്ന ബോധം ശ്രീരാമനുണ്ടായതു്. അദ്ദേഹം ബ്രഹ്മാവിനോടു ചോദിച്ചതു് ഇങ്ങനെയാണു്.

"ഞാനെന്നെ മർത്ത്യനെന്നോർപ്പൂ,
രാമൻ ദശരഥാത്മജൻ
ഞാനാരാരാരുടെ എന്തി-
ന്നെന്നുരയ്ക്കൂ ഭവാൻ മമ"
(യുദ്ധകാണ്ഡം 120-ാം സർഗ്ഗം.)

മനുഷ്യരാശി എല്ലാക്കാലത്തും ചോദിച്ചിട്ടുള്ളതും തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ലാത്തതുമാണു് ഈ ചോദ്യം.

# ആത്മൈക്യം.

(മേരിജോൺ, കൂത്താട്ടുകുളം.)

സംഖ്യയില്ലാതവണ്ണം കാണും ചരാചരങ്ങൾ
ഓങ്കാരസ്വരൂപിയാൽ വിരചിതങ്ങൾ,
നിത്യനായരൂപിയായ് നിർഗ്ഗുണനായ് വസിക്കും
സത്യരൂപനിലൈക്യം തിരഞ്ഞുകൊൾക.

നിർമ്മലൻ നിരാമയൻ നിസ്തുലൻ ജഗന്മയൻ
തൻമനോഹരനൃത്തം നടത്തിടുമ്പോൾ
ആയതിൽനിന്നുമുദിച്ചാഴി വീചികൾപോലെ
ആയിരം സ്വരൂപങ്ങളുയർന്നിടുന്നു

ചിത്സുഖാമൃതസ്പർശമേല്ക്കവെ ശരീരവും
ചിത്തവുമാമോദത്താൽ മതിമറക്കും.
ആനന്ദസരസ്സിലുമാമയക്കടലിലും
ആദ്യന്തവിഹീനൻ താൻമുഴുകിടുന്നു.

സർവ്വസാക്ഷിയാമീശൻ തൻമഹാസാമ്രാജ്യത്തിൽ
സർവ്വവുമടക്കിവാണരുളിടുന്നു.

---


## ലജ്ജിക്കേണ്ട!

അസ്ഥിസ്രാവം, സോമരോഗം അഥവാ വെള്ളപോക്ക് ആരംഭിച്ചതു മുതൽ ലജ്ജമൂലം രഹസ്യമായി വച്ചതുകൊണ്ട് മൂത്രച്ചൂട്, വയറുകത്തൽ, കൈകാൽ തളച്ച്, വിളർപ്പ്, കിതപ്പ് തുടങ്ങിയ ഉപദ്രവങ്ങൾ വർദ്ധിച്ച് നിത്യരോഗികളായിത്തീരുന്നതിനുമുമ്പ് ഞങ്ങൾ പ്രത്യേകമായി തയ്യാർചെയ്തിട്ടുള്ള "ചന്ദനരസായനം" ഉടൻ ഉപയോഗിച്ച് പ്രസ്തുത രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച് ആരോഗ്യം, യൌവ്വനം, സൌന്ദര്യം ഇവ ഒന്നുപോലെ വർദ്ധിപ്പിക്കുക. മൂത്രാശയരോഗങ്ങളിലും, ഉഷ്ണരോഗങ്ങളിലും അത്ഭുതഫലത്തെ ചെയ്യും. റാത്തൽ 1-ക്ക് 5-ക.

പാക്കിങ്ങ് തപാൽ ചെലവ് പുറമേ.

ഭാരതവൈദ്യശാല, (Regd)
H. O. ചാലക്കുടി. ബ്രാഞ്ച്:—തൃശ്ശിവപേരൂർ.

N. B. വി. പി. യായി ആവശ്യപ്പെടുമ്പോൾ ഹെഡ്ഡാപ്പീസിലേക്കെഴുതേണ്ടതാണ്.

# "ഹെർമാൻ സൂഡർമാൻ"

By
(എസ്. പരമേശ്വരൻ. ബി. എസ്. സി. (ഓണേഴ്സ്) തിരുവനന്തപുരം)

ഭൂലോകത്തിൽ പ്രശസ്തി സമ്പാദിച്ചിട്ടുള്ള സാഹിത്യകാരന്മാരിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണു് ജർമ്മൻആഖ്യായികാകാരനും നാടകകൃത്തുമായ ഹെർമാൻ സൂഡർമാനു് ഉള്ളതു്. ജർമ്മൻനോവൽ പ്രസ്ഥാനത്തിൽ ആ വീരപുരുഷനു് ദ്വിതീയസ്ഥാനം സിദ്ധിച്ചിട്ടുണ്ടെങ്കിലും, ആ മഹാന്റെ നാടകനിർമ്മാണവൈദഗ്ദ്ധ്യം ആരേയും അത്ഭുതപരതന്ത്രരാക്കുന്നു എന്നതിനു് രണ്ടുപക്ഷമില്ല. നാടകകർത്താവെന്ന നിലയിലാണു് യൂറോപ്പിൽ—അല്ല, ലോകമാസകലം—ആ ഉന്നതാശയൻ സുവിദിതനായിത്തീർന്നിട്ടുള്ളതു്. ആ പണ്ഡിതശ്രേഷ്ഠന്റെ നോവലുകളിൽ മിക്കവയും, നാടകങ്ങളിൽ ചിലവയും പലഭാഷകളിൽ വിവർത്തനം ചെയ്തിട്ടുണ്ടു്. ആ വിശിഷ്ടഗ്രന്ഥങ്ങൾ സർവ്വസാധാരണമായ ലോകവ്യവഹാരങ്ങളെ പ്രസ്താവിക്കുന്നവയാണു്. കൂടാതെ പ്രതിപാദിക്കപ്പെട്ട സംഗതികൾ സംക്ഷിപ്തമായും എന്നാൽ വ്യക്തമായും യുക്തിപൂർവ്വം വിവരിച്ചുകാണുന്നു. ഇങ്ങനെ ആ ഉചിതജ്ഞൻ ഗ്രന്ഥനിർമ്മാണത്തിൽ പ്രദർശിപ്പിച്ച മനോധർമ്മവൈശിഷ്ട്യമാണു് അദ്ദേഹത്തിനു് സാഹിത്യക്ഷേത്രത്തിൽ പ്രവേശനം നൽകിയതും, അദ്ദേഹത്തെ ലോകത്തിൽ ആരാധ്യപുരുഷനാക്കിയതും. ആ ഉൽകൃഷ്ടപുരുഷന്റെ സംശയരഹിതവും നിസ്തർക്ക്യവുമായ അഭിപ്രായങ്ങൾ ഇടയ്ക്കിടയ്ക്കു് പലസ്ഥലങ്ങളിലും പ്രതിധ്വനിക്കുന്നുണ്ടു്. ലോകഗതിക്കനുസരണമായി സാമുദായികമാനസികാദിചിന്തകളിലേക്കു് ഈ ഉത്തമകൃതികൾ വായനക്കാരെ ഹഠാദാകർഷിക്കുകതന്നെ ചെയ്യുന്നു.

ലോകപ്രസിദ്ധനായ ഈ സാഹിത്യകാരൻ പ്രഷ്യാരാജ്യത്തിന്റെ കിഴക്കുഭാഗത്തുള്ള "മാററ്സികൻ" എന്ന ഒരുചെറിയഗ്രാമത്തിൽ 1857 സെപ്റ്റംബർമാസം 30-ാംതീയതി ജാതനായി. സൂഡർമാൻ എന്ന ആ ശിശുവിന്റെ കുടുംബത്തിനു് സാമ്പത്തികമായ പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. പല കഷ്ടതകൾ അനുഭവിച്ചുതന്നെയാണു് സൂഡർമാൻ വിദ്യാഭ്യാസം ചെയ്തതു്. കാളേജിലും അഭ്യസനം നടത്തി. ആദ്യം കോണിങ്സ്ബെർഗ്ഗിലും പിന്നീടു് ബർലിനിലുമായിരുന്നു അദ്ദേഹം വിദ്യാർത്ഥിയായി ജീവിതം നയിച്ചതു്. പഠിക്കുന്നകാലത്തുതന്നെ ചരിത്രത്തിലും സാഹിത്യത്തിലും അദ്ദേഹത്തിനു് പ്രത്യേകമായ ഒരു അഭിരുചി ഉണ്ടായിരുന്നു. വിദ്യാഭ്യാസാനന്തരം കുറച്ചുകാലം ആഖ്യായികാകാരന്മാരിൽ പ്രമുഖനായിരുന്ന "ഹാൻസ്ഹാപ്ഫന്റെ" ഭവനത്തിൽ സൂഡർമാൻ താമസിച്ചു് അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളുടെ ഗൃഹാദ്ധ്യാപകനായി കഴിച്ചുകൂട്ടി.

1881-ൽ ഇരുപത്തിനാലാമത്തെ വയസ്സിൽ സൂഡർമാൻ ഒരു ലേഖകനും ഒരു ചെറിയ വാരപ്പത്രികയുടെ പത്രാധിപരുമായി. ആ ഘട്ടത്തിലാണു് അദ്ദേഹം "ചെറുകഥകൾ" രചിക്കുവാൻ ആരംഭിച്ചതു്. കക്ഷിപ്പിണക്കവും അഭിപ്രായവ്യത്യാസവുംനിമിത്തം അധികം താമസിയാതെ പത്രാധിപസ്ഥാനം ഉപേക്ഷിക്കേണ്ടിവന്നു. അനന്തരം "സാഹിത്യസേവനംകൊണ്ടുതന്നെ ജീവിതോപായം കാണണം" എന്ന ദൃഢവ്രതം ആരംഭിക്കുകയും അതിനുവേണ്ടി അശ്രാന്തമായി പരിശ്രമിക്കുകയും ചെയ്തു. കുടുംബസംരക്ഷണത്തിനു് പര്യാപ്തമായ ധനം സമ്പാദിച്ചുതുടങ്ങിയതിനു ശേഷം, അദ്ദേഹത്തെപ്പോലെതന്നെ സാഹിത്യദേവതയെ ആരാധിച്ചുപോന്നിരുന്ന "ക്ലാറാലൌക്നർ" എന്ന തരുണിയെ 1891-ൽ അദ്ദേഹം വിവാഹം ചെയ്തു.

1887-നു ശേഷം ജീവിതകാലത്തിൽ ഏറിയഭാഗം അദ്ദേഹം ജർമ്മനിയുടെ തലസ്ഥാനനഗരമായ ബർലിനിൽ തന്നെയാണു് താമസിച്ചിരുന്നതു്. വേനൽക്കാലത്തുമാത്രം ട്രേ

ളിനു സമീപമുള്ള "ബ്ളാങ്കൻസി" എന്ന സുഖവാസസ്ഥലത്തു പോയി പാർത്തിരുന്നു. സൂഡർമാൻ "സ്വാതന്ത്ര്യപക്ഷപാതി" അല്ലെങ്കിൽ സ്വാതന്ത്ര്യത്തിന്റെ പരിത്രാണകൻ ആയിരുന്നു എന്നുപറയാം. അതനുസരിച്ചു് ആ ധീരപുരുഷൻ ചിത്രകാരന്റെ സ്വാതന്ത്ര്യഭഞ്ജനത്തിനു് എതിരായി എത്രമാത്രം ശക്തിയോടുകൂടിയാണു് പോരാടിയതു്? ആ വീരന്റെ ആ ധീരപ്രവർത്തിയുടെ ഫലമാണു് സുപ്രസിദ്ധമായ "ഗെഥേബണ്ടു്" എന്ന സമാജം.

സൂഡർമാന്റെ സാഹിത്യസേവനം ചെറുകഥകളായും ആഖ്യായികകളായും നാടകങ്ങളായും പ്രചരിക്കുന്നു. ചെറുകഥകൾ ഫ്രെഞ്ചുകഥകളെപ്പോലെ ഉത്സാഹജനകങ്ങളും രസസംവൽകങ്ങളുമാണു്. കഥാരചനയ്ക്കു് മാർഗ്ഗദർശകങ്ങളായിരുന്നതു് മാപ്പസെന്റു തുടങ്ങിയ ഫ്രെഞ്ചുസാഹിത്യകാരന്മാരുടെ കൃതികളായിരുന്നു. അദ്ദേഹത്തിന്റെ ഒന്നാമത്തെ നോവൽമുഖേനയാണു് അദ്ദേഹം അനിതരസാധാരണമായ സാമർത്ഥ്യവും ശക്തിയുമുള്ള ഒരു ഗ്രന്ഥകാരൻ തന്നെയെന്നു് പരക്കെ ബോദ്ധ്യംവന്നതു്. അതോടുകൂടി ജർമ്മൻ ആഖ്യായികാകർത്താക്കളുടെയിടയിൽ സൂഡർമാനു് പ്രഥമസ്ഥാനം സിദ്ധിക്കയുമുണ്ടായി. അദ്ദേഹത്തിന്റെ ഒന്നാമത്തെ നോവലിനു് ഒരു ദശാബ്ദത്തിനുള്ളിൽ തന്നെ അൻപതു പതിപ്പുകൾ വേണ്ടിവന്നു എന്നു പറയുമ്പോൾ അതിനു കിട്ടിയിട്ടുള്ള പ്രചുരപ്രചാരം ഏതാണ്ടു് ഊഹിക്കാവുന്നതാണല്ലോ.

1890-ൽ സൂഡർമാൻ ആദ്യത്തെ നാടകം പ്രസിദ്ധംചെയ്തതോടുകൂടി, അദ്ദേഹത്തിനു് അന്നു ജീവിച്ചിരുന്ന നാടകകൃത്തുക്കളുടെ മുന്നണിയിൽ ഒരു സ്ഥാനം ലഭിച്ചു. അതിനുശേഷം അദ്ദേഹം അനവധി നാടകങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.

അദ്ദേഹം ടാൾസ്റ്റോയി, ടർജിനീവു് തുടങ്ങിയ റഷ്യൻ സാഹിത്യകാരന്മാരുടേയും; സോളാ, ഡൂമാസ്, മാപ്പസെന്റു തുടങ്ങിയ ഫ്രെഞ്ചുസാഹിത്യകാരന്മാരുടേയും കൃതികൾ സമഗ്രമായി പഠിച്ചിട്ടുണ്ടെന്നുള്ളതു് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിന്നും കാണാവുന്നതാണു്. നീട്ഷ്സിന്റെ നവീകരണവാദങ്ങളും ചില ഭാഗങ്ങളിൽ പ്രകടമാകുന്നുണ്ടു്. അദ്ദേഹം ഏതെല്ലാം ഭാഗങ്ങളിൽ മററുള്ളവരെ അനുകരിച്ചിട്ടുണ്ടെന്നും, ഏതെല്ലാം അംശങ്ങളിൽ മനോധർമ്മം പ്രകടിപ്പിച്ചിട്ടുണ്ടെന്നും നിശ്ചയിക്കുവാൻ സാധിക്കുന്നതല്ല. "നിലവിലിരിക്കുന്ന സാമുദായികാചാരങ്ങളെ വെറുക്കുക" എന്ന സിദ്ധാന്തക്കാരായ ആധുനിക ജർമ്മൻഗ്രന്ഥകാരന്മാരിൽനിന്നും സൂഡർമാൻ ഒട്ടും ഭിന്നാഭിപ്രായക്കാരനല്ലായിരുന്നു. അവരെല്ലാവരും തന്നെ ഈ വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ ആവേശഭരിതരായിത്തീർന്നുപോകുന്നു. സൂഡർമാന്റെ നാടകങ്ങളെല്ലാം ഈ ഒരൊററവാദം നിറഞ്ഞവയാണു്.

"ആധുനികക്കൊടുങ്കാററും കോളിളക്കവും" (Modern Storm and Stress) എന്ന പ്രസ്ഥാനത്തിന്റെ ഒരു നായകനായിരുന്നു സൂഡർമാൻ. അതിനാൽ സമകാലീനരായ ഗ്രന്ഥകാരിൽ ഒരു പ്രേരണാശക്തി ഉളവാക്കുന്നതിനും, കലയുടെ തത്വങ്ങളെക്കാൾ അവയുടെ ഫലങ്ങളെ ധീരതയോടെ ദൃശ്യമാക്കുന്നതിനും അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. രസജനകവും സാരഗർഭവുമായ ജ്ഞാനം പ്രദാനം ചെയ്യുന്ന ലേഖകൻ എന്ന നിലയിൽ ജർമ്മൻ സാഹിത്യദേവിയെ അദ്ദേഹം സമ്പൂർണ്ണഭക്തിയോടുകൂടി സേവിച്ചിട്ടുണ്ടു്. മനക്ഷോഭജനകമായ സംഭവബാഹുല്യം, അനാശ്യാഗുണങ്ങളുടെ ദൌർല്ലഭ്യം, കൃത്രിമസംഭവനിബിഡത, ചമൽക്കാരാദിഗുണരാഹിത്യം എന്നീ അപരാധങ്ങൾ അദ്ദേഹത്തിന്റെ കൃതികൾക്കു ചുമത്താവുന്നതാണെങ്കിലും, അവയിൽ പ്രതിഫലിക്കുന്ന, അദ്ദേഹത്തിന്റെ നിസ്തുല്യമായ നാടകനിർമ്മാണവൈദഗ്ദ്ധ്യവും സാഹിത്യപരമായ വിജയവും ഏവരുടെയും പ്രശംസയ്ക്കു അർഹതയുള്ളതു തന്നെയാണു്. കിംബഹുനാ ഹെർമാൻ സൂഡർമാൻ ഭൂലോകസാഹിത്യവീരന്മാരുടെ കൂട്ടത്തിൽ ഗണ്യമായ ഒരു സ്ഥാനത്തു് ചിരംജീവിയായി പരിലസിക്കുന്നു.

(പകർപ്പവകാശം സ്വായത്തം)

# സയൻസിന്റെ പോക്ക്.

(കീഴില്ലം; എം. കെ. ശങ്കരപ്പിള്ള)

രസതന്ത്രശാസ്ത്രത്തിന്റെ അഭിവൃദ്ധി ജനപദങ്ങളുടെ വളർച്ചയിൽ താങ്ങും തണലുമായിരുന്നു. മനുഷ്യന്റെ ഐഹികസൗഭാഗ്യത്തിലും വിജ്ഞാനോപാസനത്തിലും സയൻസിന്റെ സംഭാവന മഹത്തരമാകുന്നു. കാർഷികവും യാന്ത്രികവും ഔഷധപരവും എന്നുവേണ്ട ലോകോപകാരപ്രദങ്ങളായ നിരവധി നേട്ടങ്ങൾ ശാസ്ത്രീയഗവേഷണങ്ങളിൽ നിന്നും സംജാതമായിട്ടുണ്ട്. ഇനിയും ലോകാനുഗ്രഹകരങ്ങളായ എന്തെല്ലാം ശക്തിവിശേഷങ്ങൾ ആ ബൃഹത്ശാസ്ത്രത്തിൽ നിന്നും നമുക്ക് ന്യായമായി പ്രതീക്ഷിക്കാം! രസതന്ത്രം ഒരു ഗംഭീരപാരാവാരത്തെക്കാൾ ഗഹനവും വിസ്തൃതവുമായ ഒരത്ഭുതശാസ്ത്രപാരാവാരമാണ്. മനുഷ്യൻ അവന്റെ ഗവേഷണസാമഗ്രികളുമായി അതിന്റെ ഉപരിതലത്തിൽനിന്നും ഗഹനതയിലേക്കു ഒരലസവീക്ഷണം ചെയ്തതേയുള്ളു. ഇതിനകംതന്നെ അവൻ ലോകത്തിലെ ഉന്നതശക്തികളെ വെല്ലുവിളിക്കത്തക്ക അനേകം രഹസ്യവിദ്യകൾ കണ്ടെത്തി, ആനന്ദനൃത്തം ചെയ്യുന്നു. ആ സ്ഥിതിക്കു ശാസ്ത്രപാരാവാരത്തിന്റെ ഗഹനതയിലെത്തുമ്പോൾ ശാസ്ത്രജ്ഞന്മാർക്കാവുന്ന കഴിവുകൾ ഊഹാതീതങ്ങളത്രെ. രസവിദ്യയിൽനിന്നുതന്നെ മനുഷ്യന്റെ ക്ലേശങ്ങൾക്കു ശരിയായ പരിഹാരമുണ്ടാക്കാമെന്നു പലരും ആശിച്ചു.

എന്നാൽ ഗവേഷകന്മാർ സ്വാർത്ഥിയോ ദുരാഗ്രഹിയോ ആയിരുന്നാൽ അവരുടെ കണ്ടുപിടുത്തങ്ങൾ ജനക്ഷേമകരങ്ങളായിരിക്കയില്ല. അനുഗ്രഹകരങ്ങളായിരിക്കേണ്ട കണ്ടുപിടുത്തങ്ങൾ നിഗ്രഹകരങ്ങളായിട്ടായിരിക്കും; കറിക്കരിയാനുള്ള കത്തി കഴുത്തറുക്കാനും മതിയാകുമല്ലോ. വഴിപിഴച്ച ഗവേഷണം വിനാശകരമായിരിക്കും.

ഇക്കഴിഞ്ഞ ലോകമഹായുദ്ധം സർവ്വാർത്ഥസാധകമായ രസതന്ത്രത്തെ സർവ്വാർത്ഥനാശകമാക്കി നിർമ്മിച്ച നവീനശാസ്ത്രശസ്ത്രങ്ങളുടെ പ്രകടനവും ബലാബലപരീക്ഷണവുമായിരുന്നുവല്ലോ. നവീനായുധങ്ങളുടെ ബലപരീക്ഷണം എത്രലക്ഷം സാമാന്യ ജനങ്ങളുടെ ദയനീയനിര്യാണത്തിനിടവരുത്തി! കുന്നു കുഴിയായി, കുഴി കുന്നായി, കര കടലായി, ജലാശയങ്ങൾ രക്താശയങ്ങളായി, ഗ്രാമങ്ങൾ ചുടലക്കളങ്ങളായി, ഭക്ഷണദ്രവ്യങ്ങൾ ഭസ്മമായി, വനപ്രദേശങ്ങൾ മരുഭൂമികളായി, രാത്രി പകലായി, പകൽ രാത്രിയായി, ഇങ്ങനെ എന്തെല്ലാം അത്യാചാരങ്ങളാണ് ശാസ്ത്രത്തെ വഴിപിഴപ്പിച്ചു മനുഷ്യൻ വരുത്തിക്കൂട്ടിയത്. ശാസ്ത്രജ്ഞൻ വഴിപിഴച്ചാൽ ഇതിലും ഭയങ്കരമായ അനർത്ഥങ്ങൾ ലോകം അനുഭവിക്കേണ്ടിവരുമെന്നു യുദ്ധാവസാനത്തോടടുത്തു കണ്ടുപിടിച്ച ആററംബോംബും പ്രത്യസ്ത്രമായി റഷ്യ കണ്ടുപിടിച്ച കൂററൻ ആററംബോംബും നമുക്കൊരു മുന്നറിയിപ്പാണ്.

ശാസ്ത്രജ്ഞന്റെ ലക്ഷ്യം എപ്പോഴും ലോകക്ഷേമമായിരിക്കണം. സ്ഥിതിഭേദമോ ദേശഭേദമോ കൂടാതെ എല്ലാ മനുഷ്യർക്കും നന്മയ്ക്കു അവകാശമുണ്ടായിരിക്കത്തക്ക ഒരു വ്യവസ്ഥിതിയായിരിക്കണം ഗവേഷണത്തിന്റെ ഉദ്ദേശം. എങ്കിൽ അതിന്റെ സൽഫലങ്ങൾ ലോകക്ഷേമകരങ്ങളായിരിക്കും. പക്ഷെ ലോകസമാധാനധ്വംസകരായ സാമ്രാജ്യദുർമ്മോഹികൾ അതിനു സമ്മതിക്കയില്ല. അവരുടെ ദുരുദ്ദേശസാധ്യതയ്ക്കു ശാസ്ത്രജ്ഞന്മാരെ കൂട്ടുപിടിക്കും; വിനാശകരങ്ങളായ നൂതനായുധങ്ങളുടെ നിർമ്മാണത്തിനായി ശാസ്ത്രത്തെ ദുരുപയോഗപ്പെടുത്തും. അങ്ങനെ ജനസാമാന്യത്തിന്റെ ആശ പാഴാകും. "ഏറെയുണ്ണാൻപോയവർ മിന്നംപിറന്നു" എന്നൊരു പഴഞ്ചൊല്ലുണ്ട്. ഏതാണ്ടു അതുപോലെയായി സയൻസിന്റെ പോക്കും. രസതന്ത്രത്തിന്റെ അഭിവൃദ്ധി ലോകശ്രേയസ്സിനാണെന്നാശിച്ചു; അതു വഴിപിഴച്ചു ലോകനാശം ചെയ്യുന്നു.

# മിഥ്യ.

(എസ്. കെ. പെരിനാട്ട്.)

(കാകളി)

i

നേരിൻമുഖത്തു കരിതേച്ചിട്ടന്നൊരി-
പ്പാരിൻ മനോജ്ഞ യവനികയ്ക്കുള്ളിൽ ഞാൻ
ആടുന്നതെന്തിനാ മാദർശനാടകം?
പാടുന്നതെന്തിനാം പ്രേമസംഗീതകം?
തെറ്റുകളായിരം നീതീകരിക്കുവാ-
നേറ്റുശ്രമിക്കലാണെന്നുടെ വിദ്യകൾ;
ദാരിദ്ര്യമാം കരിഞ്ചന്തയിൽ ഗൃദ്ധമായ്
ചാരിത്രരത്നത്തെ വില്ക്കയാണെൻതൊഴിൽ.

ii

പ്രേമം പ്രണയമനുരാഗമീവിധം
കാമംപുരളുന്ന കള്ളനാണ്യങ്ങളിൽ
വ്യാമോഹമാർന്ന ഞാനാത്മാഭിമാനത്തെ
ഹോമിച്ചിടുകയോ ജീവിതച്ചൂളയിൽ!
അള്ളിപ്പിടിയ്ക്കുന്നിതാശകളെന്മനം.
നുള്ളിമുറിക്കുന്നു ചിന്തകൾ സന്തതം
സത്യസൌന്ദര്യമേ! നീയെങ്ങു നീയെങ്ങു
മിഥ്യയെത്തന്നെ ഞാൻ കണ്ടതിന്നോളവും

iii

ശുദ്ധമാംതേന്മധു തൂകിനിന്നീടുന്ന
മുഗ്ദ്ധകുസുമങ്ങളെന്തറിഞ്ഞൂഴിയിൽ!
ഭൃംഗത്തെ വിശ്വസിച്ചയ്യോ! നശിക്കുന്നു
സംഗീതമല്ലവന്നുള്ളിൽ കടുംവിഷം!

---


## സിനിട്രോൺ.

(കേരളത്തിലെ പ്രമുഖ സിനിമാ മാസിക.)

സിനിമാസംബന്ധമായ ലേഖനങ്ങൾ വിമർശനങ്ങൾ, സിനിമാതാരങ്ങളുടെ ജീവചരിത്രസംക്ഷേപങ്ങൾ, അഭിമുഖസംഭാഷണങ്ങൾ, ചോദ്യോത്തരങ്ങൾ, സ്റ്റുഡിയോവാർത്തകൾ, രസാവഹമായ ചെറുകഥകൾ, ആകർഷണീയമായ ചിത്രങ്ങൾ മുതലായവകളോടുകൂടി **പ്രഥമലക്കം തുലാം ൧൦-ാം തീയതി പുറപ്പെട്ടു.**

സിനിമാപ്രണയികൾക്കു് ഒരനുഗ്രഹം!

**പരസ്യത്തിനു പറ്റിയ പ്രസിദ്ധീകരണം**

വരിസംഖ്യ ഒരു വർഷത്തേക്കു്

| | |
|---|---|
| അഞ്ചലിൽ | 4 രൂ. 8 ണ. |
| തപാലിൽ | 5 രൂ. |

ഒററപ്രതി 6 ണ. ഇൻഡ്യയ്ക്കു പുറമേ 8 ണ.

ഏജൻസിവ്യവസ്ഥകൾക്കു് ഉടനേ എഴുതുക.

മാനേജർ,
**സിനിട്രോൺ,**
ടൌവ്വർ ജംഗ്ഷൻ, കൊല്ലം.



കുലീനകളായ കന്യകകൾ—വൃദ്ധപിതാക്കൾ—സംസ്കാരസമ്പന്നരായ യുവാക്കൾ—വിടാധീനതയിൽപെടാനിടവരുന്ന സാധുയുവതികൾ — സന്മാർഗ്ഗനിഷ്ഠയെ അതിലംഘിക്കുന്ന അവിവേകികൾ തുടങ്ങിയ ആരും വായിച്ചിരിക്കേണ്ട, നാടകവേദിയിലെ ഒന്നാമത്തെ നാടകം

## സുപ്രഭ.

ശ്രീമാൻ മുൻഷി പരമുപിള്ള എഴുതിയതു്.
വില രൂ. 1.

3-ാംപതിപ്പു് അച്ചടിച്ചു തയ്യാറായിരിക്കുന്നു.
മാനേജർ, വി. വി. പ്രെസ്സ്—കൊല്ലം.

ചെറുകഥ.

# "പ്രത്യക്ഷദൈവം."

By

കുമാരി എൽ. ലീലാബായി (യൂണിവേഴ്സിറ്റി കാളേജ്.)

"ചേട്ടാ!... ആ മോതിരം കണ്ടോ"? "ഏതു മോതിരം?" സാത്ഭുതം വിജയരാഘവൻ വസന്തയുടെ മുഖത്തുനോക്കി.

"മണിയുടേതു്! ശ്രീകൃഷ്ണവിഗ്രഹത്തിൻെറ അരികിൽ വച്ചിരുന്നതാവും!" സവ്യസനം വസന്തപറഞ്ഞു.

"ഓഹോ! എങ്കിലൊരുപക്ഷേ ശ്രീകൃഷ്ണസ്വാമിതന്നെ വന്നെടുത്തുകൊണ്ടു് മറഞ്ഞിരിയ്ക്കും" ഒരു കള്ളച്ചിരിയോടെ വിജയൻ പറഞ്ഞു.

എന്തുകൊണ്ടോ ആ കളിയാക്കൽ വസന്തയ്ക്കു തീരെ രുചിച്ചില്ല. "സദാ നേരമ്പോക്കേയുള്ളു ചേട്ടനു്" മുഖവും വീർപ്പിച്ചുകൊണ്ടവളവിടെനിന്നും യാത്രയായി. ആ പോക്കുകണ്ടിട്ടാണോ എന്തോ, വിജയൻ ഉള്ളുകൊണ്ടൊന്നു ചിരിച്ചു.

വസന്തയുടെ മാതുലപുത്രനാണു് വിജയൻ!! ശൈശവത്തിൽതന്നെ നിർഭാഗ്യം ആ ബാലനെ മാതൃഹീനനാക്കി. പക്ഷേ വിധവയായ പിതൃസഹോദരിയുടെ സ്നേഹം നിറഞ്ഞ പരിചരണംകൊണ്ടു് വിജയൻെറ ജീവിതം അസുഖമോ അസന്തുഷ്ടിയോ കാണാതെ മുമ്പോട്ടു് പൊയ്ക്കൊണ്ടിരുന്നു. ദേവകി അമ്മയുടെ ഏകപുത്രിയായ വസന്തയും വിജയൻെറ ജീവിതത്തിൽ പ്രകാശം വിതറി ആ ജീവിതത്തെ സൗഭാഗ്യസമ്പുഷ്ടമാക്കി വന്നു.

വിജയൻെറ പിതാവിനു് തൻെറ ശേഷക്കാരിയെ, മകൻെറ പത്നിയായിട്ടു കാണണമെന്നു് അതിരുകടന്ന ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ആ ആശ സാഫല്യം കാണുന്നതിനു് മുമ്പുതന്നെ അദ്ദേഹത്തിനു് പ്രപഞ്ചം വെടിയേണ്ടിവന്നു. അന്നുമുതൽ വിജയൻതന്നെയായിരുന്നു, വലിയ വീട്ടിൻേറയും വമ്പിച്ച സ്വത്തിൻേറയും പരമാധികാരി.

വസന്തയ്ക്കു വയസ്സു് പതിനേഴായതോടെ, വരൻ തേടി അലയേണ്ടതാരം വിജയനേറെറടുത്തു. പക്ഷേ ദേവകിഅമ്മയ്ക്കു, വിജയൻതന്നെ സ്വപുത്രിയെ വിവാഹം കഴിക്കണമെന്നു് നിർബ്ബന്ധമുണ്ടായിരുന്നു. ഒരുദിവസം വിജയനോടതു് ആ സ്ത്രീ തുറന്നുപറയുകയും ചെയ്തു.

"അയ്യോ... അമ്മേ! അതുമാത്രം പറയരുതു്. എനിക്കറിവുവന്ന കാലംമുതൽ, ഇതാ ഇന്നുവരെ വസന്തയെ എൻെറ ഒരു അനിയത്തിയെന്നനിലയിൽ മാത്രമേ എനിക്കു സ്നേഹിയ്ക്കാൻ കഴിഞ്ഞിട്ടുള്ളു. ആ നിലയിൽ കവിഞ്ഞൊന്നുമെന്നിൽനിന്നും പ്രതീക്ഷിക്കേണ്ട...ഞാനതിനശക്തനാണു്"— പെട്ടെന്നു് വിജയൻ തുറന്നുപറഞ്ഞു.

മറവിൽനിന്നുകൊണ്ടു് ഈസംഭാഷണം മുഴുവൻശ്രദ്ധിച്ചു മനസ്സിലാക്കിയ വസന്ത, തനിക്കെപ്പോഴും വിവാഹമാവശ്യമില്ലെന്നും,കലാശാലയിൽ ചേൎന്നു ബിരുദധാരിണിയാകാനാണു് താനാഗ്രഹിക്കുന്നതെന്നും അമ്മയോടു് പറഞ്ഞു. അവളങ്ങനെ പറയാനൊരു പ്രത്യേക കാരണമുണ്ടായിരുന്നു. അല്പകാലംകൂടെക്കഴിഞ്ഞാൽ വിജയൻ തൻെറ ഹൃദയഗതി എന്താണെന്നു് മനസ്സിലാക്കി തന്നെ വിവാഹം കഴിയ്ക്കുമെന്നുള്ള ഒരു വിശ്വാസമവൾക്കുണ്ടായിരുന്നു. ആ വിശ്വാസമാണവളെ സകല വിവാഹാലോചനകളേയും ഉപേക്ഷിച്ചു്, കന്യകയായിക്കഴിയാൻ ശക്തയാക്കിയതും.

പക്ഷേ ഇതൊന്നും മനസ്സിലാക്കാതെയായിരിക്കണം, വിജയൻ തൻെറ അകന്ന ശാഖയിലുള്ള ഒരു ബന്ധുഗൃഹത്തിൽ പോയേച്ചു് തിരിച്ചുവന്ന അവസരത്തിൽ ആരുടെ അനുവാദവും അഭിപ്രായവും നോക്കിനിൽക്കാതെ, "മണി" എന്നൊരു യുവതിയെ വിവാഹം കഴിച്ചുകൊണ്ടുപോന്നു.

വിജയന്റെ വിവാഹവാർത്ത വസന്തയിലുളവാക്കിയ വൈരാഗ്യവും നൈരാശ്യവും മണിയെ കണ്ടക്ഷണത്തിൽ തേഞ്ഞുമാഞ്ഞു പോയി. കളങ്കലേശമില്ലാത്ത മണിയുടെ ഓമനമുഖവും സ്നേഹം നിറഞ്ഞ പ്രവൃത്തികളും ആരെയും ആകർഷിക്കത്തക്കതായിരുന്നു. ആ വീട്ടിൽ സന്തോഷവും സമാധാനവും പ്രദാനം ചെയ്തുകൊണ്ടാ യുവതികൾ ആത്മസഖികളായി അവിടെ കഴിഞ്ഞുകൂടി.

* * * * *

മണി പതിവുപോലെ ആ മോതിരത്തെ ശ്രീകൃഷ്ണവിഗ്രഹത്തിന്റെ പാദത്തിൽ വച്ചിരുന്നതാണു്. അതു കാണാതെ പോയതു് ഒരത്ഭുതമായിരുന്നു. വസന്തയും മണിയും മോതിരം തേടിത്തേടി ക്ഷീണിച്ചു. മണിയുടെ സമാധാനം നശിച്ചു. അവൾ പൊട്ടിക്കരഞ്ഞു. അതുകണ്ട വസന്തയുടെ സ്ത്രീഹൃദയവും വിവശമായി.

"മണീ—എന്റെ ഓമന കരയാതിരിക്കൂ. അതു കളഞ്ഞുപോയാലങ്ങുപോട്ടെ! കാൽപ്പവന്റെ വകതന്നല്ലോ! സാരമില്ല! നമുക്കു നല്ല ഫാഷനിൽ വേറൊന്നു പണിയിക്കാം." വസന്ത സമാധാനപ്പെടുത്താൻ ശ്രമിച്ചു.

"എന്റെ വസന്തേ! നിനക്കാമോതിരത്തിന്റെ വിലയറിയാമായിരുന്നെങ്കിലൊരിയ്ക്കലുമിങ്ങനെ പറയുകയില്ലായിരുന്നു. ലോകദൃഷ്ടിയിലതു നിസ്സാരമായിരിക്കാം. പക്ഷെ സോദരീ!—എനിക്കതൊരനർഘനിധിയാണു്. എന്റെ ഈശ്വരന്റെ പാവനസ്മരണയുടെ ഒരടയാളമായിട്ടാണതിനെ ഞാൻ കരുതുന്നതു്. എന്റെ ജീവനിൽ ജീവനായ അതു കളഞ്ഞുപോയെന്നുവന്നാൽ...പിന്നെ ഞാനെന്തിനു് ജീവിക്കണം?" മണി സഗദ്ഗദം പറഞ്ഞു.

വസന്തയ്ക്കൊന്നും മനസ്സിലായില്ല. അവൾ പറഞ്ഞു് "പ്രിയപ്പെട്ട മണീ! എന്നോടെല്ലാം തുറന്നുപറയൂ? തീർച്ചയായും അതു നിനക്കും എനിക്കുമൊരനുഗ്രഹമായിരിക്കും. നീയതു പറയുല്ലേ?"

മണി വസന്തയെ സൂക്ഷിച്ചുനോക്കി...... അനുകമ്പനിറഞ്ഞ അവളുടെ സുന്ദരമുഖം അവൾക്കു ധൈര്യം നൽകി......മണി സാവധാനം സ്വജീവിതകഥ പറയാൻതുടങ്ങി.

* * * *

"ഉൾനാട്ടിലെ സാമാന്യം ഭേദപ്പെട്ട നിലയിലുള്ള ഒരു കുടുംബമായിരുന്നു കൃഷ്ണപിള്ളയുടേതു്. അദ്ദേഹത്തിന്റെ മകളായിട്ടാണു് കല്യാണി ജനിച്ചതു്. കഷ്ടപ്പെടാൻ മാത്രംവേണ്ടി ജനിച്ച് അവളുടെ മൂന്നാമത്തെ വയസ്സിൽ അമ്മ മരിച്ചു. അതവളുടെ യാതനാനിറഞ്ഞ ജീവിതത്തിനസ്ഥിവാരമിട്ടു. ചിററമ്മയായിട്ടാ വീട്ടിൽ കാലുകുത്തിയ മീനാക്ഷിഅമ്മയുടെ കുടുംബക്കാർച്ചിള്ളി ആ വീട്ടിലെങ്ങും മാറെറാലിക്കൊണ്ടു. ആ സ്ത്രീയുടെ ദുർഭരണത്തിന്റെ കീഴിൽ ജീവിക്കാൻ നിവൃത്തിയില്ലാതെ കല്യാണിയുടെ മൂത്ത സഹോദരൻ തന്റെ പതിന്നാലാം വയസ്സിൽ, ജനിച്ച നാടുവെടിഞ്ഞെങ്ങോ പുറപ്പെട്ടുപോയി. കല്യാണി മാത്രം സകലതും നിശ്ശബ്ദമായി സഹിച്ചുകൊണ്ടു് ജീവിച്ചു.

പതിനാറാമത്തെ വയസ്സിലവൾ വിവാഹിതയായി......വിവാഹം കാഴ്ചവച്ച ആ ദാമ്പത്യം അവളുടെ ജീവിതമരുഭൂമിയിലെ മലർവാടിയായിരുന്നു. രണ്ടുവർഷക്കാലമവൾ പതിയുമൊന്നിച്ചു സുഖിച്ചുകഴിഞ്ഞു. മണിയും ജനിച്ചു. അമ്മയുടെ സൗന്ദര്യവും അച്ഛന്റെ സൗശീല്യവുമവളിൽ നല്ലവണ്ണം പ്രതിഫലിച്ചിരുന്നു. പക്ഷെ മണി ജനിച്ചതിന്റെ ആറാംമാസത്തിൽ അവളുടെ പിതാവു് വാതം പിടിപെട്ടു് കിടപ്പിലായി. വേദനാനിറഞ്ഞ മൂന്നു നീണ്ടവർഷങ്ങൾ അങ്ങനെ അസന്തുഷ്ടിയിലും കണ്ണുനീരിലും കൂടെ ഇഴഞ്ഞിഴഞ്ഞു കടന്നുപോയി! അപ്പോഴേയ്ക്കുമാവീട്ടിൽ മങ്ങിമങ്ങി എരിഞ്ഞുകൊണ്ടിരുന്ന ആ ജീവിതദീപം എന്നേയ്ക്കുമായിപ്പൊലിഞ്ഞടിയുകയും ചെയ്തു. ഭർത്തൃഗൃഹത്തെയും—അനുകമ്പയില്ലാത്ത ജനങ്ങളെയും ഉപേക്ഷിച്ചിട്ടു് കല്യാണി പുത്രിയോടൊന്നിച്ചു് നാട്ടിലെത്തി, ചിററമ്മയുടെ ക്രൂരപ്രവൃത്തികൾക്കിടയിൽ കിടന്നു് ഞെങ്ങിഞെരിയാൻ! പിതാവും സ്വത്തു മുഴുവൻ ഭാര്യയുടെപേർക്കെഴുതിവച്ചിട്ടു് നിര്യാതനായിക്കഴിഞ്ഞിരുന്നതിനാൽ കല്യാണിയുടെ ജീവിതത്തിനാശ്വാസത്തിന്റെ നേരിയ നിഴൽപ്പാടുപോലും കാണാനുള്ള അവകാശമില്ലായിരുന്നു എങ്കിലുമവൾ സകലതും സഹിച്ചുകൊണ്ടു് ജീവിച്ചു.

മണിയ്ക്കഞ്ചുവയസ്സ് പൂർത്തിയായതോടെ സഹനശക്തിയും വിവേകവും അവളിൽ ശക്തിമത്തായി വളരാൻതുടങ്ങി. മീനാക്ഷിഅമ്മയുടെ ഉപദ്രവങ്ങൾ മൂകയായി സഹിച്ചുകൊണ്ടു് ജീവിയ്ക്കാനവളും പഠിച്ചു. ഗൃഹജോലികൾ സകലതും ചെയ്തുക്ഷീണിച്ചു് വലയുന്ന അമ്മയെ കാണുമ്പോഴൊക്കെ ആ പിഞ്ചുഹൃദയം വേദനയോടെ പിടയുമായിരുന്നു. അപ്പോഴെല്ലാം അവൾക്കൊരാശ്വാസം നൽകിയിരുന്നതു് അയൽവീട്ടിൽ താമസിച്ചിരുന്ന ജനാർദ്ദനൻപിള്ളയായിരുന്നു.

ജനാർദ്ദനൻപിള്ള വിവേകിയും ഗുണസമ്പന്നനുമായ ഒരു മദ്ധ്യവയസ്കനായിരുന്നു എന്തുകൊണ്ടോ ഈശ്വരൻ അദ്ദേഹത്തിനു് സന്താനഭാഗ്യം നൽകി അനുഗ്രഹിച്ചില്ല. എങ്കിലും ഒരു തത്വചിന്തകനായ അദ്ദേഹം ഭാര്യാസമേതനായി ഭക്തിമാർഗ്ഗങ്ങളിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടു കഴിഞ്ഞുകൂടി. കല്യാണിയും മണിയും അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു് ദേവഭജനയിലും, പൂജയിലും മററും പങ്കുകൊള്ളുകപതിവായിരുന്നു. ജോലിക്കു് വീഴ്ചവരാതിരുന്നതുകൊണ്ടു് മീനാക്ഷിഅമ്മയുമതു തടയാനൊരുമ്പെട്ടില്ല. പക്ഷെ, പാവനമായ ആ പരിസരത്തിനു് പോലും കല്യാണിയുടെ തകർന്ന ഹൃദയത്തിനു് അല്പമാശ്വാസം നേടിക്കൊടുക്കാൻകഴിഞ്ഞില്ല. മണി മാത്രം സകലതും സശ്രദ്ധം വീക്ഷിച്ചും മനസ്സിലാക്കിയുംസ്വബുദ്ധിയേയും ജ്ഞാനത്തേയും വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

മണി ആ മാന്യനെ അമ്മാവൻ എന്നായിരുന്നു സംബോധനചെയ്തിരുന്നതു്. അദ്ദേഹത്തിനും പത്നിക്കും ആ ബാലികയോടു് അളവററ വാത്സല്യവുമുണ്ടായിരുന്നു. മണിയുടെ നിഷ്കളങ്കഭക്തികണ്ടു് സന്തോഷിച്ചു് അദ്ദേഹം അവൾക്കൊരു ചെറിയ ശ്രീകൃഷ്ണവിഗ്രഹം നൽകി; യഥേഷ്ടം പൂജിച്ചു് ഹൃദയം കുളുർപ്പിക്കാൻ! പക്ഷേ മീനാക്ഷിഅമ്മയെ ഭയന്നവൾ ആ വിഗ്രഹത്തെ "അമ്മാവന്റെ വീട്ടിൽവച്ചുതന്നെ സദാസമയവും ആരാധിച്ചുപോന്നു അങ്ങനെ അമ്മയ്ക്കാശ്വാസവും അമ്മാവനും ഭാര്യയ്ക്കും ആനന്ദവും പ്രദാനം ചെയ്തുകൊണ്ടവളവിടെ കഴിഞ്ഞു

മണിയുടെ നിഷ്കളങ്കഭക്തി ഒന്നിനൊന്നിനു വർദ്ധിച്ചുവന്നു. അവൾ വിഗ്രഹം മനോഹരങ്ങളായ പൂക്കൾകൊണ്ടലങ്കരിച്ചു—അതിനു് മുമ്പിൽ നിർന്നിമേഷയായി കൂപ്പുകരങ്ങളോടെ നോക്കിനിൽക്കുമായിരുന്നു. ചിലപ്പോൾ "അമ്മാവനോ"ടവൾ ചോദിക്കും. "അമ്മാവ! നാമദേവനു് ഭഗവാൻ നേരിൽവന്നു് ദർശനം നൽകി അനുഗ്രഹിച്ചില്ലേ? അതുപോലെ എന്നെയും അനുഗ്രഹിക്കുമോ"...

ചിരിച്ചുകൊണ്ടു് ജനാർദ്ദനൻപിള്ള മറുപടിപറയും "മോളേ! ഏതെങ്കിലുമൊരു മനുഷ്യരൂപത്തിൽ വന്നാഭഗവാൻ നിന്നെ രക്ഷിയ്ക്കുകതന്നെചെയ്യും."

മണി അതു് പരിപൂർണ്ണമായി വിശ്വസിച്ചു. അവളുടെ ഈശ്വരന്റെ വരവും പ്രതീക്ഷിച്ചവൾ അക്ഷമയോടെ കാത്തിരുന്നു.

ആയിടയ്ക്കാണു് ജനാർദ്ദനൻപിള്ളയുടെ അനുജന്റെ പുത്രനായ രഘു, ഹൈസ്കൂളിൽ ചേർന്നു പഠിക്കാനായി, അവിടെ എത്തിയതു്. രഘുവിനു് അന്നു വയസ്സു പതിനാലു്. രഘു വന്ന ദിവസംതന്നെ മണിയുടെ സ്നേഹം കരസ്ഥമാക്കി, ഏഴുവയസ്സു് കഷ്ടിച്ചു പ്രായമുണ്ടായിരുന്ന ആ ബാലികയുടെ നിഷ്കളങ്കസംഭാഷണങ്ങളും വിനോദപ്രകടനങ്ങളും രഘുവിന്റെ ബാലഹൃദയത്തിലൊരുമായാത്തചിത്രം പ്രതിഫലിപ്പിച്ചു. അവരുടെ ആ സഖ്യത്തിലമ്മാവനും ഒരു പ്രധാന പങ്കുണ്ടായിരുന്നു.

മാസമൊന്നുരണ്ടു് കഴിഞ്ഞു, മനഃക്ലേശവും ശരീരാസുഖവും കല്യാണിയമ്മയെ ഒരു തീരാരോഗിണിയാക്കി. സകലജോലികളും മകളിൽ സമർപ്പിച്ചിട്ടു് അവർ ശയ്യയെ ശരണം പ്രാപിച്ചു. അതിൽനിന്നവർ എഴുന്നേററതേയില്ല.

* * * * *

അന്നു് പതിവിലും നേരത്തെ മണി വെള്ളം കോരുന്നതിനു് ആററരികിലെത്തി. തുടർച്ചയായി രണ്ടുമൂന്നു ദിവസം മഴപെയ്തതുമൂലം ആറു് കരകവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇരമ്പിക്കൊണ്ടൊഴുകുന്ന നദിപ്രവാഹം നോക്കാൻപോലും ധൈര്യമില്ലാതെ മണി കണ്ണടച്ചു് നിന്നുപോയി! എങ്കിലുംകല്യാണിയമ്മയുടെശാസനയേയും ശിക്ഷയേയും പററിയുള്ള ഓർമ്മ അവളെ വെ

ളും കോരാൻതന്നെ പ്രേരിതയാക്കി. അറച്ചുറച്ചവൾ മുകളിലത്തെ പടിയിലിറങ്ങി നിന്നുകൊണ്ടു് കുടം നിറയ്ക്കാൻ ശ്രമിച്ചു.

ചെളികെട്ടിയ പടികൾ; ആ ഇളംകാലുകൾ വഴുതിപ്പോയി, കുടവുമായി അവൾ വെള്ളത്തിൽ വീണു. പക്ഷേ അടുത്തൊരു പാറയുണ്ടായിരുന്നതുകൊണ്ടാജീവൻ വല്ലവിധേനയും രക്ഷപ്പെട്ടു; എന്നാൽ കുടം!!! അതാററിന്റെ മദ്ധ്യത്തിലുള്ള ചുഴികളിൽപ്പെട്ടു് കറങ്ങിക്കറങ്ങിത്താഴോട്ടു പോകുന്നതവൾ പകച്ചുനിന്നുകണ്ടു. പക്ഷേ അവൾക്കൊന്നും പ്രവർത്തിയ്ക്കാൻ കഴിഞ്ഞില്ല; കുടം തിരിച്ചെടുക്കാനോ, കുടമില്ലാതെ വീട്ടിൽ പോകാനോഉള്ള മനക്കരുത്തില്ലാതെ അവൾ നിറഞ്ഞ കണ്ണുകളോടെ അവിടെ നിന്നു.

“മണീ” പുറകിൽ നിന്നുമൊരു സ്നേഹംകലർന്ന വിളി! അവൾ ഞെട്ടിത്തിരിഞ്ഞു നോക്കി. ഒഴുകിപ്പോയ കുടവുമായി രഘു ചിരിച്ചമുഖത്തോടെ അവിടെനിന്നിരുന്നു. അവൾക്കൊന്നും മനസ്സിലായില്ല. കുടത്തേയും രഘുവിനേയും മാറിമാറി നോക്കിക്കൊണ്ടവൾ മൂകയായി നിന്നു.

“മണീ! ഞാനിന്നു് പടിഞ്ഞാറേക്കരയിൽ കുളിച്ചുകൊണ്ടുനിൽക്കുമ്പോഴായിരുന്നീകുടമൊഴുകിവന്നതു്. അതെടുത്തു നോക്കിയപ്പോൾ നിന്റേതാണെന്നു മനസ്സിലായി. ഉടനിങ്ങോട്ടു പോന്നു.”—

പെട്ടെന്നു് മണി രഘുവിന്റെ കൈപിടിച്ചുകൊണ്ടു് ചോദിച്ചു “ചേട്ടാ” ഞാനൊന്നു ചോദിച്ചാൽ വാസ്തവം പറയുമോ?

“തീർച്ചയായും! ഉം ചോദിച്ചുകൊള്ളൂ.”

“ചേട്ടാ! ചേട്ടനീശ്വരനാണല്ലേ?”

നിഷ്കളങ്കമായ ചോദ്യം!

രഘു അതുകേട്ടു് പൊട്ടിച്ചിരിച്ചു. “ഇല്ലമണീ! ഞാനൊരു വെറും മനുഷ്യൻ”—

“അല്ല! ചേട്ടനീശ്വരൻതന്നെയാണു്? സാക്ഷാൽ ഭഗവാൻ! ഇല്ലെങ്കിൽ എന്നും കിഴക്കേക്കടവിൽ കുളിക്കാൻ പോകുന്നയാൾ ഇന്നു് പടിഞ്ഞാറു വരാൻ കാരണം? എന്റെ കുടമവിടെ വരുമെന്നറിയാമായിരുന്നതു കൊണ്ടല്ലേ?”

ആ ചോദ്യത്തിനുത്തരം നൽകാൻ രഘുവിനു് കഴിഞ്ഞില്ല. അന്നുമുതൽ “ചേട്ടനെ” അവളൊരു പ്രത്യക്ഷദൈവമായി സങ്കല്പിച്ചാരാധിക്കാൻ തുടങ്ങി. കല്യാണിയമ്മ മരിച്ചു് രണ്ടരവർഷം കഴിഞ്ഞിട്ടും അവളാവിശ്വാസവുമായിത്തന്നെ കഴിഞ്ഞുകൂടി.

* * * * *

ആ സംഭവം അപ്രതീക്ഷിതമായിരുന്നു. നാടുവിട്ടു പോയിരുന്ന ഗോപാലൻ ഐശ്വര്യവാനായി തിരിച്ചെത്തുക! ആളുകൾ ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കി നിശ്ചേഷ്ടരായി നിന്നു.

വിവരങ്ങളെല്ലാം മണിയിൽനിന്നും ഗ്രഹിച്ച ഗോപാലൻ തന്റെ അനന്തിരവളെക്കൂടെ ഉദ്യോഗസ്ഥലത്തു കൊണ്ടുപോകാൻ നിശ്ചയിച്ചു.

മണിയ്ക്കതു വളരെ സന്തോഷകരമായിരുന്നു. മീനാക്ഷിഅമ്മയിൽനിന്നുമകലുക! അതവൾക്കൊരനുഗ്രഹമായിരുന്നു. എങ്കിലും അവളുടെ അമ്മാവനേയും; ജീവനിൽ ജീവനായ ചേട്ടനേയും പിരിഞ്ഞുപോകുന്നതവൾക്കസഹ്യവുമായിരുന്നു! അതോർമ്മിച്ചപ്പോൾത്തന്നെ അവളറിയാതെ പൊട്ടിക്കരഞ്ഞുപോയി.

യാത്രയാകുന്നതിന്റെ തലേന്നാൾ വൈകുന്നേരം മണി ജനാർദ്ദനൻപിള്ളയുടെ വസതിയിലെത്തി. രഘുവും പിള്ളയും വീട്ടിന്റെ മുൻവശത്തിരുന്നു് സംസാരിക്കുകയായിരുന്നു. അവളും അവരുടെ സമീപം ചെന്നിരുന്നു. രഘു പലതുമാലോചിച്ചെന്നോണം നോക്കിക്കൊണ്ടിരുന്നുപോയി!

“ചേട്ടാ! ഞാൻ നാളെപ്പോകുന്നതുകൊണ്ടെന്നോട്ടു് പിണക്കമാണോ?” സവ്യസനമവൾ ചോദിച്ചു.

“ഒരിക്കലുമില്ല മണി. അതിരിക്കട്ടെ അങ്ങു പോയാൽപിന്നെ എന്നെ നീ ഓർമ്മിക്കുമോ?” രഘു ഇടർച്ചയോടെ ചോദിച്ചു.

മണിയുടെ കണ്ണുകളിലൊരു നവപ്രകാശം പരന്നു. “കൊള്ളാം ഈശ്വരനെ ആരെങ്കിലും മറക്കുമോ? അമ്മാവനോടു് ചോദിച്ചുനോക്കൂ? ചേട്ടനെന്റെ ദൈവമല്ലേ എന്നു്?”

ആ തുറന്ന ഹൃദയത്തിന്റെ യഥാർത്ഥരൂപം കണ്ടു് ജനാർദ്ദനൻപിള്ള മണിയുടെ നെറുകയിൽ സ്നേഹപൂർവ്വം ചുംബിച്ചു.

“ചേട്ടാ, ഇതാചേട്ടാ, എന്റെ ഓർമ്മയ്ക്കായി”— കൈയിൽ കിടന്നിരുന്ന രണ്ടു പിച്ചളവളകൾ;

ലോകത്തവൾക്കുണ്ടായിരുന്ന ഏകാശരണം; അതവൾ നിറഞ്ഞ കണ്ണുകളോടെ ചേട്ടനു് സമർപ്പിച്ചു. രഘുവിന്റെ ബാലഹൃദയത്തെ അതു് വല്ലാതെ സ്പർശിച്ചു. അണിവിരലിൽ കിടന്നിരുന്ന മോതിരമൂരി മണിയുടെ വിരലിലിട്ടുകൊണ്ടു് സഗദ്ഗദം അവൻ പറഞ്ഞു "എന്നെ മറക്കാതിരിക്കാൻ നിനക്കിതും"

"ചേട്ട! എന്നെ കാണാനിനി എന്നുവരും?" മോതിരത്തിൽ ദൃഷ്ടി പതിപ്പിച്ചുകൊണ്ടു് മണി വീണ്ടും ചോദിച്ചു.

അവരുടെ പ്രവൃത്തികൾക്കു ദൃക്സാക്ഷ്യം വഹിച്ച അമ്മാവൻ പെട്ടെന്നു് പറഞ്ഞു "നിന്റെ വിവാഹത്തിന്റെ അന്നു് വരും കുഞ്ഞേ!"

"തീർച്ചയായും വരണേ?"

"വരാം! മണീ"!!! രഘുവിന്റെ സ്വരത്തിൽ ദൃഢത വേരൂന്നിയിരുന്നു. * *

മണി മാതുലനോടുകൂടെ താമസമാക്കിയിട്ടു് വർഷം ഏഴെട്ടു കഴിഞ്ഞു. ആ കാലം, ആകൃതിയിലും പ്രകൃതിയിലും പല വ്യത്യാസങ്ങളും വരുത്തി. സുന്ദരിയും സുശീലയുമായ ഒരു യുവതി ആയി അവൾ മാറി. മാതുലന്റെ അതിരുകവിഞ്ഞ വാത്സല്യത്തിന്റെ മദ്ധ്യത്തിൽ കൂടെ ആ യുവജീവിതം അല്ലലില്ലാതെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. എങ്കിലും പൂർവകാലത്തെ ചില സ്മരണകൾ അവളുടെ ഹൃദയത്തിലലതല്ലിക്കൊണ്ടുതന്നെയിരുന്നു. അതെ! 'അമ്മാവന്റെയും' ദേവതുല്യനായ ചേട്ടന്റെയും രൂപങ്ങൾ അവളുടെ മുമ്പിൽ സദാസമയവും നിലകൊണ്ടിരുന്നു.

വിവാഹപ്രായത്തിലെത്തിയ മരുമകൾക്കു വിവാഹാലോചനകൾ പലതും നടത്തി, അവസാനം ഗോപാലൻ, വിജയനുമായുള്ള വിവാഹവും നിശ്ചയിച്ചു. മണിയുടെ പതറിയ ഹൃദയം രഘുവിന്റെ വരവു പ്രതീക്ഷിച്ചു് അക്ഷമയോടെ കാത്തിരുന്നു. പക്ഷേ വിവാഹത്തിന്റെ അന്നുപോലും രഘുവിനെ അവൾക്കു കാണാൻ കഴിഞ്ഞില്ല.

കേവലമൊരു ബാലൻ വെറും വിനോദത്തിനുവേണ്ടി പറഞ്ഞ വാക്കുകളെ ഇത്രയുംകാലം വിശ്വസിച്ചുപോന്ന കഥയില്ലായ്മയിൽ മണി സ്വയം പഴിച്ചും ശൈശവകാലത്തെ സംഭവങ്ങൾ പാടെ മറന്നൊരു പുതിയ ജീവിതത്തിലേയ്ക്കു കാലൂന്നാനവൾ ശ്രമിച്ചു; അങ്ങനെ സമാധാനത്തോടെ സ്വദാമ്പത്യമവൾ സ്വാഗതംചെയ്തു." * * * *

മണി കഥപറഞ്ഞു നിർത്തി. അവളുടെ കളങ്കമററ പ്രേമവും വിശ്വാസവും എത്രയുണ്ടെന്നൂഹിച്ചറിഞ്ഞ വസന്തയുടെ ഹൃദയം ക്ഷുഭിതമായി "മണി! ആ ചേട്ടനെ നീ ഇത്രമാത്രം സ്നേഹിക്കുന്നല്ലോ! അയാൾ നിന്നെ ഓർക്കുന്നുപോലുമില്ല! കഷ്ടം! ഹൃദയമില്ലാത്ത മനുഷ്യൻ!!!" വെറുപ്പോടെ അവൾ പറഞ്ഞു.

"സ്ത്രീകളൊക്കെ ബുദ്ധിമതികളാണെങ്കിലും ചില കാര്യങ്ങളിൽ മാത്രമവർക്കു തെററു പററാറുണ്ടു്"—വിജയൻ ചിരിച്ചുകൊണ്ടുള്ളിൽ പ്രവേശിച്ചു. യുവതികൾ സ്തബ്ധരായി പകച്ചുനിന്നു. ആ ആത്മകഥാകഥനം അദ്ദേഹം കേട്ടിരിക്കുമെങ്കിലുണ്ടായേക്കാവുന്ന വിപരീതങ്ങളോർമ്മിച്ചപ്പോൾ തന്നെ അവർ നടുങ്ങിപ്പോയി.

"വസന്തേ! ഈ ഫോട്ടോ ആരുടേതാണെന്നറിയാമോ?" ഒരു ഫോട്ടോ വസന്തയുടെ കൈയിൽ വിജയൻ കൊടുത്തു.

"ഹും! എനിക്കത്രയ്ക്കറിഞ്ഞുകൂടെ? ഇതങ്ങു് ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തെടുത്തതല്ലേ"—വസന്ത സഗർവ്വം ചോദിച്ചു.

ഇതിനിടയ്ക്കു മണിയുമാ ഫോട്ടോ കണ്ടുകഴിഞ്ഞു "അയ്യോ! ചേട്ടൻ! എന്റെ രഘുച്ചേട്ടൻ"—അവളുറക്കെപ്പറഞ്ഞുപോയി!

വിജയനുറക്കെയൊന്നു ചിരിച്ചു. വസന്തയും അതുകണ്ടു് സന്തോഷിക്കാതെയിരുന്നില്ല.

"തങ്കം! നിന്റെ ഈശ്വരൻ ശരിയായ പുള്ളിയാണല്ലോ!"—മണിയുടെ കുനിഞ്ഞ മുഖം പിടിച്ചുയർത്തിക്കൊണ്ടു് വസന്ത പറഞ്ഞു.

കടക്കണ്ണുകൊണ്ടു് മണി അവളുടെ "ഈശ്വരനെ" നോക്കി, ഒരു പ്രേമംനിറഞ്ഞ പുഞ്ചിരി അവളുടെ അധരങ്ങളിൽ വിടർന്നു.

"മണി! ഇതാ, ഇതുവേണ്ടേ" ഒരു വെള്ളിപ്പെട്ടിയിൽനിന്നും വിജയൻ രണ്ടു പിച്ചളവളകൾ വെളിയിലെടുത്തു. മണി സലജ്ജമകന്നുകൂടി. അവിടെനിന്നും വിശ്വവശ്യമായ ഒരു പ്രേമഗാനമുയർന്നു. വിജയനും വസന്തയും അതിൽ ലയിച്ചു നിശ്ചേഷ്ടരായി വളരെ ഏറെനേരം നിന്നു.

(പകർപ്പവകാശം.)

# ചൈത്രോത്സവം.

(സി. പ്രഭാകരൻ. ബി. ഏ)

പെരുമാളുടെ പള്ളിശ്ശംഖൊലിമാഞ്ഞിട്ടില്ല-
ത്തിരുമേനിതൻ പള്ളിത്തേരൊച്ച നിന്നിട്ടില്ല.
പമ്പയും പെരിയാറും നിത്യവും പൈമ്പാലേകി-
ത്തമ്പുരാൻ കാക്കും വഞ്ചിരാജ്യത്തെ വളർത്തുന്നു!
മുല്ലപ്പൂനിലാവൊളിതാവിയ നിശാകാവ്യ-
തല്ലജം ചിത്രർക്ഷജവൈഭവം വർണ്ണിയ്ക്കുന്നു.
ഘനഗർജ്ജനം കേട്ടിട്ടുണരും സഹ്യാദ്ര്യാഭം
വനനീലമാം ശൈലമമ്പലം തുറന്നിട്ടു.
വെളുത്തമേഘങ്ങളോടൊപ്പമീക്കാർമ്മേഘവും
കുളിച്ചുതൊഴുന്നതിന്നെത്തിയാ ശ്രീകോവിലിൽ.
അയ്യനാം മലവാളിരച്ചുകവൻ കടക്കണ്ണാൽ-
ഉഴിഞ്ഞിന്നെ—ബ്ഭുദ്ധരാജഭൂമിയേ—നയിക്കു-
മ്പോഴും
ഏതധർമ്മവും തലപൊക്കുകില്ലി;തു നിത്യ-
പൂതമാം 'ധർമ്മരാജ്യ' സംജ്ഞയെ വഹിയ്ക്കുന്നു.
ജയിയ്ക്കു, ചൈത്രോത്സവ മംഗളപ്രഭാതമേ,
ജയിയ്ക്കു, മഹാർഹമാമാദർശപ്രഭാവമേ!

---


## മദ്രാസ് ജീവരക്ഷാമണി വൈദ്യശാല,

മെയിൻറോഡ്, കൊല്ലം.

**വാതഗജകേസരി.** വാതവികാരങ്ങൾ നിമിത്തം ശരീരത്തിൽ ആക്ഷേപകം, അർദ്ദിതം, അന്തരായാമം മുതലായ മഹാരോഗങ്ങളും പെരുപ്പ്, തരിപ്പ് തുടങ്ങിയുള്ള ക്ഷുദ്രരോഗങ്ങളും ഉണ്ടാകുന്നു. വാതരോഗത്തിനു പറഞ്ഞിട്ടുള്ള എൺപതു വികാരങ്ങൾക്കും ഒരുപോലെ ഫലിക്കുന്ന ഒരു രഹസ്യ സിദ്ധൗഷധമാണ് ഞങ്ങളുടെ വാതഗജകേസരി. പിത്തകഫകോപങ്ങൾ നിമിത്തമുണ്ടാകുന്ന മററു രോഗങ്ങളേയും ശമിപ്പിക്കുന്നതും ശിരസ്സ്, ഹൃദയം, വസ്തി ഈ മൂന്നു പ്രധാന മർമ്മങ്ങളെ ശുദ്ധീകരിക്കുന്നതുമാണ്. വില കുപ്പി 1-ക്കു രൂ. 3.

**നവനീതഭസ്മം.** മൂത്രത്തടവ്, മൂത്രിക്കുമ്പോഴുണ്ടാകുന്ന ചുട്ടുനീറ്റം, വേദന, പഴുപ്പുപോക്ക് മുതലായവയ്ക്കും ഏററവും നന്ന്. ശുക്ലത്തിലുണ്ടാകുന്ന ഏതു രോഗവും ശമിക്കും. തണ്ണീർമേഹാരിദ്രാവകവും ഈ മരുന്നുംകൂടി സേവിച്ചാൽ ശമിക്കാത്ത ഗുഹ്യരോഗങ്ങളും വസ്തിരോഗങ്ങളും ഇല്ല. വില കുപ്പി 1-ക്കു രൂ. 1. ണ. 8.

**ജീവകലാനിധി.** (ശുദ്ധരക്തം വർദ്ധിപ്പിക്കുന്ന സിദ്ധൗഷധം.) മേഹരോഗംകൊണ്ടു രക്തം ക്ഷയിച്ചും, ശുദ്ധി കുറഞ്ഞും ഉണ്ടാകുന്ന പുണ്ണുകൾ, മുഴകൾ, നീർക്കെട്ടുകൾ, വീങ്ങർച്ചകൾ, പിത്തപ്പുണ്ണുകൾ, ചൊറിചിരങ്ങുകൾ, തേമലുകൾ, തടിപ്പുകൾ, കുഷ്ഠങ്ങൾ, ചുട്ടുനീററം, പ്രമേഹം, മൂത്രച്ചൂട് മുതലായവയെ ശമിപ്പിക്കും. വില കുപ്പി 1-ക്കു രൂ. 3.

**മേഹവ്രണാന്തകം.** മുറിവിനും വ്രണത്തിനും ഒന്നുപോലെ പററിയതു്. നട്ടെല്ലു കഴിഞ്ഞും വക്ക തടിച്ചുമുള്ള പുണ്ണുകളും, ചുവപ്പും തടിപ്പും പഴുപ്പും വേദനയുമുള്ള പുണ്ണുകളും, ജ്വരം സംഭ്രമം ക്ഷീണം ഇവകളോടുകൂടിയ പുണ്ണുകളും ഈ കുഴമ്പു പുരട്ടിയാൽ പെട്ടെന്നു സുഖം കിട്ടും. വില കുപ്പി 1-ക്കു അണ 12.

ഞങ്ങളുടെ എല്ലാ ഔഷധങ്ങളുടെയും പൂർണ്ണവിവരം അടങ്ങിയ വലിയ ക്യാററ്ലാഗ് വേണമെന്നുള്ളവർ 12 കാശ്ശു് സ്റ്റാമ്പു സഹിതം ആവശ്യപ്പെടുക.

മാനേജർ.

# ഉള്ളൂരിന്റെ ഉല്ലേഖങ്ങൾ.

---

(വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണയ്യർ.)

"ശബ്ദാർത്ഥൗ സൽകവിരിവ ദ്വയം വിദ്വാനപേക്ഷതേ." എന്നുള്ള മഹാകവി മാഘന്റെ ആശയമനുസരിച്ചു ശബ്ദാർത്ഥങ്ങൾ രണ്ടിലും ഒന്നുപോലെ പ്രേമവും സ്വാധീനതയുമുള്ള ഒരു പണ്ഡിതകവിസാർവ്വഭൗമനാണു് ഉള്ളൂർ. അദ്ദേഹത്തിന്റെ കൃതികളിൽ സാർവ്വത്രികമായിക്കാണുന്ന ശബ്ദാലങ്കാരം ദ്വിതീയാക്ഷരപ്രാസവും, അർത്ഥാലങ്കാരം ഉല്ലേഖവുമാകുന്നു. ഉള്ളൂരിനെപ്പോലെ ഉല്ലേഖസമ്പന്നനായ ഒരു കവി ഇല്ലെന്നുതന്നെ പറയാം. പ്രകൃതിയെ സരസമായി ഉല്ലേഖനം ചെയ്യുന്നതിൽ ഈ മഹാകവിക്കുള്ള പാടവം അന്യാദൃശമാണു്. അദ്ദേഹത്തെ ആംഗലമഹാകവിയായ ഷെല്ലിയോടാണു് ഈ വിഷയത്തിൽ തുലനം ചെയ്യേണ്ടതു്. പ്രകൃതിവസ്തുക്കളിൽ മനസ്സിനെ ഏകാഗ്രമായി നിറുത്തി ചിന്തിച്ചു തുടങ്ങുമ്പോൾ, ഈ കവിപുംഗവന്റെ പരോക്ഷാനുഭൂതിയുള്ള ഹൃദയത്തിൽനിന്നു ഗംഗാപ്രവാഹതുല്യമായി നവംനവങ്ങളായ ഉല്ലേഖപരമ്പരകൾ അനർഗ്ഗളമായി പുറപ്പെട്ടാം. ഈ ഉല്ലേഖങ്ങളെല്ലാംതന്നെ അക്ലിഷ്ടങ്ങളും അചുംബിതങ്ങളും ആകുന്നു. ചിലതുകൾ, ചുംബിതങ്ങളാണെങ്കിൽത്തന്നെയും ഈ കവിതിലകന്റെ മനോധർമ്മമൂഷയിൽക്കൂടി ഉരുകിത്തെളിഞ്ഞു നിർഗ്ഗമിച്ചിട്ടുള്ളവയാകയാൽ, അവയ്ക്കു് ഒരു പ്രത്യേക ശോഭാവിശേഷം കാണുന്നുണ്ടു്. അതിനാലാണു് ഉള്ളൂരിനു "ഉല്ലേഖഗായകൻ" എന്നൊരു ബിരുദം പണ്ടേയ്ക്കുപണ്ടേ സഹൃദയന്മാർ നൽകിയിട്ടുള്ളതു്. അദ്ദേഹത്തിനുള്ള ഈ അപൂർവ്വകല്പനാചാതുര്യം പണ്ഡിതന്മാരും രസജ്ഞന്മാരുമായ അനുവാചകന്മാർ ഒരിക്കലും വിസംവദിക്കയില്ല.

ഉള്ളൂരിന്റെ ഉല്ലേഖങ്ങളുടെ സ്വാരസ്യം കാണിക്കാൻ ചില ദൃഷ്ടാന്തങ്ങൾ അടിയിൽ ചേർക്കുന്നു.

ഉദ്ദേശം നാല്പതുകൊല്ലം മുൻപെഴുതിയ വഞ്ചീശഗീതിയിൽ ശ്രീമൂലംതിരുനാൾ തിരുമേനിയെ വർണ്ണിച്ചിരിക്കുന്നതു നോക്കുക! കരുണാനിധിയായ ആ തിരുമനസ്സിലെ മഹനീയങ്ങളായ നിരവധി ഗുണവിശേഷങ്ങളും ആ പുണ്യാത്മാവിനെക്കുറിച്ചു മഹാകവിയ്ക്കുള്ള നിഷ്കളങ്കമായ ഭക്തിബഹുമാനങ്ങളും ഈ പദ്യങ്ങളിൽ തെളിഞ്ഞുകാണാനുണ്ടു്.

സൗജന്യമാം നഭസ്സിൽ
സൗമ്യമൊടമരും ശശാങ്കമണ്ഡലമോ?
സൗഭാഗ്യമാം സരസ്സിൽ
സൗരഭ്യംപൂണ്ടു വിലസുമംബുജമോ? ൧
സൽഗുണമാം ജലനിധിയിൽ
പാർക്കും പ്രഭയാർന്നൊരുതല്ലജമോ?
സൽകലയാം ശൈവലിനിയിൽ
വായ്ക്കുംവരമാം സുവർണ്ണസൈകതമോ? ൨
വഞ്ചിക്ഷമാവാസികളാൽ
സഞ്ചിതമാം സൽപുണ്യസമുദയമോ?
വഞ്ചിച്ചു വാരിജാക്ഷൻ
പാഞ്ചജന്യാംശം ധരിച്ചിട്ടുപതിച്ചോ? ൩
കരകൗശലവിഷയത്തിൽ
പരമേഷ്ഠിക്കുള്ള പരമനൈപുണിയോ?
ധരയുടെ തിരുമംഗല്യാ-
ഭരണത്തിൻഭാഗധേയപരിണതിയോ? ൪
ഞങ്ങടെനയനങ്ങൾക്കൊരു
മംഗലപീയൂഷമിളയിൽമറവുണ്ടോ?
ഞങ്ങടെഹൃദംബുജത്തിൻ
മങ്ങലകററുവതിനന്യരവിയുണ്ടോ? ൫
ഞങ്ങളുടെബോധമുഴുവന-
മങ്ങലമേടിക്കമമലമന്ത്രമിതേ;
ഞങ്ങളുടെ കാമമെല്ലാ-
ത്തിങ്ങളുമരുളുന്ന ദിവ്യമണിയുമിതേ. ൬
ഞങ്ങളുടെരുജകളെല്ലാം
നീങ്ങുവതിന്നുള്ളൊരഗദവരവുമിതേ;

ഞങ്ങളുടെ സകലവിത്തവു-
മിങ്ങുലകിൽ ദൈവമാണെന്നസുദൃഢമിതേ." ൭

ധർമ്മമൂർത്തിയായ ശ്രീബുദ്ധദേവനെ വർണ്ണിച്ചിരിക്കുന്ന ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:—

ഭാരതവർഷപ്രശസ്തിമന്ത്രത്തിനു
പാവനമാകും പ്രണവമായി
നില്ക്കുംചരിതാർത്ഥജന്മാവാം രാജർഷി
ചിൽകുഹരത്തിലെസ്സിംഹസിംഹം
മാരനെക്കൊല്ലാതെകൊന്നോരുസർവ്വജ്ഞൻ
മാന്മിഴിയാൾക്കുതോറ്റാഗാധിസൂനു;
ഭൂതകാരുണ്യത്തിൻ പുഷ്കലവിഗ്രഹം;
ഭൂതലത്തിൻപൂർവ്വപുണ്യഫലം
ഹിംസാപിശാചിക്കു കൈകണ്ടമാന്ത്രികൻ;
സംസാരവ്യാധിക്കുധന്വന്തരി."

ഭാരതഖണ്ഡത്തിന്റെ പ്രശസ്തിമന്ത്രത്തിനു പ്രണവമായും, സ്മരനെ "ഹരഹര" ചൊല്ലിച്ച സർവജ്ഞനായും മൂർത്തിമത്തായ ഭൂതകാരുണ്യമായും, ലോകത്തിന്റെ പൂർവപുണ്യപരിപാകമായും, ഹിംസാപിശാചിക്കു് ഏകമാന്ത്രികനായും, സംസാരരോഗത്തിനു ധന്വന്തരിയായും മററും ശ്രീബുദ്ധദേവനെ ഉല്ലേഖനം ചെയ്തിരിക്കുന്നതു് എത്ര സമഞ്ജസവും സമീചീനവുമായിരിക്കുന്നു!

"അകീർത്തിസഞ്ചയം—ഭാരതാൾ വീഴാതെ-
യിക്ഷിതിതാങ്ങുമനന്തമൂർത്തി;
കാലത്താലമ്ലമായ്ത്തീരാത്തപീയൂഷം;
കാലത്താൽവാടാത്തകല്പമാല്യം;
കാലമാംസ്വർഭാനുതീണ്ടാത്തരാകേന്ദു;
കാലമാംകാലന്നു കൈലാസേശൻ;
അച്ഛാ! ഞാനായല്ലുനേട്ടകിൽനേടിനേ-
ന്നക്ഷയപാത്രസ്യമന്തകങ്ങൾ."

ഇവിടെ സൂര്യനാണു് ശ്രോതാവെന്നും ശ്വേതവർണ്ണമാണു് യശസ്സെന്നും ധരിച്ചിട്ടുള്ള അനുവാചകന്മാർക്കു് ഈ വരികൾ അതിമാത്രം ആലോചനാമൃതങ്ങളായിരിക്കുമെന്നുള്ളതിനു സംശയമില്ല.

"ചെന്തളിരടന്നടില്പട്ടടക്കിടക്കയ്ക്കും
തൻദംശമെയ്ക്കും നടുക്കീശ്വരൻമുൻപേതന്നെ
ഹത്യതന്നാത്മാവിനു നല്കാശ്വാസംവരച്ചിട്ട
സത്യവാക്ശ്രവപോലെ ശോഭിയ്ക്കും തദർഭകൻ;
താരുണ്യോഷഃകാലത്തിൽ സാമ്രാജ്യകിരീടമാം
സൂര്യനെ ശിരസ്സിങ്കൽചൂടേണ്ടപൂർവാചലം:
തൻകുലംവിളക്കിയും താങ്ങിയുംനിന്നീടേണ്ട
മംഗല്യമണിദീപം മദ്ധ്യമാണിക്യസ്തംഭം
തൻകരതൈവള്ളിയിൽത്തത്തിടും മണിത്തത്ത
കൺകുളിർക്കണിത്തൊത്തു, കൈവല്യപ്പൊ-
ന്നിൻകുടം"

താരുണ്യമാകുന്ന ഉഷഃകാലത്തിൽ സാമ്രാജ്യകിരീടമാകുന്ന സൂര്യനെ ശിരസ്സിൽ ധരിക്കേണ്ട ഉദയാചലമായും, രാജ്ഞിയുടെ വംശത്തിനു പരമശോഭയെ ഉളവാക്കുന്ന മണിവിളക്കായും ആ വംശത്തിനു താങ്ങലായി നില്ക്കുന്ന മദ്ധ്യമാണിക്യത്തൂണായും, ആ മനസ്വിനിയുടെ കയ്യാകുന്ന തൈവള്ളിയിൽ തത്തിക്കളിക്കുന്ന മണിത്തത്തയായും, കണ്ണുകൾക്കു കുളിർമ്മയെ പ്രദാനം ചെയ്യുന്ന കണിപ്പൂങ്കുലയായും മററും "ഹീരയിങ്കൽവധിക്കപ്പെടാൻ പോകുന്ന രാജശിശുവിനെ നാനാരൂപത്തിൽ എത്ര ഹൃദയംഗമമായി മഹാകവി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക!

"കുളികുമ്മത്തിൻനാട്ടുമുത്തുകോ? ദിവ്യ-
ശോഭരക്താംബുജഹംസമോ?
കണ്ണുംകരിങ്ങാലിക്കാതൽച്ചില്ലുകയോ?
പുത്തൻദീപാരാധനത്തട്ടമോ?
ഓമനക്കല്പകത്തുമലർച്ചുട്ടിയോ?
ഹേമബലിക്കല്ലിൻമേഖലത്തട്ടോ?
മാനവക്രീഡാവളവരവഞ്ചിയോ?
വാരിധിയാടീടും കാവടിയോ?
തൃക്കടൽമങ്കതൻകേളീവ്യജനമോ?
ശക്രന്റെകൊററക്കുടശ്ശീലയോ?
വത്തുമതങ്കപ്പൂത്തുരുത്തോ? പരി-
ശുദ്ധപീയൂഷമണികുംഭമോ?"

"കന്യാകുമാരിയിലെ സൂര്യോദയ"ത്തിൽ പൂർവ്വദിക്കിൽ "ദ്യോവും സമുദ്രവും ഭംഗിയിൽ മേളിക്കും" ദിക്കിൽനിന്നു് പൊങ്ങുന്ന പൊന്മയമായും കണ്മിഴിരണ്ടും ഇടച്ചു കാണേണ്ടതായുമിരിക്കുന്ന ദിവ്യസാധനത്തെ (ബാലാർക്കബിംബത്തെ) കണ്ടപ്പോൾ, നമ്മുടെ മഹാകവി എത്രെല്ലാം വിധത്തിൽ സന്ദേഹിക്കുന്നുവെന്നു നോക്കുക! അനുക്രമമായി സമുദ്രത്തിൽ നിന്നു് ഉയർന്നുവരുന്ന സൂര്യനെയാണു് അതാതുനിമിഷത്തിലെ ഉയർച്ച അനുസരിച്ചു് ഇവിടെ ചിത്രണം ചെയ്തിട്ടുള്ളതു്. നിത്യപരിചയത്തിൽ

പെടുന്ന വസ്തുക്കളെ പ്രകൃതിയോടു സംബന്ധിപ്പിച്ചു പ്രകൃതിയെ സരസമായി വർണ്ണിക്കുന്നതിൽ ഉള്ളൂരിനുള്ള നൈപുണ്യം ഈ ഭാഗത്തിൽ ഭാവുകന്മാർക്കു കാണാവുന്നതാണ്.

"നമസ്തേ ദേവി ചൂർണ്ണി! നമസ്തേ കല്യാണിനി!
നമസ്തേ സഹ്യാചലമാതംഗമദവേണി!
ജയിക്കു ശൈവാലിനീലാലാടീലലന്തികേ!
ജയിക്കു മോക്ഷലക്ഷ്മീജയവൈജയന്തികേ!
താമരക്കണ്ണാർതൻ സോദരി വഞ്ചിക്ഷിതി
വാർമുടിക്കെട്ടിൽച്ചൂടും മല്ലികപ്പൂമാലനീ;
രാമനഗ്ഗോശ്രീവധു പാദപത്മത്തിൽച്ചാർത്തും
കോമളിമാവിയന്ന തുവെള്ളിച്ചിലമ്പു നീ;
കേരളഭൂദേവതതൻ നിതംബത്തിങ്കൽമിന്നും
വാരൊളിക്കട്ടിശ്ശീമക്കമലക്കച്ചപ്പുറം;
ദക്ഷിണാപഥാവനീമത്തകാശിനിയാർതൻ
വക്ഷോജനിഷ്ക്രാന്തമാം കുളിർചന്ദനദ്രവം
ഏലാപാടീരമൃഗനാഭിസൗരഭംപൂണ്ട
മാലയത്തൈത്തെന്നലിൽനൽക്രീഡാവയസ്യ-
യായ്
ദ്രാവിഡസരസ്വതീ ധാതാവാം മുനീന്ദ്രന്റെ
പാവിതാശേഷലോകസായംസന്ധ്യാർഘ്യാം-
ബുവായ്
പൗരന്ദരാശാന്താരം പിന്നിട്ടു മന്ദംമന്ദം
പൗർണ്ണമാസിത്തിങ്കളിൻ പാലൊളിക്കതിർ-
പോലെ
നീവന്നു വൈമല്യവും ശൈത്യവും ഞങ്ങൾ-
ക്കേകു
കൈവളത്തുനീലമ്മേ! മേനിയ്ക്കും മനസ്സിനും!

ഇവിടെ പെരിയാററിനെ, സഹ്യാചലമാകുന്ന മതംഗജത്തിന്റെ മദജലപ്രവാഹമായും, വഞ്ചിവസുന്ധരയാകുന്ന വധൂരത്നത്തിന്റെ വാർമുടിക്കെട്ടിനു മുല്ലപ്പൂമാലയായും, ഗോശ്രീ (കൊച്ചി)യാകുന്ന യോഷാമണിയുടെ ചരണാംബുജത്തിനു തുവെള്ളിച്ചിലമ്പായും, കേരളോർവ്വിയാകുന്ന വരവർണ്ണിനിയുടെ കടിപ്രദേശത്തിനു ശീമക്കമലക്കച്ചപ്പുറമായും, ദക്ഷിണാപഥാവനിയാകുന്ന മത്തകാശിനിയുടെ വക്ഷോജങ്ങളിൽനിന്നു നിഷ്ക്രാന്തമായിരിക്കുന്ന കുളിർചന്ദനച്ചാറായും മററും കല്പിച്ചിരിക്കുന്നു. ഈ കല്പനകൾക്കുള്ള ഔചിത്യവും സാരസ്യവും വാചാമഗോചരമാകുന്നു. വഞ്ചിക്ഷിതിയേയും മററും വധുവാക്കി രൂപണംചെയ്തു്, ആ വധുവിന്റെ ഓരോ അവയവത്തിനും ഓരോ അലങ്കാരമായി പെരിയാററിനെ കല്പിച്ചിരിക്കുന്നതു്, ആ മഹാവാഹിനിയുടെ പ്രവാഹവും ഗതിയും ഗുണങ്ങളും മററും സൂക്ഷ്മമായി ഗ്രഹിച്ചിട്ടുതന്നെയാണെന്നും ഇങ്ങനെ കല്പിക്കുന്നതിനു വേണ്ട സാധർമ്മ്യങ്ങളും യുക്തികളുമുണ്ടെന്നും അല്പം ആലോചിച്ചുനോക്കിയാൽ സഹൃദയന്മാർക്കു ഗ്രഹിക്കാവുന്നതാണ്.

നീയാരു? സന്താനമരത്തിൽനിന്നു
ഞെട്ടററുവീഴും മലർമൊട്ടുപോലെ
മന്ദാകിനീസൈകതഭൂവിൽനിന്നു
പതിക്കുമന്നച്ചെറുമുട്ടപോലെ. ൧
വിധാതൃയാനച്ചിറകഞ്ഞുവിട്ട
സിതാംബുജസ്വാദുമൃണാളിപോലെ
ശക്രന്റെ കൊററക്കുടയിങ്കൽനിന്നു
തെറിച്ച വെൺകുളുർചില്ലുപോലെ. ൨
സ്ഥാനം പിഴച്ചംബരവീഥിവിട്ടു
താഴത്തിറങ്ങും പുതുതാരപോലെ
പുണ്യക്ഷയത്തിൽ ത്രിദിവം ത്യജിച്ചു
ഭൂലോകമെത്തും സുമനസ്സുപോലെ. ൩
വരുന്നു പക്ഷേ കുളുർതെന്നലേന്തും
പാനാററുനീററിൻ കണതല്ലജം നീ;
അതല്ലയെന്നാൽ മദമാർന്നിടുമ-
ഐരാവതത്തിൻ കരശീകരം നീ. ൪
മധുവ്രതാസ്വാദിതശിഷ്ടമാകും
മന്ദാരമാധ്വീകണികാവതംസം;
പൗലോമിതന്മേൽ സഖിമാർതളിക്കും
ഗന്ധദ്രവാംഭഃപൃഷതപ്രകാണ്ഡം. ൫
വാചസ്പതിക്കായ് ശ്രുതമന്ത്രനല്കും
പാദ്യാംബുവിൻ പാവനമായബിന്ദു -
സ്വർഗ്ഗസ്ഥപീയൂഷഘടത്തിൽനിന്നു
തുള്ളിത്തുളുമ്പാൻ തുനിവാർന്നതുള്ളി. ൬
അല്ലല്ല, നീരാട്ടുകഴിഞ്ഞുതോർത്തി-
യാശാങ്ഗനത്തയ്യലഴിച്ചുലയ്ക്കും
കോടക്കരിങ്കാർകുഴലിങ്കൽനിന്നു
ചെററിററുവീഴും ചെറുനീർക്കണം നീ. ൭
അജ്ജീവനാധാരമലിഞ്ഞുതിർക്കും
ഗീതാമൃതത്തിൻപ്രഥമാക്ഷരം നീ
അശേഷലോകത്തിനുമാധിപോയെ-
ന്നാവേദനംചെയ്യുമമർത്ത്യദൂതൻ. ൮

സരോവരത്തേറിനകത്തുനിന്നു
പൊന്തും സിതാംഭോരുഹകുഡ്മളം നീ;
ഊട്ടിപ്പുറപ്പെട്ടിയിൽ മിന്നിടുന്ന
മഹാർഹമാം വൈരമതല്ലിയും നീ; ൯
കുലീനയാം നായികതൻ കടക്കൺ-
കോണിൽത്തിളങ്ങും പ്രണയാങ്കുരം നീ;
മുൻകോപിതൻ ശുദ്ധഹൃദന്തരത്തി-
ലാവിർഭവിപ്പോരനുതാപവും നീ." ൧൦

ഇവിടെ മഹാകവി ആകാശത്തുനിന്നു പതിക്കുന്ന "കല്യാണമെയ്യാളുമൊരംബുബിന്ദു"വിനെ, കല്പകവൃക്ഷത്തിലെ പൂമൊട്ടായും, മന്ദാകിനിയുടെ മണൽത്തിട്ടയിലെ അന്നച്ചെറുമുട്ടയായും, ബ്രഹ്മാവിന്റെ വാഹനമായ അരയന്നത്തിന്റെ ചുണ്ടിലെ വെള്ളത്താമരവളയമായും, ഇന്ദ്രന്റെ വെൺകൊററക്കുടയിലെ വൈരക്കല്ലായും, കുളിർകാററടിക്കുന്ന ആകാശഗംഗയിലെ അംഭഃകണമായും, മദിച്ചുനില്ക്കുന്ന ഐരാവതത്തിന്റെ തുമ്പിക്കൈയിലെ നീർത്തുള്ളിയായും, വണ്ടുകളുടെശേഷമുള്ള കല്പകപ്പൂവിലെ മധുകണമായും, ശചീദേവിയുടെ ശരീരത്തിൽ സഖിമാർ തളിക്കുന്ന ഗന്ധദ്രവത്തിന്റെ ബിന്ദുവായും, തന്റെ ആചാര്യനായി ഇന്ദ്രൻ നല്കുന്ന പാദ്യജലത്തിന്റെ കണികയായും മററും നാനാരൂപത്തിൽ ഇന്ദ്രിയാതീതങ്ങളായ സുന്ദരരൂപങ്ങളായി ഉല്ലേഖനംചെയ്യുന്നു. ഒരു അനുഗൃഹീത മഹാകവിയുടെ തൂലികയിൽ നിന്നല്ലാതെ ഏതാദൃശങ്ങളായ ഉല്ലേഖതല്ലജങ്ങൾ ഒരിക്കലും പുറപ്പെടുന്നതല്ല. നോക്കുക! കേവലം നിസ്സാരമായ ഒരു മഴത്തുള്ളി നമ്മുടെ മഹാകവിയുടെ ഭാവനാപരിപാഹിയായ ദൃഷ്ടിക്കു വിഷയീഭവിക്കുകയും അദ്ദേഹത്തിന്റെ ശേമുഷീനികഷത്തിൽ ഉരസുകയും ചെയ്തപ്പോൾ, നവനവങ്ങളും സരസങ്ങളും വിചിത്രങ്ങളുമായ എത്രയെത്ര ഉല്ലേഖങ്ങൾ പ്രവാഹരൂപത്തിൽ പുറപ്പെടുന്നു! ഈ ഉല്ലേഖങ്ങൾ വായിക്കുന്ന നിർമ്മത്സരന്മാരായ ഏതു ഗുണഗ്രാഹികളും ഈ കവികുലചക്രവർത്തിക്കു നമോവാകം പറയാതിരിക്കയില്ല.

മഹാകവി ഇയ്യിടെ എഴുതിയ "ശരണോപഹാരം" എന്ന ശാസ്ത്രകീർത്തനത്തിൽ നിന്നുകൂടി ചില വരികൾ ചുവടെ ചേർക്കുന്നു:—

"പടിവെഴുംപാന്ഥപാസനം ചാർത്തിക്കൊ-
ണ്ടടവിയുംകേറി പരവശനായ്
അടിയങ്ങൾക്കൊപ്പമവിടുത്തെക്കല്ലാ-
നടനംചെയ്യുന്നോ? ഭഗവാനേ! ൧
ഇരുൾതങ്ങൾക്കിതുമിഴികൾക്കഞ്ജനം
ചിരമേവംഹിതംശുഭശീതം;
ചരണശോണിതം സരണിപൂശിടും
സുരഭികുങ്കുമം—ഭഗവാനേ! ൨
ധനുമാസത്തിൽപ്രകൃതിത്തയ്യലി-
ലനിശംതൂകിടുംഹിമബിന്ദു
സ്നാനംചെയ്യുന്നസുരർതളിക്കുന്ന
പനിനീരാണങ്ങൾ—ഭഗവാനേ! ൩
സമയന്നോൻ മുന്നിൽനടകൊൾവോരങ്ങ-
ക്കുതിരതൻകുളമ്പടിപോലെ
പഥികർവയ്ക്കുന്നവെടിമുഴങ്ങുന്നു
കതിനയിൽനിന്നു—ഭഗവാനേ! ൪
മലയമായിട്ടമചലംമാർഗ്ഗത്തിൽ
സുലഭമായങ്ങേക്കൃപനേടാൻ
വലയുകയാമിപ്പുഴയാൽഭക്തക്കു്
തെളിനീർനല്കുന്നോ? ഭഗവാനേ! ൫
മലരുംമാലയദ്രവവുമായ്പ്പാന്ത-
മലയിലങ്ങയെ വിബുധന്മാർ
ഒളിവിൽഗ്ഗംഗകൊണ്ടഭിഷേകംചെയ്ത
ജലമോകാണ്മതു? ഭഗവാനേ! ൬
ഉരുളൻപാറകൾ മുഴകളിൽത്തട്ടി-
ത്തരിപ്പെടും തണ്ണീർക്കണികകൾ
പരിസരസ്ഥലികണിയിപ്പൂഹാരം
ചെറുമുത്താൽ മാറിൽ—ഭഗവാനേ! ൭
പാവകളുടെരുതവുമതേഴും
കലിയിലകൾതൻ സ്വനിതവും
"ശരണമയ്യപ്പാ! ശരണ"മെന്നതിൻ
തരഭേദമാണോ? ഭഗവാനേ! ൮

ഇവിടെ ധനുമാസത്തിൽ പ്രകൃതിതൂകുന്ന മഞ്ഞുതുള്ളികളെ ദേവന്മാർ തളിക്കുന്ന പനിനീരായും, പഥികർ വയ്ക്കുന്നവെടിയെ സദയം മുമ്പേപോകുന്ന ധർമ്മശാസ്താവിന്റെ കുതിരയുടെ കുളമ്പടിയായും, പൂവും പൂമ്പൊടിയും ചേർന്ന് ഒഴുകിവരുന്ന പമ്പാജലത്തെ കാന്തമലയിൽ ദേവന്മാർ പുഷ്പവും ചന്ദനദ്രവവും കലർത്തി ശാസ്താവിനെ അഭിഷേകംചെയ്ത ഗംഗാജലമായും, പാറക്കല്ലിൽ തട്ടി തരിയായിത്തീർന്നി

# ലവനും കുശനും.

(തുടൎച്ച)

(By, K. M. ചിങ്ങം കരിയിൽ)

പണ്ടു് താടകഎന്ന ഒരു സ്ത്രീയെ വധിച്ചു എന്നു ഞാൻ കേട്ടിട്ടുണ്ടു്. അങ്ങിനെ ഒരു വീരകൎമ്മം അദ്ദേഹം ചെയ്തതായി അറിയാം. കൂടാതെ വൃക്ഷങ്ങളുടെ മറവിൽ ഒളിച്ചു നിന്നുകൊണ്ടു് ബാലിഎന്നൊരു കുരങ്ങിനെ അസ്ത്രമെയ്തുകൊന്ന അദ്ദേഹം ഒരു വലിയ ധീരൻ തന്നെ. യാതൊരു സംശയവുമില്ല. കുരങ്ങന്മാരെയും കരടികളേയും ചേൎത്തു സൈന്യമുണ്ടാക്കി രാവണനെകൊന്നതു് എത്രവലിയ കാൎയ്യമായിപ്പോയി; അതുകളട്ടെ; എന്തുമാകട്ടെ; രാമചന്ദ്രൻ ക്ഷത്രിയനാണല്ലൊ. യുദ്ധത്തെക്കുറിച്ചു് അദ്ദേഹത്തിനു വല്ലതും അറിയാമായിരിക്കും. അതിനാൽ നീ പോകു. രാമചന്ദ്രനോടു് യുദ്ധത്തിനു വരാൻ പറയു. കാണട്ടെ, നിന്റെ സ്വാമിയുടെ വീരത്വം.

ശി—രാമചന്ദ്രൻ അയോദ്ധ്യയിൽ യജ്ഞത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കയാണു്. ഇവിടെ അദ്ദേഹത്തിന്റെ സേനാനായകനേവന്നിട്ടുള്ളു.

ല—ആ സേനാനായകന്റെ പേരെന്തു്?

ശി—ശത്രുഘ്നൻ എന്നു്.

ല—(സന്തോഷത്തോടുകൂടി) ശത്രുഘ്നൻ എന്നോപേരു്? ഇതുനല്ല നേരംപോക്കാണല്ലോ.

ശി—നേരംപോക്കു് എന്തു്?

ല—ആശ്ചൎയ്യംതന്നെ. ആ സേനാനായകൻ എപ്പോഴെങ്കിലും യുദ്ധംചെയ്തിട്ടുണ്ടോ? ഞാൻ കേട്ടിട്ടില്ല. എന്നാലും അദ്ദേഹം രാജവംശജാതനാണല്ലോ ശരി. അദ്ദേഹത്തെ വിളിക്കു. അപ്പോൾ രാമൻ വരുകില്ല അല്ലയോ.

ശി—രാമചന്ദ്രൻ വരേണ്ട ആവശ്യമെന്തു്?

ല—അദ്ദേഹത്തിന്റെ പേരു കേട്ടിട്ടുണ്ടു്. കണ്ടിട്ടില്ല. ഒരിക്കലെങ്കിലും ഒന്നുകണ്ടാൽ കൊള്ളാമെന്നു ആശയുണ്ടു്.

ശി—നീ കുതിരയെ തരുകില്ലയോ? എന്നാൽ ഞാൻ സേനാനായകനെ വിളിക്കും.

ല—അല്ലാതെ പിന്നെ? ഞാൻ കാററിനോടാണോ യുദ്ധം ചെയ്യേണ്ടതു്? രാജകുമാരനായ ലവൻ ഒരു സാധാരണ ശിപായിയോടു യുദ്ധം ചെയ്യുകയില്ല.

ശി—ഇതു ഒരു നല്ല നേരംപോക്കുതന്നെയാണല്ലോ.

ല—അതിരിക്കട്ടെ നേരംപോക്കു ഒടുവിൽ കാൎയ്യമായിത്തന്നെതീരും.

ശി—കൊള്ളാം. തരക്കേടില്ല: എന്നാൽ ഞാൻ ഇപ്പോൾതന്നെ സേനാനായകനെ വിളിച്ചുകൊണ്ടുവന്നേയ്ക്കാം. (പോകുന്നു)

ല—(സ്വഗതം) കാണട്ടെ, അയോദ്ധ്യയിലെ വീരന്മാരുടെ യുദ്ധസാമൎത്ഥ്യം. യുദ്ധംഎന്നു കേട്ടപ്പോൾതന്നെ എന്റെ രണ്ടു കൈകളും ഇളകാൻ തുടങ്ങി. കാണട്ടെ എന്തു സംഭവിക്കുന്നു എന്നു്.

---

ട്ടുള്ള ജലകണികകളെ പരിസരസ്ഥലിയുടെ മാറിൽത്തിളങ്ങുന്ന ചെറുമുത്തുമാലയായും ഉല്ലേഖനം ചെയ്തിരിക്കുന്നതു് എത്ര ചമൽക്കാരജനകമായിരിക്കുന്നു!

ഉള്ളൂരിന്റെ ഉല്ലേഖനങ്ങളുടെ ഉൽകൃഷ്ടത കാണിക്കാൻ ഇനി എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയും. എന്നാൽ, ലേഖനദൈൎഘ്യഭീതിയാൽ തൽകാലം വിരമിച്ചുകൊള്ളുന്നു.

(സീത പ്രവേശിക്കുന്നു)

സീ—കുഞ്ഞേ! ലവാ!

ല—എന്താ അമ്മേ!

സീ—നീ എന്തിനു കുതിരയെ പിടിച്ചു കെട്ടി?

ല—അമ്മേ! ഈ കുതിര ആശ്രമവനത്തിൽ കയറിവന്നു. അതുകൊണ്ടാണു ഞാൻ അതിനെ പിടിച്ചുകെട്ടിയതു്.

സീ—കുതിരയെ നിനക്കു എന്തിനാണു്.

ല—അതിൻെറ പുറത്തുകയറാൻ.

സീ—ആരെങ്കിലും കുതിരയെ അന്വേഷിച്ചു വന്നെങ്കിൽ-അപ്പോഠം?

ല—ഇപ്പോഠം ഒരു ശിപായി വന്നിരുന്നു അമ്മേ. ഞാൻ അവനോടു പറഞ്ഞു യുദ്ധം ചെയ്യാതെ കുതിരയെ തരുകില്ലെന്നു്.

(പരിഭ്രമിച്ചുകൊണ്ടു കുശനും മററു മുനിബാലന്മാരും പ്രവേശിക്കുന്നു.)

കു—അമ്മേ! അമ്മേ! ഒരു വലിയ സൈന്യം വന്നു നമ്മുടെ ആശ്രമത്തിനു നാലുപുറവും വളഞ്ഞിരിക്കുന്നു. ലവൻ ഈ കുതിരയെ പിടിച്ചുകെട്ടിയതിനാൽ വലിയ ബഹളമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു.

ല—കുശാ! നീ അടങ്ങിയിരുന്നുകൊള്ളു. യുദ്ധം ചെയ്യാൻ ഞാനുണ്ടു് പേടിക്കേണ്ട.

കു—അസംഖ്യം സൈന്യങ്ങഠം വന്നിട്ടുണ്ടു്. നീ തനിച്ചു എന്തുചെയ്യും? അതാ ഒരു ആരവം കേഠക്കുന്നില്ലയോ? ഞാൻ ഇപ്പോഴും പറയുന്നു. ലവാ! കുതിരയെ വിട്ടുകൊടുക്കൂ.

സീത—അതേ മകനേ! വിട്ടുകൊടുക്കൂ.

ല—ഇല്ല, അമ്മേ! ഞാൻ പറഞ്ഞുകഴിഞ്ഞു യുദ്ധം കൂടാതെ കുതിരയെ കൊടുക്കുകയില്ലെന്നു് മരിച്ചാൽ മരിക്കട്ടെ! ജീവിച്ചാൽ ജീവിക്കട്ടെ. എന്നാലും കുതിരയെ ഞാൻ കൊടുക്കുകില്ല. ക്ഷത്രിയകുമാരൻെറ പ്രതിജ്ഞ വ്യത്ഥമാകയോ? കൊള്ളാം! അമ്മേ! അമ്മ അതാണോ ഇഷ്ടപ്പെടുന്നതു്? അമ്മ പൊയ്ക്കൊള്ളു. യുദ്ധം നടക്കട്ടെ. കുശാ! നീയും പോകൂ. ഞാൻ ക്ഷത്രിയവീരനാണു്. ലവൻ തനിച്ചു നൂറുസഹസ്രനായകന്മാക്കു തുല്യനാണു്.

സീ—ലവാ! ഒരു കുതിരയ്ക്കുവേണ്ടി നീ യുദ്ധം ചെയ്യുമോ?

ല—ഉവ്വ്. യുദ്ധം ചെയ്യും.

സീ—ഇത്ര വലിയ സൈന്യത്തോടോ?

ല—അതേ, ഇത്രവലിയ സൈന്യത്തോടുതന്നെ.

സീ—തനിച്ചോ?

ല—അതേ, തനിച്ചു്.

സീത (വിചാരിക്കുന്നു) അദ്ദേഹത്തെപ്പോലെ തന്നെയുള്ള തേജസ്സ്! അതുപോലെതന്നെയുള്ള ദൃഢപ്രതിജ്ഞ. അതുപോലെയുള്ള അഭിമാനം. അതുപോലെയുള്ള ഭാവം. വിസ്താരമേറിയ മാറിടം. കണ്ണുകളിൽ അതുപോലെയുള്ള തേജസ്സ്. അദ്ദേഹത്തിൻെറ ശരിപ്രതിമതന്നെ. (ലവനോടു്) മകനേ! നീ ക്ഷത്രിയവീരൻതന്നെ, ഞാനും ക്ഷത്രിയസ്ത്രീയാണു്. നിനക്കു യുദ്ധത്തിലുള്ള താല്പര്യത്തെ ഞാൻ തടയുന്നില്ല. ഞാൻ ഇതാ എൻെറ പാദപരാഗം നിൻെറ മസ്തകത്തിലണിയിച്ചു നിന്നെ അനുഗ്രഹിക്കുന്നു. ഞാൻ സതിയാണെങ്കിൽ—ഞാൻ പതിവ്രതയാണെങ്കിൽ—എൻെറ അനുഗ്രഹത്താൽ നീ ലോകത്തിലുള്ള സകല വീരന്മാരേയും ജയിക്കട്ടെ!!

(പാദപാംസുക്കഠം ലവൻെറ നെററിയിൽ അണിയിക്കുന്നു.)

# ഒരു ജാതി.

(കടമാളൂർ, കെ. സി. കേശവൻനായർ ബി. ഏ.)

"മാനുഷന്നൊരു ജാതി,
മാനുഷന്നൊരുമതം,
മാനുഷന്നൊരേയൊരു
ദൈവ"...മെൻനാടേ! പാട്ടു.

മാമകമഹനീയമാതൃരാജ്യത്തിന്നേററം,-
രാമയമശേഷവുമകററും ദിവ്യൗഷധം.
ആദിശങ്കരാചാര്യസ്വാമികൾക്കൊപ്പം ലോക-
മാദരിച്ചാരാധിച്ച ശ്രീനാരായണഗുരു,
അന്ധ്യവു, മശുദ്ധിയു,മസമത്വവുംമൂലം
'ഭ്രാന്തശാല'യായ് ത്തീർന്നഭാഗ്യവൽക്ഷേത്ര-
ത്തിങ്കൽ;
അദ്വൈതപ്പൊരുളിന്റെയക്ഷയപ്രഭവീശാ,-
നദ്ദിവ്യൻകനിഞ്ഞുതന്നു കത്തിച്ചുമണിദീപം:
നിന്ദ്യമാംസമുദായമാത്സര്യം നീക്കാനൊരു
വന്ദ്യമാം സാഹോദര്യസ്നേഹപാവനമന്ത്രം;

"മാനുഷന്നൊരുജാതി,
മാനുഷന്നൊരുമതം,
മാനുഷന്നൊരേയൊരു
ദൈവ"...മെൻനാടേ പാട്ടു.

ഹിന്ദുവും ക്രിസ്ത്യാനിയുംമുസ്‌ലീമും പരസ്പരം
നിന്ദിച്ചുനിരന്തരം ഹിംസിക്കാതിരിക്കുവാൻ,
മർത്ത്യനെ മതത്തിന്റെ ഭിന്നമുദ്രകൾനീക്കി
മർത്ത്യനായ്മാത്രം മർത്ത്യൻകണ്ടുതൃപ്തനായ്-
ത്തീരാൻ;
ശാന്തിതൻശ്രീകോവിലിൽ, സ്നേഹദീപ-
ത്തിൻമുന്നിൽ
ശാശ്വതാനന്ദത്തിന്റെ ദേവനെപ്രതിഷ്ഠി-
ക്കാൻ;
നീചനീചമാംജാതിസ്പൃദ്ധയാൽ നരലോകം
നാശഗർത്തത്തിൽവീണു വിലയംപ്രാപിക്കാ-
യ്വാൻ;
വർഗ്ഗീയവിദ്വേഷവും വർണ്ണവിഭ്രമങ്ങളും
സ്വർഗ്ഗത്തിൻവിരിമാറിൽ നരകംനിർമ്മിക്കായ്വാൻ
"മാനുഷന്നൊരു ജാതി,
മാനുഷന്നൊരുമതം,
മാനുഷന്നൊരേയൊരു
ദൈവ"മെന്നതേധന്യം!!...

—*—


# ഫെറോധാത്രി.

## FERRO DHATHRI

അനാരോഗ്യത്തിൽ നിരാശരായിത്തീർന്നുപോയ അനേകരെ തഴച്ചുവരുന്ന യൗവ്വന ശക്തി നൽകി അനുഗ്രഹിച്ചുപോരുന്ന ഞങ്ങളുടെ ഫെറോധാത്രി എന്ന "കായകല്പ സിദ്ധൗഷധം" 24 ഔൺസ് കുപ്പികളിൽ പുതിയ വർണ്ണലേബിൾ ഒട്ടിച്ച് വിതരണം ആരംഭിച്ചിരിക്കുന്ന വിവരം ഇതിനാൽ സകലരേയും അറിയിച്ചുകൊള്ളുന്നു.

പാക്കിംഗ് & പോസ്റ്റേജ് പ്രത്യേകം. 24 ഔ: കുപ്പിക്ക് 5 രൂ.

നിർമ്മാതാക്കൾ:—ആര്യവൈദ്യാശ്രമം, കൊല്ലം.

കലാവീഥി.

# നാട്യകല.

---

(കളുവാമ്കോടം, ഡി. കെ. ബാലകൃഷ്ണൻ)

ലോകത്തിന്റെ ശൈശവകാലത്തുണ്ടായിരുന്നവർ പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും വായു ശ്വസിച്ചിരുന്നില്ല. അന്ധകാരാവൃതമായ അവരുടെ മനസ്സിൽ സംസ്കാരത്തിന്റെ ഒരു കിരണംപോലും പതിഞ്ഞിരുന്നില്ല. അവർ ആദ്ധ്യാത്മികകാര്യങ്ങളിൽ അപരിചിതരും ഭൗതികകാര്യങ്ങളിൽ തല്പരന്മാരും ആയിരുന്നു.

പഞ്ചേന്ദ്രിയങ്ങൾ മുഖേന ഉണ്ടായിക്കൊണ്ടിരുന്ന വികാരങ്ങളെ നിയന്ത്രിക്കാൻതക്ക മനശ്ശക്തി അവർക്കുണ്ടായിരുന്നില്ല. അതിനാൽ പാട്ടുകളും ആംഗ്യങ്ങളും അവരിൽ സാധാരണങ്ങളായി. നാം തന്നെ സംസാരിക്കുമ്പോൾ ആശയം ശരിയായി പ്രകാശിപ്പിക്കാൻ ആംഗ്യം കാണിക്കാറുണ്ടല്ലോ.

അക്കാലങ്ങളിലാണു് മനുഷ്യനു് ഈശ്വരവിശ്വാസമുണ്ടായതു്. ചുററും അവൻ കണ്ണോടിച്ചു നോക്കിയപ്പോൾ അതിശയമുണ്ടായി. ചില പ്രത്യേകമായ കാലങ്ങളിൽ പ്രത്യേകതരം ഉദ്ഭിത്തുക്കൾ ഉണ്ടാകുന്നു. ക്രമേണ അവ നശിക്കുന്നു. മനുഷ്യൻ ജനിച്ചു് മരണത്തിലേക്കു് യാത്രചെയ്യുന്നു. ഈ അത്ഭുതത്തിനെല്ലാം മൂലകാരണമായി, ഇതിനെല്ലാം ശക്തിയുള്ള ഒരു ശക്തിവിശേഷത്തെ അവൻ വിശ്വസിക്കയും, ആ ശക്തിവിശേഷത്തെ അവൻ ഈശ്വരനെന്നു് സംബോധന ചെയ്കയും ചെയ്തു. ഈശ്വരന്റെ അനുകൂല്യമില്ലാതെ ഇഹലോകജീവിതം വിജയപൂർവ്വം നയിക്കാൻ സാധിക്കയില്ലെന്നുള്ള ബോധം അവനിൽ ഉണ്ടായി. തന്മൂലം അവൻ ഈശ്വരഭക്തനായി. ഈശ്വരപ്രീതിക്കായി അവൻ സ്തോത്രങ്ങൾ ഉച്ചരിക്കയും നൃത്തങ്ങൾ നടത്തുകയും ചെയ്തു. അതായിരുന്നു നാട്യകലയുടെ വിത്തു്. ഇതിൽനിന്നു് നമുക്കു മനസ്സിലാകുന്നതു് ദേവാലയങ്ങളുടെ പ്രാന്തഃപ്രദേശങ്ങളിൽ നിന്നാണു് നാട്യാദികലകൾ ഉടലെടുത്തിട്ടുള്ളതു് എന്നുള്ള സംഗതിയാകുന്നു.

നൃത്തം പരിഷ്കരിച്ചു് നൃത്യമാകുകയും, നൃത്യം അഭിവൃദ്ധിപ്പെട്ടു് നാട്യമാകുകയും ചെയ്തു. നാട്യത്തിൽ ഉൾപ്പെടുന്നതാണു് നാടകങ്ങൾ.

നാടകസാഹിത്യത്തിൽ മലയാളത്തിന്റെ മാർഗ്ഗദർശി സംസ്കൃതമാണു്. ഭാഷയിലെ ആദിനാടകങ്ങളെല്ലാം തന്നെ സംസ്കൃതതർജ്ജമകളായിരുന്നു. കുറെക്കാലം കഴിഞ്ഞു് തമിഴ്നാടകങ്ങൾക്കു് നമ്മുടെ നാട്ടിൽ പ്രചാരം സിദ്ധിച്ചതോടുകൂടി മലയാളത്തിലും സംഗീതനാടകങ്ങളുണ്ടായി.

സംഗീതനാടകങ്ങളിൽ സാധാരണ ജനങ്ങൾക്കു പ്രീതിയാണുള്ളതു്. എന്നാൽ സംഗീതനാടകങ്ങളെപ്പററി ആലോചിക്കുമ്പോൾ ഒരു കലാപ്രേമിയുടെ ഹൃദയം വേദന അനുഭവിക്കയാണു ചെയ്യുന്നതു്.

മലയാളസംഗീതനാടകവേദി കലോദ്ദേശ്യങ്ങളിൽ നിന്നും വ്യതിചലിച്ചു്, സാധാരണജനങ്ങൾക്കു പ്രീതിയുണ്ടാക്കി പണം സമ്പാദിക്കാനായി അധഃപതനത്തിലേക്കു് ഇറങ്ങിവന്നിരിക്കുകയാണു്.

നാടകവേദി ഇയ്യിടെ സംഗീതവേദിയായിത്തീർന്നിരിക്കുന്നു. സംഗീതംപോലെ സരളവും മധുരവും ആയ കലകൾ വളരെ അപൂർവ്വമാണെങ്കിലും അതിന്റെ അസ്ഥാനപ്രകാശനം ആരും വെറുക്കുകതന്നെ ചെയ്യും. സാധാരണയായി നാടകങ്ങളിലെ നായകൻ പ്രവേശിക്കുന്നതു തന്നെ ഒരു ദീർഘകീർത്തനവും പാടിക്കൊണ്ടാണു്. ഒരു സ്വരക്കസർത്തും, കുറെ രാഗമാലികയുടെ പ്രകാശനവും ഒരയാൾ സാധിക്കുന്നു. ജനങ്ങൾ ഇളകി 'ക്ലാപ്പ്സ്' നൽകുന്നു. യഥാർത്ഥത്തിൽ ഈ 'ക്ലാപ്പ്സ്' ആണു് നാടകവേദിയെ വഷളാക്കുന്നതു്.

ഇന്നു് നമ്മുടെ നാടകവേദിയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന എല്ലാ നാടകങ്ങളുടേയും കഥ

ഒന്നാണു്. സകല ഗുണഗണങ്ങളുടേയും വിളനിലമായ ഒരു നായകനും, അയാളെ പ്രണയിക്കുന്ന ഒരു ഗുണവതിയും ചാരിത്രവതിയും ആയ ഒരു നായികയും, ദുർഗ്ഗുണങ്ങളുടെ ഇരിപ്പിടമായ ഒരു ദുഷ്ടപാത്രവും, അനുയായികളും, വേഷപ്രച്ഛന്നനായ ഒരാളും ഇതിലെ സാധാരണ ഘടകങ്ങളാണു്. നായികാനായകന്മാരുടെ പ്രണയചന്ദ്രനെ ഗ്രസിക്കുന്ന രാഹുകേതുക്കൾ അവസാനം ആ ചന്ദ്രനെ മോചിപ്പിക്കുന്നതും, നായികാനായകന്മാരുടെ വിവാഹം നടക്കുന്നതും നാടകങ്ങളുടെ അവസാനഭാഗങ്ങളാണു്. നാടകം കാണുന്ന ഒരാൾ വിചാരിക്കും, കഠാരയും മരണവും, പുകവലിയും മദ്യപാനവും നാടകത്തിന്റെ അവിഭാജ്യഘടകങ്ങളാണെന്നു്.

ഇതിനെല്ലാം ഉപരിയായി നാടകത്തിൽ നാട്യത്തിനല്ലാ, സംഗീതത്തിനാണു് കൂടുതൽസ്ഥാനം കൊടുത്തുകാണുന്നതു്. നാട്യകലയിൽ സല്പംപോലും വാസനയോ, പരിചയമോ ഇല്ലാത്ത ഒരു സംഗീതവിദഗ്ദ്ധനായിരിക്കും നായകൻ. എത്ര നാട്യകലാവിദഗ്ദ്ധനായാലും അയാൾക്കു് നായകനെക്കഴിഞ്ഞേ സ്ഥാനമുള്ളു. അസ്ഥാനത്തു് അനാവശ്യമായി സംഗീതം തിരികിച്ചേക്കുന്നതു് വളരെ ഗർഹണീയമാണു്.

ജീവൽപ്രശ്നങ്ങളെ പരാമർശിക്കുന്ന എത്ര നാടകങ്ങൾ മലയാളനാടകവേദിയിലുണ്ടു്? ഈ ചോദ്യം കേൾക്കുമ്പോൾ നാം ഞെട്ടുന്നു. നാടകവേദി പ്രണയത്തിന്റെയും മദ്യപാനത്തിന്റെയും ചുററും പറന്നു കളിക്കയാണു്.

എന്താണു് നമ്മുടെ നാടകവേദി ഇത്രയ്ക്കു് അധഃപതിച്ചതു് എന്നു ചോദിച്ചാൽ ചിലർ പറഞ്ഞേക്കും; ജനങ്ങളുടെ അഭിരുചി ആവിധത്തിലായതുകൊണ്ടാണു്, എന്നു്. എന്നാൽ കലാബോധമുള്ള ഒരാൾ ഇതു പറയുകയില്ല. കലയെ ജനങ്ങൾ നയിക്കരുതു്; കല ജനങ്ങളെ നയിക്കണം. ജനങ്ങളുടെ അഭിരുചി അങ്ങനെയെങ്കിൽ ആ അഭിരുചിയെ ഹനിച്ചിട്ടു് യഥാർത്ഥ കലാബോധം ജനങ്ങളിൽ ഉണ്ടാക്കാൻ പര്യാപ്തമായ നാടകങ്ങൾ നമ്മുടെ നാടകവേദിയിൽ പ്രത്യക്ഷപ്പെടണം. അങ്ങനെ ജനങ്ങളെ ഉയർത്തണം; കലയും ഉയരും.

നീണ്ടനീണ്ട സംഭാഷണങ്ങൾ കഥാപാത്രങ്ങളെക്കൊണ്ടു് ചെയ്യിക്കുന്നതു് അസംഭാവ്യവും ദയനീയവുമാകുന്നു. നായികയുടേയും അപൂർവ്വമായി നായകന്റേയും പേരുകൊട്ടുന്ന നാടകങ്ങൾ പുറത്തിറക്കുന്ന ഒരു സാഹിത്യകാരന്റെ എല്ലാ കഥാപാത്രങ്ങളും ഈ വിധത്തിലുള്ള അവശത അനുഭവിക്കുന്നവരാണു്. പോലീസ് ഇൻസ്പെക്ടരെക്കൊണ്ടു് പുരോഗമനസാഹിത്യകാരന്മാരെ ദുഷിച്ചു പറയിപ്പിക്കുന്നതും നാടകത്തിനു് യോജിച്ചതല്ല.

നാടകലോകത്തിൽ വളരെ വളരെ ഇരുണ്ട വശങ്ങളുണ്ടു്. അവ പരിഹരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനായി അപൂർവ്വം ചില കലാകാരന്മാർ അതിയായി ശ്രമം ചെയ്യുന്നുണ്ടു്. നാടകപരിഷ്കരണത്തിനായി കലാകാരന്മാരേയും ബഹുജനങ്ങളേയും ആഹ്വാനം ചെയ്തുകൊള്ളുന്നു.


# മസൂരിജ്വരനിവാരണഗുളിക.

മസൂരിരോഗാണുക്കൾ ശരീരത്തിൽ വ്യാപിക്കാതെ സൂക്ഷിക്കുന്നതിനു് അത്യുത്തമമായ ഒരു ദിവ്യൗഷധം. രോഗം വരാത്ത ആളുകൾ ഈ ഗുളിക ഉപയോഗിച്ചുകൊണ്ടു് മസൂരി പിടിപെട്ടവരെ ശുശ്രൂഷിക്കാം; രോഗം പകരുകയില്ല. മററെല്ലാവിധ രോഗങ്ങളേയും ഉടൻ ശമിപ്പിക്കുന്ന ദിവ്യൗഷധങ്ങളുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക: —

കെ. കൊച്ചുവേലുവൈദ്യൻ,
ഗൗതമവിലാസം ആയുർവേദവൈദ്യശാല,
പാക്കള്ളിൽചിറയിൽ,
തെക്കനാര്യാട്ടു്—ആലപ്പുഴ.

# സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ.

(കവിശ്രീ. എം. ജി.)

(ഗദ്യകവിത.)

വെളിച്ചമേ,

വിശ്വമുററുനോക്കിക്കൊണ്ടിരുന്ന വെളിച്ചമേ, സ്വാഗതം!

നിത്യനിശ്ചലഗംഭീരനായ ഹിമവാൻ —

ലാവണ്യസങ്കേതങ്ങളായ അഗാധസാഗരങ്ങൾ,

ആദർശശൃംഖലയായ ഭാരതാവനിയുടെ വൈതാളികന്മാർ,

വെള്ളമുത്തണിപൊൻതളികകളിൽ, മധുരോപഹാരമേന്തി, അവിടുത്തെ എഴുന്നള്ളത്തു പ്രതീക്ഷിച്ചു്,

ആകാംക്ഷാപൂർവ്വം, അക്ഷമം നിലകൊള്ളുന്ന ആർഷകർമ്മത്തിന്റെ മനോഹാരിതനിറഞ്ഞ ശ്യാമസുന്ദരിയായ ഭാരതസവിത്രിയുടെ പാദങ്ങളിൽ ഇഴഞ്ഞലയുന്ന മരതകപ്പൂഞ്ചേല,

ആകാശസീമകൾക്കപ്പുറം ഒളിവീശുന്ന, നിർമ്മലജ്യോതിസ്സ്! സത്യപ്രകാശമേ! വരൂ! മുക്തിതരൂ!

അന്ധതയുടെ അസിതവസനം കൊണ്ടു്, വിശ്വപ്രകാശത്തെ ആവരണം ചെയ്തിരിക്കുന്ന കരാളമൂർത്തിയായ രജനിയേയും, ഉയർന്നു പൊങ്ങുന്ന ആത്മാവിനെ അതിരോഷം പിടിച്ചമർത്തുന്ന പാരതന്ത്ര്യത്തേയും,

മായിക്കൂ! മാററൂ!

മർദ്ദിതലക്ഷങ്ങളുടെ മങ്ങിയ ജീവിതം, സ്വാതന്ത്ര്യമായി പ്രകാശിക്കട്ടെ!

അടിമകളുടെ അവശഹൃദയം, വെളിച്ചം നുകരട്ടെ!

ആർഷഭൂമിയുടെ സൗരഭിലസന്ദേശം, ചക്രവാളംവരെയുയർന്നു വീശട്ടെ!

പാരതന്ത്ര്യത്തിന്റെ കാരിരുമ്പുചങ്ങലകളിൽ നിന്നും ഭാരതത്തെ മോചിപ്പിക്കുവാനവതരിച്ച പുണ്യപ്രദീപമേ,

സാമ്രാജ്യ ദുർമ്മോഹത്തിന്റെ ഹീനാന്ധകാരത്തിൽ നിന്നും പൊൻപുലരികളെയുദ്ധരിക്കുവാനുദിച്ച ദിവ്യതേജസ്സേ,

ആർഷധർമ്മപ്രവാചക,

അവിടുത്തെ ആഗമം; വിശ്വത്തിനാനന്ദം.

തണുത്തു മരവിച്ച സ്വാത്മത, നിന്റെ പാദങ്ങളിൽ പതിക്കുന്നു. ഉദിച്ചുയർന്ന പരാത്മത, നിന്റെ മുൻപിൽ നമിക്കുന്നു.

വിശ്വസ്നേഹത്തിന്റെ കാഞ്ചനഖഡ്ഗം കൊണ്ടു്, പാരതന്ത്ര്യശൃംഖല മുറിക്കൂ!

ഞെരിഞ്ഞമരുന്ന ജീവലക്ഷങ്ങളെ മോചിപ്പിക്കൂ!

സ്വാതന്ത്ര്യത്തിന്റെ വിജയപതാക, വിശ്വമെങ്ങും നിവരട്ടെ!

പുൽമാടങ്ങളിൽ, തുറുങ്കറകളിൽ, സ്വാതന്ത്ര്യത്തിന്റെ—വെളിച്ചം വിതറട്ടെ!

അന്ധകാരം അകലട്ടെ!

ആനന്ദം ഉയരട്ടെ!

വരുവിൻ, ത്യാഗത്തിന്റെ പ്രതാപത്തിൽ ഉയരുവിൻ!

സ്വാതന്ത്ര്യത്തിന്റെ കൊടിക്കീഴിൽ ഒന്നിപ്പിൻ!

ഭാരതമാതാവിനെ വന്ദിപ്പിൻ!

# റൊമെയിൻ റോളണ്ട്. *

(ഡി. ശ്രീമാൻ നമ്പൂതിരി, മൂവാററുപുഴ.)

ഉദ്ദേശഹീനവും ശൂന്യതാധിഷ്ഠിതവും ഉപരിപ്ലവാത്മകവുമായ പത്തൊൻപതാം ശതാബ്ദത്തിലെ സാഹിത്യത്തിന്റെ പാരമ്പര്യത്തിൽനിന്ന് ഫ്രഞ്ചുഭാഷയെ ഒരു മഹനീയ ശൃംഗത്തിലേയ്ക്ക് കൊണ്ടെത്തിച്ചതു് പ്രധാനമായും റൊമെയിൻറോളണ്ടാണ്. ശ്ലഥമായ സാഹിത്യചിത്രനിർമ്മാണംവിട്ട് ജീവിതവുമായുള്ള അടുപ്പത്തെ അദ്ദേഹം പോഷിപ്പിച്ചു. ജീവിതത്തിന്റെ തൊങ്ങലുകളിൽമാത്രം സ്പർശിക്കുന്ന പ്രകൃത്യനുസാരിത്വം അത്ര ഉൽകൃഷ്ടമല്ല. ഒരിക്കലും നശിക്കാത്ത പ്രകാശം, ആത്മാവിന്റെ അടിത്തട്ടിൽനിന്നും പൊങ്ങുന്ന പ്രകാശം കണ്ടെത്തുവാൻ റോളണ്ട് പരിശ്രമിച്ചു. ജീവിതത്തിലായാലും കൊള്ളാം സാഹിത്യത്തിലായാലും കൊള്ളാം ആത്മാവിന്റെ മധുരപ്രവാഹമാണ് അദ്ദേഹത്തിന്റെ പ്രതിഭയ്ക്കു ഉത്തേജനം നല്കിയിരുന്നതു്. ഫ്രഞ്ചുസാഹിത്യത്തെക്കാൾ റഷ്യൻസാഹിത്യത്തെയാണ് അദ്ദേഹം കൂടുതൽ വിലമതിച്ചിരുന്നതും. അതിൽനിന്ന് അദ്ദേഹം പിന്തിരിഞ്ഞിട്ടുമില്ല.

ഒരു സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ നില അതുല്യവും ശാശ്വതവുമത്രേ. അദ്ദേഹത്തിന്റെ ജീൻക്രിസ്റ്ററഫൊറെപ്പററി എഡ്മൻഡ് ഗൂസ് പറഞ്ഞിട്ടുള്ളതു് "ഇരുപതാംനൂററാണ്ടിലെ കഥാഗ്രന്ഥങ്ങളിൽ ഏററവും ഉയർന്ന നിലയിൽ വർത്തിക്കുന്നതു്" എന്നാണ്. അതിൽ കരുതിക്കൂട്ടി വിനിവേശിപ്പിച്ചിട്ടുള്ള രൂപരാഹിത്യവും സംശ്ലേഷണഹീനതയും സാഹിത്യവീക്ഷണവും ഫ്രഞ്ചിന്റേതല്ല. ജീൻക്രിസ്റ്റോഫും അതിന്റെ നിർമ്മിതാവിനെപ്പോലെ സത്യത്തിന്റെയും ആത്മാർത്ഥതയുടെയും ജീവിതംനയിക്കാൻയത്നിച്ചിട്ടുള്ളവനും എന്നാൽ തന്റെ ചുററുപാടുകൾ നൽകുന്ന വിഷമതകളാൽ വീർപ്പുമുട്ടുന്നവനുമാണ്. ആധുനികകാലത്തെ സാന്മാർഗ്ഗികവും ബുദ്ധിപരവുമായ പ്രവർത്തനങ്ങളുടെ മുട്ടപ്പടത്തിലൂടെയുള്ളൊരു വിമർശനവും കുറെയൊക്കെ ആത്മകഥാത്മകവുമാണ് ആ വിശിഷ്ടഗ്രന്ഥം. അതിലെ നായകനും ഗ്രന്ഥകാരനെപ്പോലെ ദേശഭ്രഷ്ടനായിത്തീർന്ന് സാർവലൌകികത്വത്തിന്റെ മെക്കയായ സ്വിററ്സർലണ്ടിൽ താമസിക്കുന്ന ആളാണ്.

അദ്ദേഹത്തിന്റെ വേറൊരു ഗംഭീരനോവൽ "വിമോഹിതാത്മാവ്" ആണ്. തെററുകളുടെയും കാപട്യത്തിന്റെയും കുഴക്കിമറിയുന്ന ദിഗ്ഭ്രമത്തിൽ ഇവിടെയും ആത്മാർത്ഥതയുടെയും സത്യത്തിന്റെയും അന്വേഷണം തെളിഞ്ഞുകാണുന്നു. അവർ ചിത്രീകരിക്കുന്ന ജീവിതംപോലെതന്നെ അദ്ദേഹത്തിന്റെ ആഖ്യായികകളും, വീരചരിതാത്മകമാകുന്നു.

ടോൾസ്റ്റോയിയുടെ സിദ്ധാന്തങ്ങളെ രണ്ടുവിധത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളതു് റോളണ്ടും ഗാന്ധിജിയുമാകുന്നു. റോളണ്ട് അദ്ദേഹത്തിന്റെ സാഹിത്യസാരവുംകൂടി കടഞ്ഞെടുത്തു. അദ്ദേഹത്തിന്റെ ആദ്യകാലത്തെ നാടകങ്ങൾ ടോൾസ്റ്റോയിയുടെ ആദർശങ്ങളെ പരിരംഭണം ചെയ്യുന്നവയാണ്. അദ്ദേഹത്തിന്റെ കഥാനായകനായ ജീൻക്രിസ്റ്റോഫും ടോൾസ്റ്റോയിയൻ ആദർശങ്ങളനുസരിച്ച് ജീവിക്കുന്നു. ഗാന്ധിജിയെപ്പോലെ അക്രമരാഹിത്യസിദ്ധാന്തവും അദ്ദേഹം ടോൾസ്റ്റോയിയിൽ നിന്നു പഠിച്ചു. ഗാന്ധിജി കഴിഞ്ഞാൽ സാന്മാർഗ്ഗികാഭ്യുദ്ധരണത്തിന് ഏററവും കൂടുതൽ ശ്രമിച്ചിട്ടുള്ളതു് റോളണ്ടുതന്നെ. ഗാന്ധിജി കഴിഞ്ഞാൽ ജീവത്തായ ആത്മാർത്ഥതയുടെയും മകുടോദാഹരണം അദ്ദേഹംതന്നെ: എഴുത്തുകാരനായ റോളണ്ടുതന്നെയാണ് ജീവിക്കുന്ന റോളണ്ടും.

* സുനീലകുമാർ ബോസിന്റെ ഒരു ലേഖനത്തിൽനിന്ന്.

അദ്ദേഹം ഒരു വെറും ആഖ്യായികാകാരനല്ല. കുട്ടിക്കാലത്തും അദ്ദേഹം തന്റെ സാന്മാർഗ്ഗിക പ്രഭാവം പ്രകടമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഒരു കഥാപാത്രം പറയുന്നു, മഹാനാകുകയും ലോകത്തിൽ മഹത്വം സ്ഥാപിക്കുകയുമാണു് നമ്മുടെ പ്രധാന കർത്തവ്യം. ഈ ആദർശത്തോടുകൂടിയാണു് അദ്ദേഹം ജീവിതത്തിന്റെ കരിശ്ശുയുദ്ധം നടത്തിയതു്. അതിൽ അദ്ദേഹത്തിനു് വിജയാത്മകമായ ഒരു പരാജയമാണു് സിദ്ധിച്ചതു്.

കലഹങ്ങളുടെയും സാന്മാർഗ്ഗികത്വത്തിന്റെ അസ്വാസ്ഥതകളുടെയും കാലമായിരുന്ന 1914-നു് മുമ്പാണു് ജീൻക്രിസ്റ്റോഫർ ജനിച്ചതു്. മഹായുദ്ധകാലത്തു് റോളണ്ടു് ജനീവയിലേയ്ക്കു് മാറിത്താമസിച്ചു് യൂറോപ്പിനെയും അതിന്റെ രക്തച്ചൊരിച്ചിലിനെയും വേദനയോടെ വീക്ഷിച്ചു. ഒരു സ്വിസ്സ്‌പത്രത്തിൽ അദ്ദേഹം എഴുതുകയുണ്ടായി, 'ഓരോ രാജ്യത്തെയും ഏററവും ദൂഷിച്ച ശത്രു അതാതു രാജ്യത്തിൽ തന്നെയുണ്ടു്. അതിനെ എതിർക്കാനുള്ള ധൈര്യം ആർക്കും കാണുന്നില്ല. ആ സഹസ്രശീർഷകത്വം സാമ്രാജ്യത്വമല്ലാതെ മറെറാന്നുമല്ല —' അദ്ദേഹം കുറേക്കാലത്തേയ്ക്കു് ദേശീയത്വത്തിന്നെതിരായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനാദ്ധ്യായം കുറച്ചുകൂടി ശോഭനമാണു്. റോളണ്ടിന്റെ ആത്മാർത്ഥതയേയും ബുദ്ധിപരമായ സത്യസന്ധതയേയും ശരിക്കും പരിരക്ഷിക്കുന്ന ഒന്നായിരുന്നു സോവിയററു് കമ്മ്യൂണിസം. ഇൻഡ്യക്കു റോളണ്ടിനോടു് വലിയ കടപ്പാടുണ്ടു്, ഭാരതീയസംസ്കാരത്തെ ശരിക്കു മനസ്സിലാക്കുകയും അഭിനന്ദിക്കുകയും അതിനെ മററുള്ളവക്കു കാണിച്ചു കൊടുക്കുകയും ചെയ്തിട്ടുള്ള ചുരുക്കം ചില പാശ്ചാത്യരിൽ ഒരാളാണദ്ദേഹം. രാമകൃഷ്ണൻ, വിവേകാനന്ദൻ, ഗാന്ധിജി, അരവിന്ദൻ, ടാഗോർ ഇവർ ഇൻഡ്യ അന്തർഭവിക്കുന്ന മഹൽപാരമ്പര്യമുൾക്കൊള്ളുന്നവരായിട്ടദ്ദേഹംകരുതി. അദ്ധ്യാത്മികചിന്താസംഭൃതയായ നമ്മുടെ രാജ്യത്തെ ഇതിൽക്കൂടുതൽ അറിഞ്ഞിട്ടുള്ളവരില്ല. നമ്മുടെ ജീവിതത്തെയും തത്വശാസ്ത്രത്തെയും വ്യാഖ്യാനിച്ചു് ലോകത്തിനു കാട്ടിക്കൊടുത്തു് നമ്മൾക്കുവേണ്ടി ഇത്രയേറെ പരിശ്രമിച്ചിട്ടുള്ള ആളുമില്ല. ഗാന്ധിജിയിൽ അദ്ദേഹം യഥാർത്ഥകർമ്മപദ്ധതികണ്ടു്, രാമകൃഷ്ണനിൽ യഥാർത്ഥഭക്തിയും. രാമകൃഷ്ണനെ അദ്ദേഹം 'ക്രിസ്തുവിന്റെ അനുജൻ' എന്നു പറയുന്നു. 'ആധുനിക ഇൻഡ്യയിലെ ഏററവും ബുദ്ധിമാനും ഏററവും ഉത്തമനും ഏററവും അഭിമാനിക്കത്തക്കവനും വിവേകാനന്ദനാണെന്നു് അദ്ദേഹം പറയുകയുണ്ടായി. ഗാന്ധിജിയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായമിതാണു്, രണ്ടായിരം കൊല്ലത്തിനിപ്പുറം, മുപ്പതു കോടിയിൽ കൂടുതൽ ജനങ്ങളെ കർമ്മപ്രവണരാക്കാനും, ബ്രിട്ടീഷ് സാമ്രാജ്യത്തെയാകെ പിടിച്ചു കുലുക്കാനും, സുശക്തമായിരുന്ന സാന്മാർഗ്ഗികപ്രസ്ഥാനത്തെ വളർത്താനും കഴിഞ്ഞിട്ടുള്ള ഒരേ ഒരു മഹാപുരുഷൻ ഗാന്ധിജിയാണു്.' ടോൾസ്റ്റോയിയും ഗാന്ധിജിയും തമ്മിൽ അതിയായ സാദൃശ്യം അദ്ദേഹം കാണുന്നു. രണ്ടുപേരും അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്നു. രണ്ടുപേരും ലോകപൌരന്മാരാണു്. രണ്ടുപേരും മനുഷ്യവർഗ്ഗത്തിന്റെ ഐക്യത്തിൽ വിശ്വസിക്കുന്നു.

റോളണ്ടു് വിശ്രമിച്ചിട്ടില്ല. "ഞാൻ വിശ്രമിക്കുകയില്ല" എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായത്തിന്റെ സാരമാണു്. റോളണ്ടിന്റെ യഥാർത്ഥാഭിപ്രായങ്ങളെല്ലാം ആ ഗ്രന്ഥത്തിൽ കാണാം.

പൊട്ടിപ്പൊളിഞ്ഞുകൊണ്ടിരിക്കുന്ന യൂറോപ്യൻസംസ്കാരത്തിന്റെ പൊട്ടലുകളെ ഹൃദയവേദനയോടെ അദ്ദേഹം വീക്ഷിച്ചു. യൂറോപ്യൻരാജ്യങ്ങൾ തമ്മിൽ ഒത്തൊരുമയുണ്ടാക്കാൻ അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചു. പാശ്ചാത്യലോകവും പൌരസ്ത്യലോകവും തമ്മിൽ ഘടിപ്പിക്കുവാനും. ധീരത, ആത്മാർത്ഥത, ആത്മീയത്വം ഇവയുടെ ഉത്തമോദാഹരണമായ അദ്ദേഹത്തിന്റെ ജീവിതം നമുക്കു് നേടേണ്ട അത്യുൽകൃഷ്ടമായ ആദർശത്തിന്റെ മഹനീയശൃംഗമാണു്.

# വിധിചക്രം.

(കെ. എൻ. കരുണാകരൻ പിള്ള.)

1

പകൽമുഴുവനും കവി നഗരത്തിലെ എല്ലാ നിരത്തുകളിലും അങ്ങിങ്ങായി ചുററിത്തിരിഞ്ഞു കൊണ്ടിരുന്നു. പക്ഷെ, അയാളെ ആരും ശ്രദ്ധിച്ചില്ല.

അയാൾ ഒരിക്കലും ആരെയും സ്തുതിച്ചിരുന്നില്ല. ഒരു മാന്യനുവേണ്ടി ഒരു സ്വാഗതഗാനംപോലും രചിച്ചിട്ടില്ല. ഒരു രാജാവിനെയും പ്രശംസിച്ച് അയാൾ കവിത എഴുതി പരസ്യം ചെയ്തിട്ടില്ല. വലിയ ആളുകളുടെ ആരുടെയും വിവാഹവേളകളിൽ മംഗളപദ്യങ്ങൾ ഉണ്ടാക്കി പാടിയിട്ടുമില്ല. പിന്നെ അയാളെ അറിയുന്നതുതന്നെ ആര്?

അയാൾക്ക വിശപ്പുണ്ട്. ജഠരാഗ്നിജ്വാലകൾകൊണ്ട് അയാൾ പിടയുകയാണ്. എങ്കിലും, ഒരുത്തന്റെ വാതില്ക്കൽ ചെന്ന് ഒരു നേരത്തെ ആഹാരത്തിനുവേണ്ടി കൈനീട്ടുന്ന കാര്യം അയാൾക്ക് പ്രയാസമല്ല, അസാദ്ധ്യം തന്നെയായിരുന്നു.

യാചകവൃത്തി അയാൾ പഠിച്ചിട്ടേ ഇല്ല. ഒരു പത്രാധിപരോടും അയാൾക്ക കൂട്ടില്ല. അയാളുടെ കവിതകളിൽ അധികവും പത്രാഫീസുകളിൽനിന്ന് മടങ്ങി വന്നിരുന്നു. ചിലതിൽ "ശ്രമിക്കണം, താമസിയാതെ ഒരു നല്ല കവിയാകും" എന്ന് എഴുതിയിരിക്കും. "ബുദ്ധി ഉണ്ട്. പക്ഷെ, ശൈലിതയിൽ അല്പം കൂടി ശ്രദ്ധിക്കണം" എന്ന് മററു ചിലതിൽ കാണാം. ഇതുപോലെ മററു പലതും. എങ്കിലും അയാൾ കവിയായിരുന്നു. ദേഷ്യം വരുമ്പോൾ കുറച്ച് എന്തെങ്കിലും തീർച്ചയായും എഴുതാറുമുണ്ടായിരുന്നു.

കവിത എഴുതുക, തന്റെ പുൽമാടത്തിൽ കിടന്നുകൊള്ളുക; ഇത്രതന്നെ. ഈ രണ്ടു കാര്യങ്ങളുമേ അയാൾക്കറിവുള്ളൂ. അയൽവാസികളുമായി അയാൾക്ക് പരിചയം വേണ്ടുവോളമുണ്ട്. പക്ഷെ, വിശേഷബന്ധമൊന്നുമില്ല. ആരുടെയും വീട്ടിൽ അയാൾ പോകാറില്ല. അവരാരും അയാളുടെ വീട്ടിൽ വരാൻ ബുദ്ധിമുട്ടാറുമില്ല.

അയാളുടെ ഏകാന്തപ്രിയതയിൽ എല്ലാവർക്കും സംശയദൃഷ്ടിയുണ്ട്. ചിലർ അയാളെ തണ്ടനാണെന്ന് കരുതി. ദുർന്നടത്തക്കാരനാണെന്ന് മററുചിലർ വിശ്വസിച്ചു.

എന്നാൽ, കവി ഇതൊന്നും ശ്രദ്ധിച്ചിരുന്നില്ല. ആളുകളുടെ സ്തുതിയും പരിഹാസവും അയാൾ സമഭാവനയോടെ സഹിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിലൂടെ ചരിക്കുകയാണ്. അയാളെപ്പററി ആരൊക്കെ ചർച്ചനടത്തുന്നുണ്ട്, എന്തൊക്കെയാണ് പറയുന്നത്—ഇതൊന്നും അറിയാൻ അയാൾക്ക് ആശയില്ല; അതിന് ഇടവുമില്ല

അയാളുടെ ജീവിതം തരംഗിണിക്ക് തുല്യമായിരുന്നു. സൗഹൃദയതരംഗങ്ങളിൽ ലയിച്ചും, സുഖദുഃഖങ്ങളായ ഇരുകരകളാൽ സീമിതവുമായി അത് പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്.

വിസ്തൃതമായ ഭാവി അയാളുടെ മുമ്പാകെ പരന്നു കിടപ്പുണ്ട്. വ്യാകുലമായ വർത്തമാനകാലം പാദങ്ങൾക്കടിയിലും.

പക്ഷെ, ഒരിക്കലും അയാൾ പുറകോട്ടു തിരിഞ്ഞു നോക്കിയില്ല.

2

ഇന്ന് അയാൾക്ക് വലിയ വിശപ്പുണ്ട്. കവിതകൾകൊണ്ട് ആരുടെയും വയറ് നിറഞ്ഞിട്ടുള്ളതായി അയാൾക്ക് അറിവില്ല. അറിഞ്ഞാലും വിശ്വസിക്കുകയില്ല.

ഏതെങ്കിലും പണി എടുത്തുതന്നെയാണ് അയാൾ ഇതുവരെ വിശപ്പ് അടക്കിയിട്ടുള്ളത്. വെറുതെകിട്ടുന്ന പണം അയാൾ മഹാനിന്ദ്യമായി കരുതിയിരുന്നു.

അതുകൊണ്ടുതന്നെ, ഇന്ന് വിശപ്പ് തുടങ്ങിയപ്പോൾ അയാൾ നഗരത്തിലെ എല്ലാ

മൂലകളും അരിച്ചുനോക്കി. എന്നാൽ പോയ സ്ഥലങ്ങളിലെല്ലാം അയാളുടെ ഭാഗ്യദോഷം അയാളെ പിന്തുടൎന്നിരുന്നു.

എന്തായാലും മണ്ണും കടലാസ്സും തിന്നു് ആരും ജീവിക്കുകയില്ലല്ലോ. ജീവിച്ചുകൊണ്ടിരിക്കാൻ കഴിയുമെങ്കിലേ പേനയുടെയോ വിളിൻെറയോ ആവശ്യമുണ്ടാകുകയുള്ളൂ. ചിലപ്പോൾ, ജീവിക്കാനുംകൂടി.

നടന്നു് നടന്നു് അയാൾ ക്ഷീണിച്ചു. പാരവശ്യത്തിൻെറ പാരമ്യത്തിലെത്തിയ ആ ശരീരത്തിൽ സ്വേദബിന്ദുക്കൾ മിന്നിത്തിളങ്ങി. പക്ഷെ, എങ്ങുനിന്നും ഒന്നും കിട്ടിയില്ല. ആരും അയാളെപ്പററി ഓൎത്തില്ല.

കാപ്പിക്കടകളിൽ പലഹാരങ്ങൾ നിരത്തിവച്ചിട്ടുണ്ടു്. എന്നാൽ അവയിൽ തൊടാൻ അയാൾക്കു് അധികാരമില്ല. സേട്ടിൻെറ കടയിലെ ഇരുമ്പുപെട്ടി നിറയെ രൂപ ഇരിപ്പുണ്ടു്. പക്ഷെ, അതിൽനിന്നു [illegible] ഒരു ചില്ലിക്കാശുപോലും അയാൾക്കു് കിട്ടുകയില്ല. മുക്കുതോറുമുള്ള മുറുക്കാൻകടകളിൽ സർബത്തു് നിറച്ച അനേകം കുപ്പികൾ മേശപ്പുറത്തു് വരിവരിയായി വച്ചിരിക്കുന്നു. പക്ഷെ, അവയും അയാളുടെ ദാഹം തീൎക്കാൻ സാദ്ധ്യമല്ല. അയാൾ ഭാഗ്യഹീനനാണല്ലോ. ഇവയിലൊന്നും അയാൾ തൊടാൻ പാടില്ല. മിണ്ടാതെ, വിശപ്പും ദാഹവുംകൊണ്ടു് പിടച്ചു പിടച്ചു് മരിച്ചുകൊള്ളണം.

ട്രാംവണ്ടികളും മോട്ടോർകാറുകളും റോഡുകളിലൂടെ പാഞ്ഞുകൊണ്ടിരിക്കുന്നു. റോഡരികിലുള്ള കടകളിലെല്ലാം വില്പന തകൃതിയായി നടക്കുന്നുണ്ടു്. ജഡ്കയിൽ സവാരി ചെയ്യുന്ന പല യുവാക്കന്മാരും അയാളെ നോക്കി മന്ദഹസിക്കുന്നു. റിക്ഷാവണ്ടികളിൽ യാത്രചെയ്യുന്ന യുവതികൾ അയാളുടെ മുഖത്തെ ഭാവവിശേഷംകണ്ടു പൊട്ടിച്ചിരിച്ചു പോകുന്നു.

ചിലർ പറയുന്നു ഭ്രാന്തനാണെന്നു്. തെമ്മാടിയാണെന്നു് മററുചിലർ. അയാളുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും കാററിൽ പാറുന്ന ചെമ്പിച്ച തലമുടിയും നോക്കി ആളുകൾ പരിഹസിക്കുന്നു. ആ വികൃതവേഷവും ഭാവവിശേഷവുംകണ്ടു് വഴിയാത്രക്കാർ പകച്ചുനോക്കി സ്വല്പമൊന്നു നിന്നുപോകുന്നു.

എന്നാൽ കവി ഇതൊന്നും അല്പവുമറിയാത്ത ഭാവത്തിൽ പോകുകയാണു്.

അയാൾ ചിന്തയിൽ മുഴുകി മതിമറന്നുകൊണ്ടു് നടക്കുന്നു. നടന്നുകൊണ്ടേ ഇരിക്കുന്നു.

3

നടന്നു നടന്നു്, സമയം സായംസന്ധ്യയായി. അയാൾ രാവിലെ വീട്ടിൽനിന്നു് തിരിച്ചതാണു്. അയാളുടെ കാലുകൾ കിടുകിടെ വിറയ്ക്കാൻ തുടങ്ങി. ശരീരമാസകലം ക്ഷീണംകൊണ്ടു് തളൎന്നുപോയിരുന്നു. അയാൾ റോഡിനരികിൽ ഒരു ചെറിയ കല്ലുപാലത്തിൻെറ മുകളിലിരുന്നു. ഇരുന്നു് അല്പമൊന്നു വിശ്രമിച്ചു.

വിഹായസ്സിൻെറ വിസ്തൃതതലത്തിൽ ശബളാഭങ്ങളായ മേഘപടലങ്ങൾ പുതിയതായി ചിത്രകല പഠിച്ച ചിത്രകാരനെപ്പോലെ തൂലിക ചലിപ്പിച്ചുകൊണ്ടിരുന്നു. കളകൂജനങ്ങളാൽ ദിഗന്തങ്ങൾ മുഴക്കിക്കൊണ്ടു് പക്ഷിവൃന്ദം ചേക്കകളിലേയ്ക്കു് പറന്നടുക്കുന്നു. പടിഞ്ഞാറു്, അങ്ങകലെയായി ശോണാഭമായ അസ്തമനാൎക്കബിംബം ഒരു വൎത്തുളപിണ്ഡംപോലെ മന്ദമന്ദം മറഞ്ഞുകൊണ്ടിരിക്കുന്നു. കവിയുടെ ഹൃദയം ഒന്നിളകി. അയാൾ പാലത്തിൻെറ കീഴിലേയ്ക്കു് എത്തിനോക്കി. കളകളശബ്ദമുതിൎത്തുകൊണ്ടു് ആ കല്ലോലിനി ഉരുണ്ട പാറകളിൽ തട്ടിമറിഞ്ഞു് പ്രവഹിക്കുന്നു. അയാൾ മുന്നോട്ടുനോക്കി. ദിഗന്തങ്ങളിൽ കാണുന്ന ഗിരിശൃംഗങ്ങൾ മുഴുവൻ കനകകുസുമങ്ങൾകൊണ്ടു് മൂടിക്കഴിഞ്ഞിരിക്കുന്നു. മുകളിലേക്കു നോക്കി. കനകാഭങ്ങളായ കിരണങ്ങൾ വസന്തത്തിൻെറ തീപ്പൊരിപോലെ മുകളിൽ ആകാശപഥം മുഴുവൻ വിതറിക്കിടക്കുന്നു.

കവിയുടെ ഭാവന പെട്ടെന്നു് വിജൃംഭിച്ചു. അയാൾ ആകെ ഒന്നിളകി, പക്ഷെ, അപ്പോൾ വിശപ്പു്, വിശപ്പു്—അയാളുടെ കരളിൽ ഒരു തേട്ടാറുപോലെ തോന്നി—പുൽമാടം! കുടത്തിലെ വെള്ളം വററിക്കാണും. വിറകു് ഇനിക്കൊണ്ടുവരണം: അടുക്കള തൂത്തുതളിച്ചിട്ടുപോലുമില്ല. എച്ചിലായ പാത്രം അതുപോലെ കിടക്കുകയായിരിക്കും. മൺചുവരു്

തുറന്നു് നായ് അകത്തുകയറിയോ എന്തോ. മുമ്പൊരിക്കൽ ആ നശിച്ച നായ് അരിവെയ്ക്കുന്ന പുതിയ കലത്തിൽ തല ഇട്ടായിരുന്നു. ഇന്നു്......

അയാളുടെ അധരങ്ങൾ ഒന്നിളകിയതിനുശേഷം നിശ്ചലങ്ങളായി. അയാൾ എഴുന്നേററു് ഒരു കുടിയനെപ്പോലെ വേച്ചു് വേച്ചു് ഒരുവശത്തേയ്ക്കു് നടന്നു.

## 4

"എന്തുവേണം നിങ്ങൾക്കു്?" കതകിന്റെ മറവിൽനിന്നു് ഒരു രമണീകണ്ഠത്തിന്റെ സ്വരം കേൾക്കായി.

അവിടെ എങ്ങനെ എത്തിയെന്നു ആ വഴിപോക്കനുതന്നെ അറിഞ്ഞുകൂടായിരുന്നു.

"ഒന്നുമില്ല" അയാൾ നടക്കാൻ തുടങ്ങിയ ഉടൻ ആ സ്ത്രീ പെട്ടെന്നു് വെളിയിലേക്കു വന്നു—

"നിങ്ങൾക്കു് ഒന്നും വേണ്ടേ?"

"വേണ്ട എനിക്കു് ഒന്നും വേണ്ട. ഒരു വസ്തുവിലും എനിക്കു് ആകാംക്ഷയില്ല"

"ഏതായാലും അല്പമൊന്നു നില്ക്കണം"

"ക്ഷമിക്കണം ഹേ സൗഭാഗ്യവതി! അപകടമായിപ്പോയി" അയാൾ അല്പമൊന്നു നിന്നു് പുറകോട്ടൊന്നു് നോക്കിയിട്ടു് വീണ്ടും നടന്നു.

"നില്ക്കില്ലേ?" യുവതിയുടെ സ്വരം ഇടറി. നയനങ്ങൾ അശ്രുബിന്ദുക്കളാൽ മിന്നിത്തിളങ്ങി.

"ഇല്ല സുന്ദരി!" വഴിപോക്കന്റെ ആ ഉത്തരത്തിൽ ദൃഢത ഉണ്ടായിരുന്നു.

യുവതി മിന്നൽപോലെ വഴിപോക്കന്റെ മുമ്പിൽ വന്നു് വഴിതടഞ്ഞുകൊണ്ടു് ഒരു ശിലപോലെ ഇളകാതെ നിന്നു.

"എന്റെ ഈ വാതില്ക്കൽനിന്നു് ഇന്നുവരെ ഒരു യാചകനും നിരാശനായി മടങ്ങിയിട്ടില്ലല്ലോ ഭിക്ഷക്കാരാ!"

"ഭിക്ഷക്കാരാ!" ശരംപോലെ ഈ വാക്കു് അയാളുടെ പ്രാണനിൽ തറച്ചു. അപമാനത്തിന്റെ ജ്വാലയിൽ അയാളുടെ മർമ്മം പൊള്ളിപ്പോയി.

"നിങ്ങൾ എന്റെ അഭ്യർത്ഥനയെ തിരസ്കരിക്കുന്നതു് ഇതാദ്യമായിട്ടാണു്, നിൽക്കൂ, ഭിക്ഷ കൊണ്ടുപോകൂ. പിന്നെ എവിടെ വേണമെങ്കിലും പോകുക. ഞാൻ ഇതാ കൊണ്ടുവരുന്നു.

"ഭിക്ഷ!" വഴിപോക്കൻ വീണ്ടും ഒരു പ്രാവശ്യംകൂടി വിഫലനായി അയാൾ ആ സ്ത്രീയുടെ നേർക്കു് ഒന്നുനോക്കി. ഹാ! ആ കണ്ണുകളിൽ നിന്നു മുത്തുകൾതന്നെ ചൊരിയുന്നു. ഒരു ഭീരുവിന്റെ ഭാവത്തിൽ അയാൾ പറഞ്ഞു.

"ഇന്നു് നിങ്ങൾ എന്നെ എന്റെ ആദർശത്തിൽനിന്നു് വ്യതിചലിപ്പിച്ചു. ഞാൻ പതിതനാണു് പോകണം വേഗമാകട്ടെ."

## 5

കവി തന്റെ പുൽമാടത്തിൽ എത്തിയപ്പോൾ രാത്രി ഒരു യാമം കഴിഞ്ഞിരുന്നു. നഗരത്തിന്റെ അനവരതമായ കോലാഹലം നിശയുടെ പ്രശാന്തമായ അങ്കതലത്തിൽ വിശ്രമം കൊള്ളുകയായിരുന്നു. കർമ്മക്ഷീണനായ വസുന്ധര നിശ്ശബ്ദവും നിശ്ചലവുമായി ദിക്കുകൾ മുഴുവൻ നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ ശാന്തിലാഭാർത്ഥം ശ്രമിച്ചുകൊണ്ടിരുന്നു.

അയാൾ വാതില്ക്കൽ എത്തി. പതുക്കെ മുളക്കീറുകൾകൊണ്ടുള്ള വാതിൽ മാററി അകത്തേയ്ക്കു് കാൽവച്ചു ഉടൻ അയാളുടെ ജീവിതസഹചാരിണിയായ പ്രിയതമ വന്നു് മാറോട്ടുചേർത്തു് ആലിംഗനംചെയ്തു.

പതിനാറുവയസ്സു തികഞ്ഞ സുകുമാരിയും, ഭാവനാരൂപിണിയുമായ പ്രിയതമ. ചിരതാരുണ്യവതിയായ ബാലിക. മഴവില്ലിന്റെ കനകവല്ലരികളിൽ നിന്നിറങ്ങി ആടിക്കുഴഞ്ഞുകൊണ്ടു വന്നു് അയാളെ ആശ്ലേഷിച്ചു.

അയാൾ മുന്നോട്ടുവച്ചകാൽ പെട്ടെന്നു് തിരിച്ചെടുത്തുകൊണ്ടു് അവിടെനിന്നു തിരിച്ചു. രണ്ടാംമുണ്ടിന്റെ കോണിൽ ആ സ്ത്രീ കൊടുത്ത അരി കിഴികെട്ടി ഇട്ടിട്ടുള്ളതു് അതുപോലെ കിടപ്പുണ്ടു്.

അയാളുടെ വിശപ്പു് മരിച്ചുകഴിഞ്ഞിരുന്നു. കിഴി അഴിച്ചു് അരി മുറുക്കാൻകടക്കാരനു് വിററു. ആകെ രണ്ടുപൈസ കിട്ടി. ഒരുപൈസയ്ക്കു് എണ്ണവാങ്ങി. ഒരു പൈസയ്ക്കു കടലാസും. രണ്ടാംമുണ്ടു കീറി തിരി ഉണ്ടാക്കി. അടുപ്പിലെ ചാമ്പൽ ഊതി തീയും കത്തിച്ചു. മൺപാത്ര

ത്തിൽ എണ്ണയൊഴിച്ചു് കത്തിച്ച ദീപം ആ പുൽമാടത്തിൽ പ്രകാശിച്ചു.

പിന്നീടോ? പിന്നീടു് കവി ആ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ എന്തോ ഒന്നു് അങ്ങുമിങ്ങും തപ്പിത്തടഞ്ഞുനോക്കി. ഒരു ഇരുമ്പാണി വിരലിൽ തടഞ്ഞു. അതെടുത്തു് ശിരസ്സിൽ, ബ്രഹ്മാവു് തലയിലെഴുത്തു് എഴുതിയിരിക്കുന്നതായി പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന ഭാഗത്തു് ഊക്കോടെ അടിച്ചുകയററി ആണിമുഴുവൻ ഉള്ളിൽകയറി രക്തം കുതിച്ചുചാടി കവി ഇലകൊണ്ടുള്ള കുമ്പിളിൽ രക്തം മുഴുവൻ വടിച്ചെടുത്തു.

രക്തംകൊണ്ടുള്ള മഷിയും ആണി കൊണ്ടുള്ള പേനയും.

അതിനുശേഷമോ? അതിനുശേഷം—

കവി എഴുതുന്നു. അയാളുടെ കണ്ണുകളിൽ കണ്ണുനീരില്ല; ഹൃദയത്തിൽ വിഷാദമില്ല. അയാൾ എഴുതുന്നു എഴുതി എഴുതി കടലാസുകൾ കാററിൽ പറത്തുന്നു. ഓരോന്നായി പേജുകളെല്ലാം എഴുതിത്തീരുമ്പോൾ അയാൾ എഴുന്നേററു് വിളക്കണച്ചു് കിടന്നുറങ്ങുന്നു.

6

ലോകം ആ ഗീതങ്ങൾ പാടുന്നു പാടിപ്പാടി ആനന്ദത്തിൽ ആറാടുന്നു. എന്നാൽ ആ ഗീതങ്ങളുടെ കർത്താവിനെ ലോകത്തിനു് അറിയാൻപാടില്ല.

അയാളുടെ കൃതികളിൽ നിന്നു് ചിലർക്കു് പീഡയുടെയും, ചിലർക്കു് വേദനയുടെയും, ചിലർക്കു് കണ്ണുനീരിന്റെയും അനുഭവമുണ്ടാകുന്നു. ചിലർ മന്ദഹസിക്കുന്നു ചിലർ പൊട്ടിച്ചിരിക്കുന്നു.

അയാളുടെ കവിതകൾ അച്ചടിച്ച കടലാസുകൾ വീട്ടിലുള്ള ആളുകൾ സ്വയം ധന്യന്മാരാണെന്നു കരുതുന്നു. ആ കൃതികൾ അച്ചടിച്ചുകഴിയുന്ന ഉടൻ ആയിരക്കണക്കിനു് വിററുതീർന്നു പോകുന്നു.

എന്നാൽ ആ കവിയെ ആരും അറിഞ്ഞുകൂട.

അറിയേണ്ട ആവശ്യവും, പക്ഷെ ഇല്ലായിരിക്കാം.

(ഹിന്ദിയിൽനിന്നു്)


## കഥാപുസ്തകങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| മലഞ്ചരിവിലെ ഭൂതം | 0 | 10 | 0 |
| കഥാകുസുമങ്ങൾ | 0 | 8 | 0 |
| അംബുജം | 0 | 2 | 0 |
| വേദവ്യാസൻ | 0 | 4 | 0 |
| ചഞ്ചലകുമാരി | 2 | 0 | 0 |
| അമ്മായിഅമ്മ | 0 | 4 | 6 |
| അപരാധിനി | 0 | 4 | 0 |
| നെട്ടവീപ്പുകൾ | 0 | 12 | 0 |
| നാരദൻ | 0 | 8 | 0 |
| പ്രഹ്ളാദൻ | 0 | 10 | 0 |
| സരയൂദേവി | 1 | 0 | 0 |
| ഐശ്വര്യസോപാനം | 4 | 0 | 0 |
| പ്രേമമുദ്ര 2-ാംഭാഗം | | | |

മലയാളമനോരമ നോവലുകൾ പലതും വില്പാനുണ്ടു്.

പുതിയ സിലബസ്സ് അനുസരിച്ചു്
പ്രൈമറി ക്ലാസ്സുകൾക്കുള്ള
## പുസ്തകങ്ങൾ.

| | | റു. | ച. | കാ. |
|---|---|---|---|---|
| ചരിത്രപാഠങ്ങൾ | മൂന്നാംക്ലാസ് | 0 | 7 | 0 |
| ടി | നാലാംക്ലാസ് | 0 | 10 | 0 |
| കഥനപാഠങ്ങൾ | രണ്ടാംക്ലാസ് | 0 | 3 | 0 |
| ടി | മൂന്നാംക്ലാസ് | 0 | 3 | 0 |
| ടി | നാലാംക്ലാസ് | 0 | 3 | 0 |
| രാജ്യഭരണം | രണ്ടാംക്ലാസ് | 0 | 3 | 0 |
| ടി | മൂന്നാംക്ലാസ് | 0 | 3 | 8 |
| കണക്കുപാഠങ്ങൾ (ധർമ്മരാജയ്യർ) | | 0 | 3 | 8 |

കഥാപുസ്തകങ്ങൾ തയ്യാറാകുന്നു.

സ്കൂളുകൾക്കും കച്ചവടക്കാർക്കും 10-നു 2 കമ്മീഷൻ.

മാനേജർ, ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,
തുറവൂർ A. O. ❋ കുത്തിയതോടു് P. O.

# മൗനസംഗീതം.

(തൃക്കൊടിത്താനം ഗോപിനാഥൻനായർ)

എന്തോ മറഞ്ഞുനിന്നീവിശ്വമാകവേ
മംഗള ഭംഗമിളക്കും മഹാകവേ!

ബന്ധുര, കൗതുക, കന്ദളം മർത്ത്യന്റെ
അന്തരാത്മാവിൽപ്പകരുന്നു നീ സദാ!

താവകമൗനസംഗീത മീവിശ്വത്തെ-
യാകവേ കോരിത്തരിപ്പിപ്പു സന്തതം!

വെന്തുനീറീടും ഹൃദന്തരംഗങ്ങളിൽ
സാന്ത്വനത്തേനൽ പകർന്നുനിന്നീടവേ,

ഒരു മുരളീരവമേകിടുന്നെപ്പൊഴും
കോമളശീതളരോമാഞ്ചകഞ്ചുകം!

ദിവ്യചൈതന്യം കലരുമാഗാനങ്ങ-
ളവ്യയോന്മേഷം പകർന്നു നൽകീടവേ,

എന്നും തുളുമ്പിത്തുളുമ്പി നിന്നീടുന്നു
മംഗലപ്രേമതരംഗങ്ങളെപ്പൊഴും!

തീരാനിരാശയിൽ നിന്നുമീ മർത്ത്യരെ-
യാമോദകരമേറ്റിടുന്നാ സൂക്തികാമൃതം;

നിന്നുമപായീടിലും, നിൻഗാനമേകുന്ന
പൊന്നല വിശ്വത്തിലെന്നും ലസിച്ചിടും!

---

## ലേഖകന്മാരോട്.

"പഞ്ചാരമേച്ചിയുടെ കൊഞ്ചൽ"
ഇവിടെ സ്ഥലം അനുവദിക്കുകയില്ല.
"മദ്യപാനിയുടെ കുടുംബത്തിലെ അർദ്ധരാത്രി"
അടുത്ത ലക്കത്തിൽ.

---


## "വിദ്യാഭിവർദ്ധിനി"
## വാർഷിക വിശേഷാൽപ്രതി

## ജനുവരി ൧-ാം തീയതി പുറപ്പെടുന്നു.

പുതുമയേയും, പഴമയേയും തമ്മിലിണക്കി കലാലളിതയായ കൈരളിക്കു
കാഴ്ചവയ്ക്കുന്ന ഒരു നൂതനോപഹാരം.

ഭാവനാമോഹനവും, വിവിധവർണ്ണരമണീയവുമായ മുഖചിത്രം, കമനീയങ്ങളായ ബ്ലോക്കുകൾ, ഇന്നത്തെ മികച്ച സാഹിതീസമാരാധകരുടെ, കരൾകവരുന്ന ചെറുകഥകൾ, വികാരത്തിന്റെ വിശുദ്ധ ഭാഷകളായ കവിതാഖണ്ഡങ്ങൾ, ആദർശസുന്ദരങ്ങളായ ലേഖനങ്ങൾ, നിഷ്പക്ഷവിമർശനങ്ങൾ, പ്രകൃതിചിത്രീകരണങ്ങൾ ആദിയായ സരസകലാവിലാസങ്ങളെ ഏകത്ര സമാസ്വദിക്കുവിൻ!

നവവത്സരാരംഭസുദിനത്തെ സാഭിലാഷം പ്രതീക്ഷിക്കുവിൻ!

വില ൧ൽ രൂപാ.

ഏജൻസി—ആവശ്യമുള്ളവർ ഉടൻ അറിയിക്കുക!

പരസ്യം—ശേഖരിക്കാൻ ഏജൻറന്മാരെ ആവശ്യമുണ്ട്.

മാനേജർ, വിദ്യാഭിവർദ്ധിനി, കൊല്ലം.

# ഗ്രന്ഥാവലോകനം

## സിനിട്ടോൺ മാസിക

പത്രാധിപർ,

എ. സുബ്രഹ്മണ്യം—കൊല്ലം.

ലോകം പുരോഗമിക്കുകയോ അധോഗമിക്കുകയോ ചെയ്തുകൊള്ളട്ടെ. മനുഷ്യജീവിതത്തിന് കലയുമായുള്ള ബന്ധം നശിക്കുന്നതല്ല. പ്രഭുത്വത്തിലും പട്ടിണിയിലും ഒരുപോലെ കണ്ണോടിക്കുന്ന അവളെക്കണ്ട് ജീവിതം ആനന്ദിക്കതന്നെ ചെയ്യുന്നു.

ഏതു പരിതഃസ്ഥിതിയിലും കലാപരമായ പ്രശ്നങ്ങളിൽ മനുഷ്യൻ ഉത്സുകനാണ്. "കല കലയ്ക്കു" എന്നുള്ള വാദം ശരിയല്ലെന്നാണ് അഭിജ്ഞമതം. ചിത്രമെഴുത്ത്, സാഹിത്യം തുടങ്ങിയ സരസകലകളെ ചുഴിഞ്ഞുനോക്കുന്നതായാൽ, അവയുടെ ആനന്ദാത്മകതയ്ക്ക് അപ്പുറമായി ഒരു വിശുദ്ധാദർശം ജീവിതത്തെ മാടിവിളിക്കുന്നതായിക്കാണാം. ഇതിന്റെ വിശദീകരണം ഇവിടെ സംഗതമല്ലായ്കയാൽ വിടുന്നു. പണ്ഡിതനേയും പാമരനേയും ഒരേസമയത്ത് സാഫല്യത്തിലേക്ക് നയിക്കുന്നതിനുള്ള കഴിവ് ചിത്രകലയ്ക്ക് കൂടുതലാണ്. തന്മൂലം ചിത്രകല അത്യന്തം ശക്തിമത്തായി പുരോഗമിക്കാനിടയായി. ചിത്രകലയുടെ സജീവമായ വ്യാപ്തി ആണ് ചലച്ചിത്രങ്ങളിൽ അഥവാ സിനിമയിൽ നാം വീക്ഷിക്കുന്നത്. ഈ പ്രസ്ഥാനത്തിന്റെ ഉത്തരോത്തരമായ അഭിവൃദ്ധി പ്രകൃതിസൗന്ദര്യത്തിന്റെ സൂക്ഷ്മബോധത്തിലേയ്ക്കും ഭാവനയിലേക്കുമാണ് മനുഷ്യരാശിയെ നയിക്കുന്നതെന്നുള്ളതും പ്രത്യേകം സ്മരണീയമാകുന്നു. വിട്ടുവീഴ്ചകൾ ഏതുപ്രസ്ഥാനത്തെയും പങ്കിലമാക്കാൻ ശ്രമിക്കും. പ്രവർത്തകരുടെ ഉദ്ദേശശുദ്ധി ചലിക്കാതിരുന്നാൽ വിജയം തന്നെ.

സിനിമാപ്രസ്ഥാനത്തിന്റെ വിവിധവശങ്ങളെ കുറിച്ചുള്ള വിജ്ഞാനം ജനസാമാന്യത്തിനു വിതരണം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി, മലയാളസാഹിത്യത്തിന്റെ മനോജ്ഞ സ്ക്രീനിൽ, കൊല്ലത്തുനിന്നും പ്രദർശിപ്പിക്കപ്പെടുന്ന ഒരു നൂതനചിത്രമാണ്—സിനിട്ടോൺ. ഈ മാസികാശിശുവിന്റെ ജനനം കൈരളിയുടെ കണ്ണുകളിൽ ആനന്ദബാഷ്പം അണിയിക്കുന്നുണ്ട്. യുദ്ധാനന്തരപരിതഃസ്ഥിതിയുടെ മങ്ങിയവെളിച്ചത്തിൽ, ഒരു മനോജ്ഞലോകത്തെ നിർമ്മിച്ച്, വിശ്രാന്തിയുടെ വിരിമാറിലേക്ക് പ്രേക്ഷകരെ നയിച്ചുകൊണ്ട് ഈ പ്രദർശനം മുന്നോട്ടു പോകുമെന്നാണ് ഞങ്ങളുടെ പ്രഥമമായ പ്രത്യാശ.

മുഖചിത്രാലംകൃതമായ മുഖപടം, തികച്ചും ഒരു സിനിമാമാസികയുടെ അന്തസ്സിനെ പാലിക്കുന്നുണ്ട്. അകത്ത് പൊന്നുതിരുമേനിയുടെ കമനീയമായ ബ്ലോക്ക് കഴിഞ്ഞാൽ ചിത്രമേ ഇല്ല. ഒന്നുരണ്ടു താരങ്ങളെക്കൂടി ഇടയ്ക്കിടയ്ക്കു നിറുത്തിയിരുന്നുവെങ്കിൽ പുനലൂർ പേപ്പറിന്റെ പരുപരുത്ത സ്പർശത്തിൽ സിനിമാപ്രിയർ നെറ്റിചുളിക്കയില്ലായിരുന്നു. അടുത്തപ്രസിദ്ധീകരണത്തിൽതന്നെ ആവക ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നു സമാധാനിക്കുന്നു. കാലത്തിനൊത്തതാണല്ലോ കോലം.

ലേഖനങ്ങളെല്ലാംതന്നെ ഈ മാസികാപൈതലിന്റെ മനോഹരതയ്ക്കു മാറ്റുകൂട്ടുവാൻ പര്യാപ്തങ്ങളാണെന്നു പറയുവാൻ ഞങ്ങൾക്ക് അളവററ സന്തോഷമുണ്ട്. കഥാമാധുര്യം വഴിയുന്ന കവിതക്കല്ലുങ്ങൾകൂടി ഇടയ്ക്കിടയ്ക്കു കൊടുക്കുന്നത് രുചികരമായിരിക്കും.

കൊച്ചുനരജന്തിയെ ആത്മാർത്ഥതയുടെ കുഞ്ഞുകൈകളിൽ താലോലിക്കുന്നു.

---

## ഇഖ്ബാൽ

ഗ്രന്ഥകർത്താ,

(വക്കം, എം. അബ്ദുൽഖാദർ.)

വിഖ്യാതനായ ഇഖ്ബാൽ മഹാകവിയുടെ "കൃതികളുമായി പരിചയിക്കുവാൻ അഭിലഷിക്കുന്നവർക്ക് വളരെ ചുരുങ്ങിയ തോതിലെങ്കിലും സഹായകമായിരിക്കണം എന്ന ഉദ്ദേശത്തോടു

കൂടി നിർവ്വഹിക്കപ്പെട്ട" ഒരു ഉദ്യമമാണ് ഇ ഖ്ബാൽ എന്ന ഗ്രന്ഥം. 192 പുറങ്ങളുള്ള ഈ ഗ്രന്ഥത്തിൽ 4 പുറങ്ങൾമാത്രം കവിയുടെ ജീവചരിത്രക്കുറിപ്പുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ സാമാന്യം വിശദമായ ഒരു വിവരണമോ കൃതികളെ സംബന്ധിച്ച് തൃപ്തികരമായ ഒരു ജ്ഞാനമോ പ്രകൃതഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നില്ല. കവിയുടെ ആന്തരികമായ വളർച്ചയോ പുരോഗമനമോ ഒന്നുംതന്നെ ഗ്രന്ഥകർത്താവ് അന്വേഷിക്കാനുമില്ല. അദ്ദേഹം ജീവിച്ചിരുന്ന പശ്ചാത്തലത്തിൽ അദ്ദേഹം എങ്ങനെ പ്രശോഭിച്ചു എന്ന വിഷയത്തിലും ഗ്രന്ഥം കേവലം മൂകമാണ്.

പ്രധാനമായി പേർഷ്യൻഭാഷയിലും അപൂർവ്വം ഉറുദുവിലും കാവ്യനിർമ്മാണംചെയ്ത ഒരു ഭാരതീയനാണ് മഹാകവി ഇഖ്ബാൽ. പാരസീകഭാഷയെ ആശ്രയിച്ചതിന് അദ്ദേഹംതന്നെ കാരണം പറയുന്നു:—

"ഭാരതീയഭാഷ(ഹിന്ദ്) ഹൃദ്യംതന്നെ. എന്നാൽ പാരസീകഭാഷയാണ് ഹൃദ്യതരം. എന്റെ ചിന്തകളുടെ മഹോന്നത്യംകൊണ്ട് ആ ഭാഷ മാത്രമേ അവയ്ക്കനുരൂപമായിരിക്കു" പക്ഷെ, അതിന്റെ ഫലമായി അദ്ദേഹത്തിനു് മററാരിക്കൽ ഇങ്ങനെ ഖേദിക്കേണ്ടതായിവന്നു. "പനിനീർപ്പൂക്കളും കഗ്മളങ്ങളും നിർഭാഗ്യത്താൽ, എന്റെ ഗാനംകൊണ്ട് ഉണർന്നെഴുന്നേൽക്കുന്നില്ല. എന്റെ ഉദ്യാനത്തിനു് അപരിചിതനായ ഒരു പതംഗമാണ് ഞാൻ."

ലോകമഹാകവികളിൽ ഒരാളിന്റെ കവനകലാചാതുര്യം ആസ്വദിക്കാൻ ഉൽക്കണ്ഠയോടുകൂടി വായനയ്ക്കാരംഭിക്കുന്ന ഒരുവനു് നിരാശയാണ് അനുഭവപ്പെടുന്നതു്. അനവധി രംഗങ്ങളിലായി വികസിച്ചു വിജയിക്കുന്ന ഇഖ്ബാലിന്റെ സേവനങ്ങളിൽ തത്വജ്ഞാനി, ചിന്തകൻ, ആത്മവാദി ഇത്യാദി പദവികളെ ആധാരമാക്കിയാണ് ഗ്രന്ഥകാരൻ അദ്ദേഹത്തെ പ്രധാനമായി വീക്ഷിക്കുന്നതും വിമർശിക്കുന്നതും. കവി എന്ന നിലയിൽ അദ്ദേഹം അർഹിക്കുന്ന പ്രാധാന്യം പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹത്തിനു നല്കിക്കാണുന്നില്ല. സന്ദർഭവശാൽ ഗ്രന്ഥകർത്താവുതന്നെ ഉദ്ധരിച്ചിട്ടുള്ള ഒരു ഭാഗം ഇവിടെയും ഉദ്ധരിക്കാൻ പററിയതാണ്. "യഥാർത്ഥകാവ്യത്തെപ്പററി നമുക്കൊന്നും പ്രസംഗിക്കാൻ കഴികയില്ല.........കാവ്യപാരായണംകൊണ്ടല്ലാതെ കാവ്യത്തെ പൂർണ്ണമായി മനസ്സിലാക്കാൻ സാദ്ധ്യമല്ല. പരാമർശവും വിമർശവും കൊണ്ട് കാവ്യാനുഭൂതിയുടെ ചെറിയൊരംശം; നേരിയ കരംശം നമുക്കു ലഭിച്ചേക്കാം. ഈ ഉദ്ധൃതഭാഗത്തിലെ ആശയത്തോടു ഗ്രന്ഥകർത്താവും യോജിക്കുന്നതായിക്കാണുന്നു. ആ സ്ഥിതിക്കു് മഹാകവിയുടെ കാവ്യങ്ങളുടെ പോക്കെ കാണിക്കുന്നതിനു്, പരാമർശവും വിമർശവും മാത്രമായി നില്ക്കാതെ അദ്ദേഹത്തിന്റെ കൃതികളിൽനിന്നു് മനോഹരമായ ഭാഗങ്ങൾ മലയാളത്തിലാക്കി അതിന്റെ പശ്ചാത്തലംകൂടി ചിത്രീകരിച്ച് അത്യാവശ്യമായ വിമർശവുംകൂടി പ്രയോഗിച്ച് പ്രദർശിപ്പിച്ചിരുന്നെങ്കിൽ! എന്നു് പാരസീകഭാഷയും ഉറുദുവും വശമില്ലാതെ, മലയാളത്തിലെ പുരോഗമനസാഹിത്യം വായിച്ചു വായിച്ചു ഗതികെട്ടു വഴിമുട്ടിനില്ക്കുന്ന ഭാഗ്യഹീനന്മാർ കൊതിച്ചുപോകുന്നു. പക്ഷെ, ഗ്രന്ഥകാരനും അക്കൂട്ടത്തിൽതന്നെയോ? ഗ്രന്ഥാന്തത്തിൽ കാണുന്ന സഹായകഗ്രന്ഥമാല വായിച്ചാൽ അങ്ങനെയൊക്കെ സംശയിക്കാനും തോന്നും. ഇഖ്ബാലിന്റെ സേവനങ്ങളിൽ വർഗ്ഗമതാദിഭേദം കൂടാതെ മനുഷ്യനു് ആസ്വദിക്കാൻ കഴിയുന്നതു് അദ്ദേഹത്തിന്റെ സാഹിത്യസേവനത്തെയാണ്. ഇതരരംഗങ്ങളിലെ സേവനങ്ങളെ എല്ലാ ആളുകളും ഒരുപോലെ അഭിനന്ദിച്ചു എന്നു വരുന്നതല്ല.

മതസംബന്ധമായും ആത്മാവിന്റെ ഗതിയെ സംബന്ധിച്ചും ഉള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്ക് ഹൈന്ദവഭാരതത്തിൽ പ്രചാരം സിദ്ധിക്കുമെന്നു വിചാരിക്കാൻ കാരണം കാണുന്നില്ല. ജീവാത്മാവിന്റെ വ്യക്തിത്വം നശിച്ചു പരമാത്മാവിൽ ലയിക്കുന്നതാണ് ജീവാത്മാവിന്റെ പരമലക്ഷ്യം; അതാണ് ഹിന്ദുവിന്റെ സായുജ്യം. "ദാനമല്ലോ പരമാപദാമാസ്പദം", "ഞാനെന്നഭാവമതു തോന്നായ്കവേണം" ഇത്യാദി വാക്യങ്ങൾ ഈ തത്വത്തെയാണ് വ്യാഖ്യാനിക്കുന്നതു്. മഹാകവിയുടെ വക

നായി പ്രകൃതഗ്രന്ഥത്തിൽ കാണിച്ചിട്ടുള്ള അഭിപ്രായങ്ങൾ മേല്പറഞ്ഞ സിദ്ധാന്തത്തിനു കടകം വിപരീതമാണു്. ഹിന്ദുവേദാന്തതത്വങ്ങളോടു ഏററവും അടുത്തുനില്ക്കുന്നതാണു് സൂഫിസം. അതിനെയും ഇക്ബാൽ കഠിനമായി എതിർക്കുന്നു. പ്രകൃതഗ്രന്ഥത്തിൽ കാണുന്ന ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം. അവ ഭാരതീയാദർശങ്ങൾക്കു യോജിച്ചവയാണോ എന്നു നോക്കുക.

1 മനുഷ്യാത്മാവും ഈശ്വരനും ഒന്നാണെന്ന സിദ്ധാന്തത്തോടു് അദ്ദേഹം (ഇക്ബാൽ) യോജിക്കുന്നില്ലെന്നു മാത്രമല്ല അതിനെ അതിശക്തമായി എതിർക്കുകയും ചെയ്യുന്നു. ആത്മവിദ്യയിൽ മനുഷ്യൻ എത്രശ്രമിച്ചാലും ഈശ്വരനിൽ ലയം പ്രാപിക്കാൻ കഴികയില്ല. ഈശ്വരചൈതന്യവും മനുഷ്യചൈതന്യവും ഒന്നല്ല; രണ്ടാണു്; ഈശ്വരൻ പരമമോന്നതനായ വ്യക്തിയാണു്. ഈ പരമമോന്നതനായ ഈശോ അനന്തവും അനശ്വരവും സമ്പൂർണ്ണവുമാണു്. മനുഷ്യന്റെ ഈശോയ്മ്ക്കു് അതിന്റെ സ്വഭാവങ്ങളില്ല. (P. 170)

2. ഇക്ബാൽ സാർവ്വത്രികമായ ഒരു ജീവിതത്തിൽ വിശ്വസിക്കുന്നില്ല. അദ്ദേഹത്തിന്റെ സിദ്ധാന്തപ്രകാരം ജീവിതം വ്യക്തിഗതമാണു്. പ്രപഞ്ചം വ്യക്തികളുടെ ഒരു സംഘടനയാണു്. (P. 148)

3. പ്രപഞ്ചം ഇന്നുവരെ പൂർണ്ണതയെ പ്രാപിച്ചിട്ടില്ലാത്തതിനാൽ അതിനെ സംബന്ധിച്ച പൂർണ്ണമായ ഒരു സത്യം ഉണ്ടായിരിക്കാൻ പാടില്ല. (P. 125)

4. സ്വാത്മത്തെ പരിത്യജിച്ചു് ദൈവത്തിലേക്കു പറക്കുക. ദൈവത്തിൽനിന്നു ശക്തി ലഭിച്ചതിനു ശേഷം നിന്റെ സ്വാത്മത്തിലേക്കു മടങ്ങിവരിക. (P. 145)

5. ഇസ്ലാമാണു് ഇക്ബാലിന്റെ ലോകം. (P. 152)

6. ഇക്ബാലിന്റെ പൂർണ്ണമനുഷ്യൻ മാതൃകാപരനായ ഒരു മുസൽമാനാണു്. അവന്റെ ആദർശങ്ങളും ജീവിതവീക്ഷണങ്ങളും ഇസ്ലാമിന്റെ ആദർശങ്ങളും വീക്ഷണങ്ങളുമാകുന്നു. അപ്രകാരം അദ്ദേഹത്തിന്റെ സമുദായം ഇസ്ലാമിന്റെ ആദർശത്തിൽനിന്നു വ്യതിചലിക്കാത്ത വ്യക്തികളുടെ സംഘടനയാകുന്നു. (P. 151)

ഇക്ബാലിന്റെ രാഷ്ട്രീയസിദ്ധാന്തങ്ങളും ഇതരമതസ്ഥന്മാർക്കു് ഹൃദ്യവും സ്വീകാര്യവും ആയിത്തീരുമെന്നു തോന്നുന്നില്ല. പാൻഇസ്ലാമിന്റെ ഏററവും പ്രോജ്ജ്വലനായ പ്രണേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ ഗാനം ഇടങ്ങുന്നതിങ്ങനെയാണു്.

"ചീനയും അറേബ്യയും ഞങ്ങളുടേതാണു്.
ഹിന്ദുസ്ഥാൻ ഞങ്ങളുടേതാണു്;
ഞങ്ങൾ മുസ്ലീങ്ങളാണു്;
അഖിലലോകവും ഞങ്ങളുടേതാണു്.
(P. 178)

"തന്റെ സമുദായവും തന്റെ രാജ്യവും തന്നെ മനസ്സിലാക്കുന്നില്ലെന്നു വിഷാദമഗ്നമായ ഒരു ബോധം തന്റെ അന്ത്യശ്വാസം വരെ ഇക്ബാലിൽ കലർന്നിരുന്നു" എന്നു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ഇവിടെ അദ്ദേഹത്തിന്റെ രാജ്യമായി വിവക്ഷിക്കുന്നതു് ഇൻഡ്യയാണെന്നു തോന്നുന്നു. അങ്ങനെയാണെങ്കിൽ രാജ്യം അദ്ദേഹത്തിനെ മനസ്സിലാക്കാത്തതിനു് അവരെ അത്രവളരെ കുററപ്പെടുത്താനുണ്ടോ എന്നു സംശയിക്കുന്നു. അദ്ദേഹം ലോകപ്രസിദ്ധനായ ഒരു മഹാകവി; അദ്ദേഹത്തിന്റെ ഉന്നതാദർശങ്ങൾ പ്രചരിക്കുന്നതു് ഒരു വിദേശഭാഷയിൽ; അദ്ദേഹത്തിന്റെ തത്വങ്ങൾ ഞങ്ങളുടെ വിശ്വാസപ്രമാണങ്ങളോടു യോജിക്കാത്തവ; ഭാരതം അദ്ദേഹത്തെ വേണ്ടപോലെ മനസ്സിലാക്കി അഭിനന്ദിക്കുക എളുപ്പമാണോ?

മഹാകവിയുടെ കവനകലാകുശലതയെ വേണ്ടപോലെ ഗ്രന്ഥകർത്താവു് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചു കാണുന്നില്ല. അപൂർവ്വം ചില ഘട്ടങ്ങളിൽ മലയാളത്തിലേക്കു പകർത്തിയിട്ടുള്ളവയായിക്കാണുന്ന വരികൾക്കു മഹാകവിയുടെ ആശയങ്ങൾക്കുമായി എത്രത്തോളം പൊരുത്തമുണ്ടെന്നു നിർണ്ണയിക്കാൻ ഇവിടെ മാർഗ്ഗമില്ല. ഇതരഭാഷയിലെ ശൈലിയെ അപ്പടി മലയാളത്തിൽ പകർത്തിയിട്ടായിരിക്കാം, പലേടത്തും അർത്ഥക്ലേശം വരുന്നതു്. നോക്കുക.

1. യൂറോപ്യരുടെ അഗ്നിനാളം നനവുള്ളതാണു് (P. 78)

## കായകല്പചികിത്സയും യൌവ്വനോദ്ധാരണവും.

### ൧൨൨-ലെ സൂത്രക്കലണ്ടർ ഇനാം!

പണ്ഡിത മാളവ്യജിയും മലബാറിൽ വൈദ്യരത്നം വാരിയരവർകളും കായകല്പചികിത്സ നടത്തി അവരുടെ നഷ്ടപ്പെട്ട യൌവനം വീണ്ടെടുത്തതായും അതുകൊണ്ടു് അവൎണ്ണ്യമായ അനിതരസാധാരണ ഫലങ്ങളെപ്പററി പ്രശംസിക്കുന്നതായും പത്രങ്ങൾമുഖേന നിങ്ങളെവരും അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. ആയുൎവ്വേദത്തിന്റേയും ഭാരതത്തിലെ സിദ്ധൌഷധങ്ങളുടേയും അസാമാന്യഫലസിദ്ധിയുടെ ഉത്തമോദാഹരണമാണിതു്. എന്നാൽ വൈദ്യലോകത്തിൽ ആകമാനം ഇത്രവളരെ ആവേശം നൽകിയ ഈ കായകല്പചികിത്സാക്രമം ഇന്നോ ഇന്നലെയോ അടുത്തകാലത്തോ ഉണ്ടായ ഒരു നവീന ചികിത്സാസമ്പ്രദായമൊന്നുമല്ല എത്രയോ വർഷസഹസ്രങ്ങൾക്കുമുമ്പുതന്നെ ഉണ്ടായ അഷ്ടാംഗഹൃദയഗ്രന്ഥത്തിൽ കായകല്പചികിത്സയെപ്പററി സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. വാൎദ്ധക്യരോഗപീഡിതന്മാരായിരുന്ന അനേകം തപസ്വികളും രോഗികളും രസായനസേവചെയ്തുകൊണ്ടാണു് ദീൎഘകാലം മേധാസ്മൃതി ബലോപേതന്മാരായി ജീവിച്ചിരുന്നതു് എന്നു വൈദ്യശാസ്ത്രത്തിൽ പറയുന്നു. എന്നുതന്നെയല്ല, ദാമ്പത്യജീവിതത്തിൽ ഏൎപ്പെട്ടിരിക്കുന്നവരും വിശിഷ്യാ ധാതുക്ഷീണന്മാരും രസായനസേവചെയ്യണമെന്നും പറയുന്നു. അതുകൊണ്ടു് കൂടുതൽ ആരോഗ്യവും ശക്തിയും വേണമെങ്കിൽ നിശ്ചയമായും കായകല്പം കഴിക്കണം. ഇത്രവളരെ ഫലപ്രദമായ കായകല്പചികിത്സ നടത്തുവാൻ അതിന്റെ പണച്ചെലവും പത്ഥ്യാചരണവും നിമിത്തം സാധാരണക്കാൎക്കൊന്നും എളുപ്പം സാദ്ധ്യവുമല്ല. എന്നിരുന്നാലും സാധാരണക്കാൎക്കുപോലും വലിയ പണച്ചെലവോ പത്ഥ്യനിഷ്ഠകളോ കൂടാതെ കായകല്പസേവകൊണ്ടുണ്ടാകുന്ന ഗുണഗണങ്ങൾ അനുഭവിപ്പാനും ചില രഹസ്യസിദ്ധകല്പങ്ങൾ പുരാതനാചാൎയ്യന്മാർ കണ്ടുപിടിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള സിദ്ധയോഗങ്ങളിൽപെട്ട ഒന്നാണു് ഞങ്ങളുടെ കാമാനന്ദരസായനം രജിസ്റ്റേർഡ്. രണ്ടു പന്തീരാണ്ടുകാലമായി ഞങ്ങൾ ഈ സിദ്ധയോഗം കാലദേശപ്രകൃത്യാനുസരണം പരിഷ്കരിച്ചു തയ്യാർചെയ്തു് അനേകായിരം രോഗികൾക്കു കൊടുത്തുവരുന്നു. അന്നുമുതൽ ഇന്നുവരെ ഏററവും ഫലപ്രദമാണെന്നു് അനുഭവസ്ഥന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു് ഈ കാമാനന്ദരസായനം. കായകല്പചികിത്സകൊണ്ടുണ്ടാകുന്ന പ്രശസ്ത ഗുണങ്ങൾ മിക്കതും ഏവൎക്കും എളുപ്പത്തിൽ അനുഭവിക്കുവാനുള്ള ഏകമാൎഗ്ഗം, ഏക ഔഷധം, ഞങ്ങളുടെ ഈ രസായനമാണെന്നു് മഹാജനങ്ങളെ ഒന്നുകൂടി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

25 നാൾ ഡപ്പി ഒന്നുക്കു് 1 ക. 11 ണ. V. P. 8 ണ.

റാത്തൽ ഒന്നുക്കു് 5 ക. മാത്രം. വി. പി. അയച്ചും.

M. J. VAIDYAR (Regd. I. M. P.
Manaloor. (C. S)


2. സ്നേഹത്തിന്റെ സാരം അഹന്തയാകുന്നു. (P. 71)

3. ആശയാൽ ഹൃദയം മാറിടത്തിൽ നൎത്തനം ചെയ്യുന്നു. (143)

4. .........ഈ കാലഘട്ടം കാവ്യത്തിന്റെ ഭാവനാപരവും സൗന്ദൎയ്യപരവും ആയ വശങ്ങളെ ഉപദ്രവിക്കാതെയോ ഉപേക്ഷിക്കാതിരിക്കയോ ചെയ്യുന്നില്ല.

ഗ്രന്ഥകൎത്താവിന്റെ ഗദ്യശൈലി കുറെക്കൂടി ലളിതമായിരുന്നാൽ കൊള്ളാം എന്നു തോന്നുന്നു് കേവലം രുചിഭേദംകൊണ്ടാവാം. ലോകപ്രസിദ്ധനായ ഒരു മഹാകവിയുടെ ആശയങ്ങളേയും സിദ്ധാന്തങ്ങളേയും മലയാളികളെക്കൂടി പരിചയപ്പെടുത്താനുള്ള ശ്രമത്തിൽ ഗ്രന്ഥകൎത്താവു് കേരളീയരുടെ കൃതജ്ഞതയ്ക്കു് അൎഹനാണു്. അദ്ദേഹത്തിനു് സൎവ്വവിജയങ്ങളും സിദ്ധിക്കട്ടെ. (N. K. P.)

—*—

## ജയപ്രകാശ്.

(ഗ്രന്ഥകർത്താവു്—തെരുവത്തു് രാമൻ)

കീർത്തി നീർക്കുമിളപോലെയാണെന്നു ഷേക്സ്പീയർ പറഞ്ഞിട്ടുണ്ടു്. രാഷ്ട്രീയലോകത്തിൽ അതുവളരെ പരമാർത്ഥവുമാണു്. പൊതുജനങ്ങളുടെ രാഷ്ട്രീയാരാധനാമൂർത്തികൾ അടിക്കടി മാറിക്കൊണ്ടിരിക്കും. അക്കൂട്ടത്തിൽ യുവഭാരതത്തിന്റെ ആശകൾ ഇന്നു കേന്ദ്രീകരിച്ചിരിക്കുന്നതു് ജയപ്രകാശിലാണു്. അദ്ദേഹത്തിന്റെ കർമ്മകുശലത, ദരിദ്രജനാനുകമ്പ, വീര്യം മുതലായ വിശിഷ്ടഗുണങ്ങളെ സോദാഹരണം വിവരിക്കുന്ന ഒരു ലഘുഗ്രന്ഥമാണു് ജയപ്രകാശ്. ലളിതമായ ഭാഷയിൽ ഗ്രന്ഥകർത്താവു് പറയാനുള്ളതു് പറഞ്ഞിട്ടുണ്ടു്. പക്ഷേ ഈ ഗ്രന്ഥം വായിച്ചു തീരുമ്പോഴും ജയപ്രകാശിനെക്കുറിച്ചു് ഏതാണ്ടൊക്കെ അറിഞ്ഞു് എന്നൊരു സംതൃപ്തി വായനക്കാരനു് ഉണ്ടാകുമോ എന്നു് സംശയമാണു്. ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ അത്ര കുറവാണു്. രാഷ്ട്രീയപാപ്പരത്തം, പ്രവർത്തി (നാമരൂപം) എത്തുക മുതലായ പ്രയോഗങ്ങൾ തെക്കൻ വായനക്കാർക്കു് രസിക്കുമെന്നു തോന്നുന്നില്ല.

(N. K. P.)


## —ഉത്തമ സാഹിത്യഗ്രന്ഥങ്ങൾ—

**പുഷ്പകുമാരി.** (By Payyampallil)

വായനക്കാരെ പുളകംകൊള്ളിക്കുന്ന ഒരു സാമുദായിക നോവൽ. വില രൂ. 1. ണ. 8.

**ചന്ദ്രിക.** (By Payyampallil)

നവരസനിഷ്യന്ദിയായ ഒരു എതിരററ സാമുദായിക നോവൽ. വില രൂ. 1. ണ. 8.

**ശാരദ.** (By Payyampallil)

ശാരദ നോവലിന്റെ മൂന്നാമത്തെ പുതിയ രണ്ടാംഭാഗം: കൃഷ്ണമേനോൻ ശാരദയെ വിവാഹംചെയ്യുന്ന പ്രേമപൂർണ്ണമായ കഥ. വില രൂ. 1. ണ. 8.

**രക്തബാഷ്പം.** By Chalayil Ramakrishna Panicker, B. A.

ശോകാത്മകമായ ഒരു ചെറുകഥ. പ്രേമമധുരമായ പ്രതിപാദനരീതി. വില രൂപ 1.

**പ്രേമയാചകി.** (By K. M. N. Chettiar)

പരിഷ്കാരവും പണവുംപോരാ, പരിശുദ്ധമായ പ്രേമത്തിന്റെ സമ്മേളനംതന്നെ വേണം, ജീവിതയാഥാർത്ഥ്യത്തിൽകൂടി പുരോഗമിക്കുവാൻ എന്നു് പ്രേമയാചകി ലോകത്തെ പഠിപ്പിക്കുന്നു. വില രൂ. 1.

**ലളിത.** (By Parayil Shamsuddin)

ശോകസങ്കലമായ ഒരു പ്രണയകഥ. വില രൂ. 1. ണ. 8.

ഉടൻ ആവശ്യപ്പെടുക:—

മാനേജർ, വിദ്യാരംഭം ബുക്കുഡിപ്പോ,

മുല്ലയ്ക്കൽ—ആലപ്പുഴ.

# വഞ്ചീശദീപം.

(വയലാർ, ജീ. രാമവർമ്മ)

പുഞ്ചിരിക്കൊണ്ടു ദിഗന്തം—കാവ്യ
മഞ്ജീരശിഞ്ജിതം കേൾക്കെ!
കൂരിരുൾക്കോട്ടതകർന്നു—ജയ
ചാരുത നീളെപ്പരക്കെ!
മംഗല്യശംഖൊലികേട്ടു—ലോക-
മങ്കരൽപ്രേമപ്രഹർഷം!
അന്നാദ്യമായ് മന്നിൽവീശി—ഹരി-
ചന്ദന ഗന്ധസമീരൻ
അന്നാദ്യമായ്ക്കേട്ടു വിശ്വം—ധർമ്മ
മദ്ധ്യഹൃദന്തരസ്പന്ദം!
ദേശഹൃദയശതങ്ങൾ—പാടീ
മുഗ്ദ്ധമാം സ്വാതന്ത്ര്യഗാനം!
നിർവൃതിനീളെപ്പരത്തീ—സത്യ
ദിവ്യപ്രദീപപ്രകാശം!
മായാത്തനിദ്രയിൽനിന്നും—ലോക
മായാസഹീന മുണർന്നു!
കാമാന്ധ നീചാന്ധകാരം—ചേർത്ത
വ്യാമോഹമൂട്ടപടത്തെ,
മന്നിൽ നിന്നെന്നേ മറച്ചു—ചില
വെണ്മുകിൽ ദൈവികദൂതർ!
നിത്യചൈതന്യം പരത്തീ—വിണ്ണി-
ലെത്തിന രോമഹർഷങ്ങൾ!
പൊൽക്കതിർമുത്തുകൾ ചൂടി—കൊച്ചു
പുൽക്കൊടിച്ചാർത്തുകൾ കൂടി!
കൊച്ചലക്കൈകൾമലർത്തി—ധർമ്മ
വിജ്ഞാനഗംഗാപ്രവാഹം!
വഞ്ചിയെത്താങ്ങിയെടുത്തു—നിത്യ
കാഞ്ചനതീരമണച്ചു!
സ്വേച്ഛാപ്രഭുത്വം നടുങ്ങീ—സത്യ
ശാശ്വതഗീതങ്ങൾകേൾക്കെ!

ഞെട്ടിപ്പുകച്ചു വിറച്ചു—നാട്ടു
ചുട്ടെരിച്ചീടിന കൈകൾ

പൊന്നിൻകതിരുകൾപാകി—മന്നിൽ
മന്ദഹാസത്തിൻവെളിച്ചം!—,
ശ്രീവഞ്ചിരാജേന്ദ്രനേന്തും—പൊന്നു
ത്തൂവലിൻ നിത്യപ്രകാശം!!

ക്രൂരനാംജാതിപ്പിശാചിൻ—ചുട്ടു
ചോരയിൽത്തൂലിക മുക്കി,
ഒന്നു കുറിയ്ക്കവേ; വേഗം—മന്നിൽ
നിന്നുമൊളിച്ചിതധർമ്മം!
ഭ്രാന്താലയത്തിനെസ്വർഗ്ഗ—ദിവ്യ
ശാന്തിനികേതമായ്ത്തീർക്കും,
ആക്കാഞ്ചനത്തൂക്കരത്തിൽ—നിന്നു-
മാർക്കിന്നുസൌഖ്യം ലഭിക്കാ?

ഭാരതഭൂവിൻ സജീവ—പ്രേമ-
സാരത്തുടിപ്പുകളെല്ലാം,
ആ ജഗദീശനോടെന്നും—ഏവം
വ്യാജവിഹീനമിരക്കും:—

"വെൺകതിർക്കൈകളാലെന്നും—നവ്യ
മംഗലാനുഗ്രഹം നൽകാൻ,
നാരകീയാന്ധതയിങ്കൽ—പുണ്യ
നാകീയസൗഖ്യം പരത്താൻ,
ശ്രീയാർന്നുമിന്നിത്തിളങ്ങും—മേന്മേൽ
മായാതൊരാചന്ദ്രതാരം!
നീണാൾവിളങ്ങണേ മന്നിൽ—ഇന്നു
വേണാടണിയുമിദ്ദീപം!!"

# വിനോദവീഥി

## സരസൻ.

### വിശേഷഗുണം.

രണ്ടുപേർ തമിഴ്ബ്രാഹ്മണരുടെ വിശേഷഗുണങ്ങളെപ്പററി കൊണ്ടുപിടിച്ചു വാഗ്വാദം നടത്തുകയായിരുന്നു. ഒടുവിൽ ഒന്നാമൻ പറഞ്ഞു—അവരുടെ സ്ത്രീകളെത്തന്നെ നോക്കണം! എന്തിനും ശേഷിയുള്ളവർ, അടുക്കളജോലിക്കുപോലും മററാരും വേണ്ടാ തന്നെയല്ല—

രണ്ടാമൻ ഇടയിൽ കയറിപ്പറഞ്ഞു. അവക്കു മറെറാരു വിശേഷഗുണം കൂടിയുണ്ടു്.

ഒന്നാമൻ—എന്താണു്.

രണ്ടാമൻ—അവർ ഭർത്താവു മരിക്കുന്നതുവരെ പ്രസവിക്കുകയും പിന്നീടു മുട്ടയിടുകയും ആണു ചെയ്യുന്നതു്!

### അനുഭവമൂല്യം.

ട്രെയിനിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു രസികൻ, അടുത്തിരുന്ന അദ്ധ്യൻനമ്പൂതിരിയുടെ ദുസ്സഹഭാവവും കോപവുംമററും കണ്ടു രസിക്കുന്നതിനുവേണ്ടി സിഗററു വലിച്ചിട്ടു് അതിന്റെ പുക അദ്ദേഹത്തിന്റെ മുഖത്തേക്കു് അടിച്ചുവിട്ടു. അപ്പോൾ നമ്പൂതിരി ചോദിച്ചു "ഹേയ്, ആ പുകക്കററിക്കു് എന്താണു വില?

രസികൻ—ഒരണ.

ഉടൻതന്നെ നമ്പൂതിരി അര അണയെടുത്തു് രസികന്റെ നേരെ നീട്ടി.

രസികൻ—എന്തിനാണു തിരുമേനീ!

നമ്പൂതിരി—നല്ലിക്കു! അതിൽ പകുതി ഞാനാണു് അനുഭവിച്ചതു്. അതിന്റെ ചാർജ്ജ്.

—*—

# സൂക്തിമാല്യം.

## സത്യവും ഈശ്വരനും.

സത്യത്തെയല്ലാതെ ഒരീശ്വരനെ എനിക്കു സേവിക്കാനില്ല.

ഞാനൊരു നികൃഷ്ടനായേക്കാം. പക്ഷെ, സത്യം എന്നിലൂടെ സംസാരിക്കുമ്പോൾ, ഞാൻ അപ്രതിരോദ്ധ്യനാവും.

എന്നെസ്സംബന്ധിച്ചെടത്തോളം ഈശ്വരൻ സത്യവും സ്നേഹവുമാണു്; ഈശ്വരൻ ധർമ്മവും സദാചാരവുമാണു്; ഈശ്വരൻ നിർഭയത്വമാണു്. —ഗാന്ധിജി.

## ഗാന്ധിമഹാത്മാവിന്റെ അനുയായികൾ.

ഗാന്ധിമഹാത്മാവിന്റെ കാലടികളെ പിൻതുടരുന്ന ഞങ്ങൾക്കു് പൊതുവായി ഒരു ഗുണമുണ്ടു്.

ദരിദ്രന്മാരെ പിഴിഞ്ഞെടുത്തു് ഞങ്ങൾ കീശ വീർപ്പിച്ചിട്ടില്ല; ധനവാന്മാരുടെ മുമ്പിൽ മുട്ടുകുത്തിയിട്ടുമില്ല.

മുഷ്ടിചുരുട്ടി, ഭീകരമായി വടിയുംവീശി അവർ വിരട്ടാൻ വരുമ്പോൾ, പുഞ്ചിരിതൂകിക്കൊണ്ടു് ഞങ്ങൾ പറയും—

നിങ്ങളുടെ രക്തനേത്രങ്ങൾ ശിശുക്കളെ നിദ്രയിൽ നിന്നും ഉണർത്തിയേക്കും, എന്നാൽ ഭയപ്പെടാൻ തയാറില്ലാത്തവരെ നിങ്ങൾ എങ്ങനെ ഭയപ്പെടുത്തും?

ഞങ്ങളുടെ വാക്കുകൾ ലളിതവും വ്യക്തവുമാണു്. അർത്ഥത്തെ മറയ്ക്കാനുള്ള വക്രത അതിനില്ല; ശിക്ഷാനിയമങ്ങളെ സ്തംഭിപ്പിച്ചുകൊണ്ടു് കുററവാളികളെന്നു് സസുഖം കാരാഗാരകവാടത്തിലേക്കു് നയിക്കുന്നു.

അങ്ങനെ അവർ തുറുങ്കിന്റെ മുമ്പിൽ തിങ്ങിക്കൂടുമ്പോൾ, അപമാനകളങ്കത്തിൽ നിന്നും അവർ പരിശുദ്ധരായിത്തീരുന്നു, നൂററാണ്ടുകളായുള്ള പാദശൃംഖല തകർന്നു മണ്ണിൽപതിക്കുന്നു അവരുടെ ലലാടങ്ങളിൽ ഗാന്ധിജിയുടെ അനുഗ്രഹം തിളങ്ങുന്നു. —ടാഗോർ.

—*—

# S. T. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രസ്സ് ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം.

ഡിപ്പോ ബ്രാഞ്ചുകൾ:—
കൊല്ലം,
ആ ല പ്പു ഴ.

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ കാററലാഗിന്ന് എഴുതുക.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, എന്നീ ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജോലികളും

ആദായനിരക്കിൽ ആകർഷണീയമായ രീതിയിൽ

## കൃത്യസമയത്തു് ചെയ്തുകൊടുക്കപ്പെടും.

എന്ന്, മാനേജിംഗ് പ്രൊപ്രൈറ്റർ.

## ബൃഹൽസ്തോത്രരത്നാകരം.

(സാരാർത്ഥദർപ്പണം വ്യാഖ്യാനസഹിതം.)

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തെരഞ്ഞെടുത്തു് മലയാള വ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു്.

൧ ാംതരത്തിന്റെ വില രൂപാ ൩.   ൨-ാംതരത്തിന്റെ വില രൂപാ ൨൬.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

# VIDYABHIVARDHINI

License No. 455. Dated 28-11-1945 Reg. No. T. 116.

| വരിസംഖ്യ. | | പരസ്യക്കൂലി. | |
|---|---|---|---|
| | | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒരു വർഷത്തേക്ക് | 5 ബ്രി: രൂ. | മുഴുപ്പേജിന് 50 രൂ. | 8 രൂ. |
| ഒറ്റ പ്രതിക്ക് | 8 ണ. | അരപ്പേജിന് 30 ,, | 6 ,, |
| ഇൻഡ്യയ്ക്കു പുറമേ | 6 ബ്രി: രൂ. | കാൽപ്പേജിന് 20 ,, | 4 ,, |
| ,, ഒറ്റ പ്രതിക്ക് | 10 ണ. | | |

**ലേഖകന്മാരോട്:—**

ലേഖനങ്ങൾ കടലാസ്സിന്റെ ഒരു വശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സ്വീകാര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിനുവേണ്ടുള്ള സ്റ്റാമ്പ് അയച്ചിരിക്കേണ്ടതാണ്.

**വരിക്കാരോട്:**

ഇതുവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയോർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാട് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

അഡ്രസ്സിലേക്ക് അയക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണ്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണ്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം. മാസിക ഇംഗ്ലീഷ് മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,

വിദ്യാഭിവർദ്ധിനി, കൊല്ലം.

Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon.